
# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2020 ജൂലൈ 30 | ദീപം 53 | നാളം 13 | Published from : PALA | പേജ് 16 | വില 6 രൂപ | www.deepanalam.com


# മേലാളന്മാർക്കു ചവിട്ടിനില്ക്കാൻ ഞങ്ങളിനിയും കുനിഞ്ഞുകൊടുക്കണോ?






■ **ഇഗ്നേഷ്യസ് കലയന്താനി**

'**രാ**ഷ്ട്രീയസ്വാധീനത്തിൽ മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽ കയറിക്കൂടി രണ്ടു വർഷം പിന്നിടുന്നവർക്കുപോലും ആജീവനാന്തം പെൻഷൻ വാങ്ങാൻ അർഹതയുള്ള ഈ നാട്ടിൽ ആരോഗ്യമുള്ള കാലമത്രയും എല്ലുമുറിയെ പണിയെടുത്തു പൊതുജനത്തെ തീറ്റിപ്പോറ്റുന്ന കർഷകരും അസംഘടിതതൊഴിലാളികളും, അവർ വാർദ്ധക്യത്തിലേക്കു കടക്കുമ്പോൾ പ്രതിമാസം പതിനായിരം രൂപ പെൻഷൻ വേണമെന്നാവശ്യപ്പെടുന്നതിൽ എന്താണു തെറ്റ്?' ചോദ്യം വൺ ഇന്ത്യ വൺ പെൻഷനുവേണ്ടി ശബ്ദമുയർത്തുന്ന കൂട്ടായ്മയുടേത്. അറുപതു പിന്നിട്ട എല്ലാവർക്കും പ്രതിമാസം പതിനായിരം രൂപ ക്ഷേമപെൻഷൻ അനുവദിക്കണമെന്ന ആവശ്യമുയർത്തി ഇപ്പോൾ 'വൺ ഇന്ത്യ വൺ പെൻഷൻ' (ഒ.ഐ.ഒ.പി.) മൂവ്മെന്റ് സംസ്ഥാനത്ത് സജീവമായിരിക്കയാണ്. സാമൂഹിക മാധ്യമങ്ങളിലൂടെ ഒരുവിഭാഗം ആളുകൾ അതിനായി അഭിപ്രായരൂപീകരണം നടത്തി കർമ്മരംഗത്തിറങ്ങിക്കഴിഞ്ഞു.

എല്ലാ ജനവിഭാഗത്തിനും സാമൂഹികസുരക്ഷയും തുല്യനീതിയും ഉറപ്പാക്കണമെന്ന ഇച്ഛാശക്തി ഭരിക്കുന്നവർക്കുണ്ടെങ്കിൽ വൺ ഇന്ത്യ വൺ പെൻഷൻ പദ്ധതി നടപ്പിലാക്കാൻ ബുദ്ധിമുട്ടുണ്ടാവില്ല എന്നാണ് ഇതിനായി ശബ്ദമുയർത്തുന്നവർ പറയുന്നത്. എല്ലാവർക്കും വിദ്യാഭ്യാസവും തൊഴിലും ജീവിതോപാധിയും നൽകാൻ കഴിയുംവിധം ഭരണസംവിധാനത്തിൽ അഴിച്ചുപണി നടത്തണം.

വൺ ഇന്ത്യ വൺ പെൻഷൻ എന്ന ആവശ്യമുന്നയിച്ച് ഒരുസംഘം ആളുകൾ സോഷ്യൽ മീഡിയയിൽ കൂട്ടായ്മയുണ്ടാക്കി പ്രചാരണം തുടങ്ങിയിട്ടു മാസം രണ്ടു പിന്നിട്ടു. നാലരലക്ഷത്തിലേറെ ആളുകൾ ഇതിനോടകം ഗ്രൂപ്പിൽ അംഗങ്ങളായി.

▶08



# സ്വർണവർണങ്ങളിൽ മഞ്ഞളിക്കുന്ന ജനാധിപത്യം!



■ **ടോം ജോസ് തഴുവംകുന്ന്**

'**ജീ**വന്റെ വിലയുള്ള ജാഗ്രത'യുടെ നാളുകളിൽ തട്ടിപ്പുകളെക്കുറിച്ചുള്ള വാർത്തകളാണ് മേൽക്കോയ്മ നേടുന്നത്. തട്ടിപ്പുകളും അതിലുൾപ്പെട്ടവരും കുമിഞ്ഞുകൂടുമ്പോൾ പട്ടിണിപ്പാവങ്ങളെക്കുറിച്ച് ആരുചിന്തിക്കാൻ? മരണത്തിന്റെ വക്കോളമെത്തുന്ന വിശപ്പിന്റെ എരിച്ചിലടക്കാനായി ചില പലവ്യഞ്ജനങ്ങൾ എടുത്തതിനു മോഷണക്കുറ്റം ചുമത്തി അടിച്ചുകൊന്ന ആദിവാസിയെക്കുറിച്ചും ഈ ഡിപ്ലോമാറ്റിക് തട്ടിപ്പുകാലത്തു ചിന്തിക്കുന്നത് ഉചിതമായിരിക്കും. രാജ്യത്തെ സാധാരണക്കാർ റേഷൻകാർഡിന്റെ നിറത്തിനനുസൃതമായി റേഷൻ വാങ്ങാൻ ക്യൂ നില്ക്കുമ്പോൾ സ്വർണ്ണത്തിന്റെ ബാഗും കാത്തു നിൽക്കുന്നവരെക്കുറിച്ച് ജനാധിപത്യം വിലപിക്കുന്നു. സ്വാതന്ത്ര്യം ലഭിച്ചിട്ട് എഴുപത്തിമൂന്നു വർഷമാകുമ്പോഴും നാടാകെ ശൗചാലയം നിർമ്മിച്ചുനൽകിയതിന്റെ 'അഭിമാന'ത്തിലാണ് ജനാധിപത്യം?!

വിദ്യാഭ്യാസത്തിനും സംസ്കാരത്തിനും പേരുകേട്ട നാട്ടിൽ അഭ്യസ്തവിദ്യരെന്നു പറയുന്നവരുടെയോ ഉന്നതർ എന്നു പറയുന്നവരുടെയോ തട്ടിപ്പുകൾ കേട്ട് പാവം ജനം ഞെട്ടുകയാണ്. മഹാത്മജിയുടെ നാട്ടിൽ ഇന്നെന്താണു നടക്കുന്നത്? വികസ്വരരാജ്യമായിത്തുടരുന്ന ഭാരതത്തിൽ ദാരിദ്ര്യം മാറിയിട്ടില്ല. അടിസ്ഥാനസൗകര്യങ്ങളൊക്കെ ഓരോ തിരഞ്ഞെടുപ്പുകളിലെയും മോഹനസുന്ദരവാഗ്ദാനങ്ങൾ തന്നെയല്ലേ?

'കയറിക്കിടക്കാനൊരു കൂര' എന്നൊരു സ്വപ്നത്തിന്മേൽ അത്താഴപ്പട്ടിണിക്കാർ നാലുകുട്ട മണ്ണ് കൊണ്ടുവന്നിട്ടു പണി തുടങ്ങിയാൽ പരിസ്ഥിതിവാദമായി, നിയമലംഘനമായി. എങ്ങനെയെങ്കിലും കൂര 'സ്റ്റേ'യിലാകും, സ്വപ്നം ബാക്കിയാകും. ഇതുകൊണ്ടാകണം മഹാത്മാക്കൾ പറഞ്ഞത്, 'നിയമങ്ങൾ ചിലന്തിവലപോലെയാണ്, ചെറുപ്രാണികൾ കുടുങ്ങും, വലിയവ വലപൊട്ടിച്ചു കടന്നുകളയു'മെന്ന്. അന്വേഷണങ്ങൾ കാര്യക്ഷമമെന്നു തോന്നുമ്പോഴും ശിക്ഷാനടപടികൾ കുറ്റമറ്റതാണോ? 'മുഖം നോക്കാതെ'യെന്നു പറയുമ്പോഴും മുഖം നോക്കി മാത്രമാണ് കാര്യങ്ങൾ എന്നു സാധാരണക്കാർക്കു തോന്നും. ഉന്നതരുടെ അഴിമതിക്കഥകൾ അമ്പരപ്പോടെ മാത്രമേ കേൾക്കാനാവുകയുള്ളൂ.

പാതയോരത്ത് പെട്ടിക്കട നടത്തുന്നവരെയും പൊതുസ്ഥലത്തു ബീഡി വലിക്കുന്നവരെയും ഹെൽമറ്റ് ധരിക്കാത്തവരെയുമൊക്കെ ശിക്ഷിക്കുമ്പോൾ വലിയ നിയമലംഘനങ്ങൾ നടത്തുന്ന വമ്പന്മാർ ഒരു കൂസലും കൂടാതെ വിലസുന്നു. ജനാധിപത്യരാജ്യമാണെങ്കിലും പണാധിപത്യവും അധികാരാധിപത്യവും മേൽക്കോയ്മ നേടുന്നു.

വിദ്യാഭ്യാസവും ബന്ധങ്ങളും രാജ്യനന്മയ്ക്കായി ഉപയോഗപ്പെടുത്തേണ്ടവർ ലജ്ജാകരമായ ജീവിതവ്യാപാരങ്ങളിൽ ചെന്നുപെടുന്നത് എന്തുകൊണ്ടാണ്?

▶12

# ശാസ്ത്രപഥത്തിൽനിന്നുയർന്ന രാഷ്ട്രനായകൻ




ഡോ. സിറിയക് തോമസ്

**ഇന്ത്യയുടെ മുൻരാഷ്ട്രപതി ഡോ. എ.പി.ജെ. അബ്ദുൾ കലാം നമ്മെ വിട്ടുപിരിഞ്ഞിട്ട് ജൂലൈ 27 ന് അഞ്ചുവർഷം പൂർത്തിയാകുന്ന വേളയിൽ, മഹാത്മാഗാന്ധി സർവ്വകലാശാല മുൻവൈസ്ചാൻസിലർ ഡോ. സിറിയക് തോമസ് ആ മഹാനുഭാവനെ അനുസ്മരിക്കുന്നു.**

ഇന്ത്യ ഒരു പരമാധികാര റിപ്പബ്ലിക്കായിട്ട് എഴുപതു വർഷമായിരിക്കുന്നു. സപ്തതിയിലെത്തിയെന്നു സാരം. സ്വാതന്ത്ര്യലബ്ധിക്കും (1947) റിപ്പബ്ലിക്കിനുമിടയിൽ (1950) ഇന്ത്യയ്ക്ക് രണ്ടുപേർ രാഷ്ട്രത്തലവന്മാരായി. ബ്രിട്ടീഷ് ഇന്ത്യയുടെ അവസാനത്തെ വൈസ്രോയിയായിരുന്ന മൗണ്ട് ബാറ്റൺ പ്രഭുവാണ് സ്വതന്ത്രേന്ത്യയുടെ ആദ്യ ഗവർണർ ജനറലായത്. തുടർന്ന് സി. രാജഗോപാലാചാരി ഇന്ത്യയുടെ ഇന്ത്യക്കാരനായ ആദ്യ ഗവർണർ ജനറലും. റിപ്പബ്ലിക്കായതോടെ ഭരണഘടനാ നിർമ്മാണസമിതിയുടെ അധ്യക്ഷനായിരുന്ന ഡോ. രാജേന്ദ്രപ്രസാദ് പ്രസിഡന്റായി. ഡോ. രാധാകൃഷ്ണൻ ഉപരാഷ്ട്രപതിയും. 1962 വരെ അവർ രണ്ടുപേരും പരമോന്നതപദവികളിൽ തുടർന്നു. പിന്നീട് ഡോ. രാധാകൃഷ്ണൻ പ്രസിഡന്റായി. ഡോ. സക്കീർ ഹുസൈൻ ഉപരാഷ്ട്രപതിയും. ഒരാൾ തത്ത്വജ്ഞാനി, അപരൻ മഹാപണ്ഡിതനും. ഇന്ത്യ കണ്ട ഏറ്റവും മഹാനായ 'ജന്റിൽമാൻ' പ്രസിഡന്റ് ഡോ. സക്കീർ ഹുസൈനായിരുന്നുവെന്നാണ് വിലയിരുത്തപ്പെടുന്നത്. 1967 ൽ രാഷ്ട്രപതിയായ അദ്ദേഹം പക്ഷേ, കാലാവധി തികയ്ക്കും മുമ്പ് 1969 ൽ അന്തരിച്ചു. തുടർന്നുണ്ടായ രാഷ്ട്രപതി തിരഞ്ഞെടുപ്പ് ഭരണകക്ഷിയായ കോൺഗ്രസിനെത്തന്നെ പിളർത്തി. കോൺഗ്രസിന്റെ ഔദ്യോഗികസ്ഥാനാർത്ഥിയായിരുന്ന സഞ്ജീവ റെഡ്ഡിയെ, ഉപരാഷ്ട്രപതിസ്ഥാനം രാജിവച്ചു പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുടെ പിന്തുണയോടെ മത്സരിച്ച വി.വി. ഗിരി ചെറിയൊരു ഭൂരിപക്ഷത്തിനു തോല്പിച്ചതോടെ ഇന്ത്യയുടെയും കോൺഗ്രസിന്റെയും രാഷ്ട്രീയചരിത്രംതന്നെ മാറ്റിയെഴുതപ്പെടുകയായിരുന്നു. 1977 ൽ ജനതാപാർട്ടിസ്ഥാനാർത്ഥിയായി മത്സരിച്ച് സഞ്ജീവറെഡ്ഡി രാഷ്ട്രപതി പദവി നേടി. പിന്നീട് സെയിൽസിംഗും ഡോ. ശങ്കർദയാൽ ശർമ്മയും ആർ. വെങ്കിട്ടരാമനും കെ.ആർ. നാരായണനും ശേഷമാണ് ഡോ. ഏ.പി.ജെ. അബ്ദുൾകലാം ഒരു 'സർപ്രൈസ്' പ്രസിഡന്റായി രാഷ്ട്രപതി ഭവനിലെത്തുന്നത്. ബിജെപിയുടെ ഭരണകാലമായിരുന്നു അത്. വാജ്പെയ് പ്രധാനമന്ത്രി. അദ്വാനി ഉപപ്രധാനമന്ത്രിയും. ഇന്ദിരയുടെയും രാജീവ്ഗാന്ധിയുടെയും പ്രിൻസിപ്പൽ സെക്രട്ടറിയായിരുന്ന ഡോ. പി.സി. അലക്സാണ്ടറെയാണ് ആദ്യം ആലോചിച്ചത്. കോൺഗ്രസ് ശക്തമായ വിയോജിപ്പു പറഞ്ഞതോടെയാണ് ബി.ജെ.പി. പൊതുസ്ഥാനാർത്ഥിയെന്നമട്ടിൽ വിഖ്യാത ബഹിരാകാശശാസ്ത്രജ്ഞനായിരുന്ന കലാമിനെ കളത്തിലിറക്കിയത്. ഡോ. കലാമിനും തീർത്തും അപ്രതീക്ഷിതമായിരുന്നു രാഷ്ട്രപതിപദവിയിലേക്കുള്ള മാറ്റം. അവിവാഹിതനായിരുന്ന അദ്ദേഹത്തിന്റെ പ്രേമം മുഴുവനും ശാസ്ത്രത്തോടായിരുന്നുവെന്നതാണു സത്യം. എന്നാൽ, രാജ്യം വിളിച്ചപ്പോൾ കലാം രാഷ്ട്രപതി സ്ഥാനാർത്ഥിയാവുകയായിരുന്നു.

തമിഴ്നാട്ടിലെ ഒരു ഗ്രാമീണ നഗരമെന്നു പറയാവുന്ന രാമേശ്വരത്തു ജനനം. സാമ്പത്തികമായും വളരെ പിന്നാക്കമായിരുന്നു കലാമിന്റെ കുടുംബം. അവിടത്തെ സർക്കാർ സ്കൂളിൽ പ്രൈമറി വിദ്യാഭ്യാസം. പത്രം സൈക്കിളിൽ കൊണ്ടുനടന്നു വിതരണം ചെയ്താണ് കലാം കുടുംബത്തെ സഹായിച്ചത്. പിന്നീട് തിരുനെൽവേലിയിൽ ഹൈസ്കൂൾപഠനം. നടന്നുപോകാവുന്ന ദൂരമല്ലല്ലോ. ബോർഡിംഗിൽ നിൽക്കണം. അസാമാന്യമായ ആത്മവിശ്വാസത്തോടെ തിരുനെൽവേലിക്കു പുറപ്പെടുമ്പോൾ കലാമിന്റെ അമ്മ ഒരു തുണിക്കിഴി മകനു കൊടുത്തു. അതു തുറന്നുനോക്കിയപ്പോൾ മകൻ സ്തബ്ധനായി. 'ഇതു ഞാൻ പത്രം വിറ്റ വകയിൽ അമ്മയ്ക്കു തന്നിരുന്നതല്ലേ' എന്നു നിറകണ്ണുകളോടെ മകന്റെ ചോദ്യം. അമ്മ ചിരിയോടെ പറഞ്ഞത്രേ: "മകനേ, അമ്മമാർക്കു കൊടുക്കാനേ അറിയൂ." എന്നും അമ്മയായിരുന്നു ഡോ. കലാമിന്റെ ഹീറോ. പിന്നീട് പാളയംകോട്ടയിൽ ജസ്യൂട്ട് മിഷനറി വൈദികരുടെ വക കോളജിലായിരുന്നു പഠനം. തന്റെ സ്വഭാവരൂപവത്കരണത്തെ ഏറ്റവുമധികം സ്വാധീനിച്ചതു താൻ പഠിച്ച ക്രിസ്ത്യൻ വിദ്യാഭ്യാസസ്ഥാപനങ്ങളാണെന്നു പില്ക്കാലത്തു ഡോ. അബ്ദുൾകലാം സാക്ഷ്യപ്പെടുത്തുകയുണ്ടായി. കലാമിനുമുമ്പു രാഷ്ട്രപതിയായ കെ.ആർ. നാരായണനും താൻ പഠിച്ച കുറിച്ചിത്താനം ഗവൺമെന്റ് പ്രൈമറി സ്കൂളിനെയും ഉഴവൂരെ പള്ളിവക മിഡിൽ സ്കൂളിനെയും ഹൈസ്കൂൾ വിദ്യാഭ്യാസം നടത്തിയ കുറവിലങ്ങാട് സെന്റ്മേരീസ് സ്കൂളിനെയും ഇന്റർമീഡിയറ്റിനു പഠിച്ച കോട്ടയം സി.എം.എസ്. കോളജിനെയുമൊക്കെ എന്നും നന്ദിപൂർവ്വം ഓർമ്മിച്ചിരുന്നു.



കടുത്ത സാമ്പത്തികപ്രതിസന്ധികൾക്കിടയിലും ഡോ. കലാം പഠനം മുടക്കിയില്ല. സമർത്ഥനായിരുന്നതുകൊണ്ട് ഉപരിപഠനവേളയിൽ സ്കോളർഷിപ്പുകളും സഹായകമായി. എന്നും കലാമിനു ശാസ്ത്രത്തോടായിരുന്നു പഥ്യം. ഭൗമശാസ്ത്രജ്ഞനും അണുശക്തി വിദഗ്ധനുമായിരുന്ന ഡോ. ഹോമി ഭാഭയായിരുന്നു കലാമിന്റെ റോൾമോഡൽ. വസ്ത്രധാരണത്തിലും ഭക്ഷണകാര്യങ്ങളിലുമൊക്കെ തികഞ്ഞ ലാളിത്യം പുലർത്തിയ കലാമിനു പലപ്പോഴും പഥ്യമായിരുന്നതു റബർ ചപ്പലുകളായിരുന്നുവെന്നും കഥയുണ്ട്.

കാലങ്ങളായി കലാം വളർത്തിക്കൊണ്ടുവന്ന ഒന്ന് തന്റെ മുടിയായിരുന്നു. രാഷ്ട്രപതിസ്ഥാനാർത്ഥിയായതോടെ ഹെയർ സ്റ്റൈൽ മാറ്റണമെന്ന ഉപദേശം പലരും നൽകിയെങ്കിലും കലാം അതു മാറ്റാൻ തയ്യാറായില്ല. "ഇറ്റ് ഈസ് പാർട്ട് ഓഫ് മൈ അനാട്ടമി" എന്നായിരുന്നത്രേ ഉപദേശകരോട് കലാമിന്റെ മറുപടി.

ശാസ്ത്രജ്ഞൻ രാഷ്ട്രപതിയാകുന്നതിൽ സംശയിച്ചവർ ഒട്ടേറെയുണ്ടായിരുന്നു. ഭരണഘടനയും നയതന്ത്രവും രാഷ്ട്രീയവുമൊക്കെ കലാമിനു വഴങ്ങുമോ എന്നു പരസ്യമായിത്തന്നെ ചോദ്യമുയർത്തിയവരുമുണ്ട്. പക്ഷേ, ഇന്ത്യ കണ്ട ജനപ്രിയനായ രാഷ്ട്രപതിയാരെന്ന ചോദ്യത്തിനു താൻതന്നെയാണ് ശരിയുത്തരമെന്നു തെളിയിച്ച ശേഷമാണ് ഡോ. കലാം രാഷ്ട്രപതിഭവന്റെ പടിയിറങ്ങിയത്. പിന്നീട് അന്ത്യംവരെ അദ്ദേഹം രാഷ്ട്രത്തിന്റെ അധ്യാപകനുമായി.

ഇന്ത്യയിലെ യുവജനങ്ങൾക്കും ഹീറോയായത് ഡോ. കലാംതന്നെ. തന്റെ ആത്മകഥാപരമായ 'അഗ്നിച്ചിറകുകൾ' എന്ന ഗ്രന്ഥം യുവഭാരതം വേദഗ്രന്ഥംപോലെ സ്വീകരിച്ചു. യുവാക്കളോടും വിദ്യാർത്ഥികളോടും സ്വപ്നം കാണുവാൻ നിരന്തരം നിർബന്ധിച്ചുകൊണ്ടിരുന്ന രാഷ്ട്രപതി മാത്രമല്ല, യഥാർത്ഥ ഗുരുനാഥനുമായി അദ്ദേഹം.

എം.ജി. യൂണിവേഴ്സിറ്റിയിൽ ഞാൻ വൈസ് ചാൻസിലറാകുമ്പോൾ കെ.ആർ. നാരായണനായിരുന്നു പ്രസിഡന്റ്. കാലാവധി പകുതിയായപ്പോൾമുതൽ ഡോ. കലാമും. രണ്ടുപേരും ആ പദവിക്കു യോഗ്യരായിരുന്നുവെന്നു 'കർമ്മം' കൊണ്ടു തെളിയിച്ചവരും. കെ.ആർ. നാരായണനുമായി വ്യക്തിപരമായ അടുപ്പമുണ്ടാകുവാനിട വന്നിരുന്നു. എന്നാൽ, ഡോ. കലാമുമായി ഔപചാരികമായ ഇടപെടലുകളേ ഉണ്ടായിട്ടുള്ളു. പക്ഷേ, മറക്കാനാവാത്ത അനുഭവം തിരുപ്പതിയിൽവച്ച് 2003 ൽ നടന്ന അഖിലേന്ത്യാ വൈസ് ചാൻസലേഴ്സ് കോൺഫെറൻസാണ്. വൈസ് ചാൻസലറന്ന നിലയിൽ ഞാൻ പങ്കെടുത്ത വി.സി. മാരുടെ അവസാന സമ്മേളനവും അതായിരുന്നു. മുമ്പ്നടന്ന സമ്മേളനങ്ങളിൽനിന്ന് തിരുപ്പതി സമ്മേളനം വ്യത്യസ്തമായതു സമ്മേളനത്തിനു മൂന്നാഴ്ച മുമ്പ് വൈസ് ചാൻസലർമാർക്കെല്ലാം രാഷ്ട്രപതിയുടെ ഒരു കത്തു വന്നതോടെയാണ്. പത്തു ചോദ്യങ്ങൾ കത്തിനോടൊപ്പം വച്ചിരുന്നു. ഉത്തരങ്ങൾ തയ്യാറാക്കി വരണമെന്നും ഉദ്ഘാടനപ്രസംഗം കഴിഞ്ഞാലുടൻ ഒരു മണിക്കൂർ വി.സി.മാരുമായി സംവാദമായിരിക്കുമെന്നും തനിക്കു തോന്നുന്ന പത്തു വി.സി. മാരോടു താൻ ഉത്തരം തേടുമെന്നുമായിരുന്നു ഡോ. കലാമിന്റെ 'ഭീഷണിക്കത്ത്.'

സാധാരണമായി ഇത്തരം സമ്മേളനങ്ങൾ ഒരു മാമാങ്കമായി നടത്തുന്നതായിരുന്നു പതിവ്. ഉദ്ഘാടനച്ചടങ്ങിലും സമാപനത്തിലും പങ്കെടുക്കും. ഇടയ്ക്കുള്ള ചർച്ചകളിൽ പരമാവധി അമ്പതിനും നൂറിനുമിടയിൽ വി.സി.മാർ പങ്കെടുത്താൽ ഭാഗ്യം. മിക്കവരും സമ്മേളനസ്ഥലത്തിനടുത്തുള്ള സന്ദർശനപ്രധാനങ്ങളായ സ്ഥലങ്ങളിൽപ്പോവുക സെമിനാർ സമയങ്ങളിലാവും. അതു ചരിത്രസ്ഥലങ്ങളോ ക്ഷേത്രങ്ങളോ പള്ളികളോ എന്തുമാകാം. എല്ലാ വൈസ്ചാൻസിലർമാരും ഇതുപോലെ ഹോംവർക്കു ചെയ്തു പങ്കെടുത്ത ഒരു വൈസ്ചാൻസിലേഴ്സ് കോൺഫെറൻസ് തിരുപ്പതി സമ്മേളനത്തിനു മുൻപോ പിൻപോ ഉണ്ടായിട്ടുണ്ടാവുകയില്ല.

രാഷ്ട്രപതിയുടെ സാമാന്യം ദീർഘമായിരുന്ന ഉദ്ഘാടനപ്രസംഗം എല്ലാ വി.സി. മാരും ഉദ്വേഗത്തോടെ കേട്ടിരുന്നതു പിന്നീടുണ്ടാകാൻ പോകുന്ന ഡോ. കലാമിന്റെ ചോദ്യങ്ങളോർത്താണ്. അതിലായിരുന്നു കലാമിന്റെ ട്വിസ്റ്റ്! തന്റെ പ്രസംഗം കഴിഞ്ഞയുടൻ ഡോ. കലാം പറഞ്ഞു: "നിങ്ങളുടെ പ്രസിഡന്റ് ബുദ്ധിയില്ലാത്തവനാണെന്നു നിങ്ങൾ കരുതരുത്. നിങ്ങൾ എല്ലാ ചോദ്യങ്ങൾക്കും ഉത്തരം പഠിച്ചിട്ടാവും വന്നതെന്നു മനസ്സിലാക്കാൻ ഓക്സ്ഫോഡിലൊന്നും പോയി പഠിക്കേണ്ട ആവശ്യമില്ല. അതുകൊണ്ടു ചോദ്യോത്തരങ്ങളുമില്ല. നിങ്ങൾ നിങ്ങളുടെ സർവ്വകലാശാലയിൽ നിങ്ങളുടേതായി എന്തെങ്കിലും നടപ്പാക്കിയിട്ടുണ്ടെങ്കിൽ അതു പറയുക. ഞാൻ കേൾക്കാം."

പിന്നെ കാതടപ്പിക്കുന്ന കയ്യടിയായിരുന്നു. ഇന്ത്യയുടെ ചരിത്രത്തിലാദ്യമായി വൈസ് ചാൻസിലർമാരെക്കൊണ്ടു 'ഗൃഹപാഠം' ചെയ്യിപ്പിച്ചതിന്റെ ക്രെഡിറ്റും അങ്ങനെ ഡോ. അബ്ദുൾ കലാമിനായി. പ്രണാമം.

# പെരുമഴയും പെയ്തൊഴിയും



ഫാ. തോമസ് പാട്ടത്തിൽചിറ
സി.എം.എഫ്.

**ഇന്നലെ?**

ഇന്നലെകളിലെ അതിജീവനത്തിന്റെ അനുഭവങ്ങൾ മറക്കരുതാത്ത പല പാഠങ്ങളും മനുഷ്യനെ പഠിപ്പിക്കുന്നു. പെരുമഴയൊന്നുംതന്നെ പെയ്തൊഴിയാതിരുന്നിട്ടില്ല. മണ്ണിനെയും മലകളെയും മരങ്ങളെയും മനുഷ്യന്റെ മനശ്ശാന്തിയെയുമൊക്കെ കുത്തിയൊഴുക്കിക്കൊണ്ടുപോയ മഹാമാരികളൊക്കെയും ക്രമേണ തോർന്നുതീർന്നിട്ടേയുള്ളൂ. കത്തിക്കെടാത്ത കനലുകളും വീശിയൊടുങ്ങാത്ത വായുപ്രവാഹവും കയറിയിറങ്ങാത്ത കടലും തല്ലിത്തകരാത്ത തിരമാലകളും കറുത്തുവെളുക്കാത്ത മാനവും കലങ്ങിത്തെളിയാത്ത വെള്ളവും കരഞ്ഞുണങ്ങാത്ത കണ്ണുകളുമില്ല എന്നുള്ളത് പ്രപഞ്ചപുസ്തകത്തിലെ പ്രത്യാശയുടെ പാഠം. കരയെ കവർന്നു കൊന്ന കടൽക്ഷോഭങ്ങളും വഴികളെ പുഴകളാക്കിയ ജലപ്രളയങ്ങളും മലകളെ മാറ്റിവച്ച മണ്ണൊലിപ്പുകളും ഉയർച്ചകളെ താഴ്ചകളാക്കിയ ഉരുൾപൊട്ടലുകളും സകലതും താറുമാറാക്കി തൂത്തുവാരിയ ചുഴലിക്കാറ്റുകളുമൊക്കെ ഇന്നലെകളെ വല്ലാതെ വേദനിപ്പിച്ചെങ്കിലും അവയെയൊക്കെ അതിജീവിക്കാനുള്ള ആത്മവിശ്വാസവും പ്രത്യാശയും പ്രയത്നവും മനുഷ്യൻ കാട്ടിയിട്ടുണ്ട്. പ്ലേഗ്, നിപ്പ തുടങ്ങിയ പകർച്ചവ്യാധികൾ പരക്കെ വ്യാപിച്ച് അനേകം ജീവാപായങ്ങൾക്കു കാരണമായ കാലഘട്ടത്തിലും മനോധൈര്യം നഷ്ടപ്പെടാതെ മുന്നേറിയ ചരിത്രമാണ് അവന്റേത്.

**ഇന്ന്?**

കൊറോണ വൈറസ് അതിന്റെ സംഹാരതാണ്ഡവം ആടിക്കൊണ്ടിരിക്കുന്ന ആശങ്കാഭരിതമായ സാഹചര്യത്തിലൂടെയാണ് മനുഷ്യസമൂഹം കടന്നുപോകുന്നത്. സോപ്പിട്ടൊന്നു കഴുകിയാൽ നശിക്കാൻമാത്രം അല്പായുസ്സുള്ള അണുക്കളാണ് ലോകത്തിന്റെതന്നെ ആയുസ്സിനു ഭീഷണിയായി ഭവിച്ചിരിക്കുന്നത്. തത്ഫലമായി വിശ്വമൊന്നാകെ വീടിനുള്ളിൽ അടയ്ക്കപ്പെട്ടിരിക്കുന്നു. ഒരു മീറ്റർ അകലത്തിന്റെയും ഒരു കുഞ്ഞു മാസ്കിന്റെയും ഒരു കഷണം കൈത്തൂവാലയുടെയുമൊക്കെ പ്രസക്തിയും പ്രാധാന്യവും മനുഷ്യൻ മനസ്സിലാക്കിക്കൊണ്ടിരിക്കുന്ന കാലം. മനുഷ്യർക്കിടയിൽ പണ്ടുണ്ടായിരുന്നതും, പിന്നീട് നിർത്തലാക്കപ്പെട്ടതുമായ തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയുമൊക്കെ കാലങ്ങൾക്കുശേഷം വിലക്കുകൾ വകവയ്ക്കാതെ തിരിച്ചുവന്നപോലെ! മനുഷ്യഹൃദയങ്ങളെ അന്യോന്യം മറയ്ക്കുകയും പരസ്പരം ഹസ്തദാനം ചെയ്യാൻവരെ മടിക്കത്തക്കവിധം മനുഷ്യബന്ധങ്ങളെ തമ്മിൽ അനുദിനം അകറ്റിനിർത്തുകയാണ് കൊവിഡ് തീർത്തിരിക്കുന്ന കൊടിയ പേടിയുടെ കുറയാത്ത കോടമഞ്ഞ്. ലത്തീൻ ഭാഷയിൽ 'കിരീടം' എന്ന് അർത്ഥമുള്ള 'കൊറോണ'(CORONA) വിശ്വശിരസ്സിൽ ശരിക്കുമൊരു മുൾക്കിരീടംതന്നെ ചാർത്തിയിരിക്കുകയാണ്. രക്തച്ചൊരിച്ചിലില്ലാതെ ലക്ഷക്കണക്കിനു മനുഷ്യരെയാണ് ഈ രാക്ഷസ്സരോഗം നാളിതുവരെ ശ്വാസംമുട്ടിച്ചു കൊന്നൊടുക്കിയിട്ടുള്ളത്. അതിനെ തോല്പിച്ചു തുരത്താനുള്ള തത്രപ്പാടിൽ പാരിടമാകെ പടനിലത്തു പകച്ചു നില്ക്കുന്നു. വളർച്ചയുടെയും പുരോഗതിയുടെയും വിവിധ മേഖലകളെ കോവിഡിന്റെ കോപം ഹാനികരമായി ബാധിച്ചിരിക്കുകയാണ്. അരക്ഷിതമായ ഈ അവസ്ഥ എത്രകാലം നീണ്ടുപോകുമെന്നു നിശ്ചയമില്ലാതെ നാം പകച്ചു നില്ക്കുന്നു. നാനാവിധത്തിലുള്ള ഞെരുക്കങ്ങൾ കൂടി വരുമ്പോൾ പട്ടിണിയെക്കുറിച്ചുള്ള ഞെട്ടിപ്പിക്കുന്ന ചിന്തകളും മനുഷ്യമനസ്സുകളിൽ മുളപൊട്ടിത്തുടങ്ങിയിരിക്കുന്നു.

**ഇനി?**

പ്രശ്നകലുഷിതമാണ് കാലികാന്തരീക്ഷമെങ്കിലും, പ്രതീക്ഷയുടെ വെള്ളിവരപോലെ ചില ശുഭസൂചനകൾ വൈദ്യശാസ്ത്രരംഗത്തുനിന്നു വരുന്നത് സമാശ്വാസത്തിനു വക തരുന്നു. പകർച്ചവ്യാധിയെ പ്രതിരോധിക്കാനുള്ള പ്രതിവിധികളും ചികിത്സാസാധ്യതകളും കണ്ടെത്താനുള്ള ഗവേഷണപരിശ്രമങ്ങൾ താമസിയാതെ വിജയം കാണുമെന്നതാണ് അവയിൽ പ്രധാനം. അതോടൊപ്പം, ആഗോളതലത്തിൽ ആസൂത്രണം ചെയ്തു പ്രാവർത്തികമാക്കുന്ന എല്ലാ പ്രതിരോധയത്നങ്ങളും ഫലപ്രാപ്തിയിലെത്തുന്നുമുണ്ട്. ഈയൊരു വലിയ പ്രത്യാശയുടെ കച്ചിത്തുരുമ്പിലാണ് ജനരാശിയൊന്നടങ്കം പിടിമുറുക്കിയിരിക്കുന്നത്.

'ആശയങ്ങളാണ് ലോകത്തെ നയിക്കുന്നത്' എന്നതിനേക്കാൾ 'ആശയങ്ങളിൽ അടങ്ങിയിരിക്കുന്ന പ്രത്യാശയാണ് ലോകത്തെ നയിച്ചിരുന്ന പ്രചോദകശക്തി' എന്നതാണ് കൂടുതൽ വാസ്തവമായ വായന. പ്രത്യാശയുടെ അദൃശ്യമായ അച്ചുതണ്ടിലാണ് മനുഷ്യന്റെ മണവും പ്രകൃതിയുടെ പച്ചപ്പും പ്രാണന്റെ മിടിപ്പുമുള്ള ഈ പ്രപഞ്ചഗോളം പ്രദക്ഷിണം തിരിഞ്ഞുകൊണ്ടിരിക്കുന്നത്. പാർത്തലത്തിൽ പേരുമാത്രമായി അവശേഷിക്കുന്ന മറ്റു പല പകർച്ചദീനങ്ങളിലൊന്നായി കൊറോണയും എണ്ണപ്പെടും. അങ്ങനെ, അതിജീവനത്തിന്റെ അനുഭവങ്ങളും ആപത്തും അനുഭവങ്ങളുടെ ആവർത്തനവുമൊക്കെയുള്ള ഒരു പ്രതിഭാസചക്രത്തിലൂടെ മാത്രമേ മനുഷ്യകുലത്തിനു സഞ്ചരിക്കാനാകൂ. അവയുടെയൊക്കെ ഇടയിൽ അനുവദിച്ചുകിട്ടുന്ന ആയുസ്സിന്റെ ദൈർഘ്യം ശുഭാപ്തിവിശ്വാസത്തോടെ കഴിച്ചുകൂട്ടാൻ മനുഷ്യൻ പരിശ്രമിക്കണം. വിശ്വാസപൂർവ്വം ദൈവത്തെ വിളിച്ചപേക്ഷിക്കാൻ അവൻ സന്നദ്ധനാകണം. പ്രതികാരദാഹിയായ പ്രപഞ്ചശക്തിയെപ്പറ്റിയുള്ള പഴങ്കഥകളല്ല; പിന്നെയോ, പാലനപ്രിയനായ ദൈവത്തെക്കുറിച്ചുള്ള പുതുസാക്ഷ്യങ്ങളാണ് നാമിന്ന് ഉരുവിട്ടുപഠിക്കേണ്ടത്. കാരണക്കാരെ അന്വേഷിച്ച് ആരുടെയും നേർക്ക് കൈചൂണ്ടാനുള്ള നേരമല്ലിത്. പകരം, കരങ്ങൾ കോർത്തു പ്രവർത്തിക്കാനും പ്രാർഥിക്കാനുമുള്ളതാണ്. പ്രത്യാശയുടെ പ്രകാശം പാരാകെ പരക്കട്ടെ. ആഗതമായിരിക്കുന്ന അനർത്ഥങ്ങളെ അതിവേഗം അതിജീവിക്കാൻ ആഗോളജനതയ്ക്കാകട്ടെ.

■



# ജന്തുജന്യരോഗങ്ങൾ നിയന്ത്രിക്കപ്പെടണം

**ഹരിതപാഠം 28**



മാർ ജേക്കബ് മുരിക്കൻ

ലോകാരോഗ്യസംഘടന 2018 ഫെബ്രുവരിയിൽ മരുന്നോ വാക്സിനോ കണ്ടെത്തിയിട്ടില്ലാത്ത, അതിജാഗ്രത പുലർത്തേണ്ട എട്ടു രോഗങ്ങളുടെ പട്ടിക പ്രസിദ്ധീകരിക്കുകയുണ്ടായി. ഈ എട്ടു രോഗങ്ങളിൽ ഏഴും ജന്തുജന്യരോഗങ്ങളാണെന്നത് ഏറെ ഗൗരവമായി കാണേണ്ടതാണ്. കേരളത്തിൽ സമീപഭാവിയിൽ ഏറ്റവും കൂടുതൽ വ്യാപകമാകാൻ സാധ്യതയുള്ളത് നട്ടെല്ലുള്ള ജീവികളിൽനിന്നു മനുഷ്യനിലേക്കു പകരുന്ന രോഗങ്ങളായിരിക്കും. മനുഷ്യരിൽ മാത്രം ഒതുങ്ങിനിൽക്കുന്ന ഔഷധപ്രയോഗംകൊണ്ടും നിയന്ത്രണനടപടികൾകൊണ്ടും ജന്തുജന്യരോഗങ്ങളെ ഇല്ലാതാക്കാൻ സാധ്യമല്ല. അതിന് ആരോഗ്യവകുപ്പിന്റെയും മൃഗസംരക്ഷണവകുപ്പിന്റെയും വനം-പരിസ്ഥിതിവകുപ്പിന്റെയും കൂട്ടായ പ്രവർത്തനം ആവശ്യമാണ്. ഇതിനെയാണ് രോഗനിയന്ത്രണത്തിനായുള്ള 'വൺ ഹെൽത്ത്' അഥവാ 'ഏകാരോഗ്യസമീപനം' എന്നു പറയുന്നത്. നമ്മുടെ നാടിനെ രോഗവിമുക്തമാക്കാൻ മണ്ണിന്റെയും മനുഷ്യന്റെയും ജന്തുജാലങ്ങളുടെയും ആരോഗ്യം ഒരുപോലെ ഉറപ്പിക്കുന്ന 'വൺ ഹെൽത്ത്' എന്ന സമഗ്രസമീപനം അത്യാവശ്യമാണ്.

1998 ൽ മലേഷ്യയിൽ നിപ്പാ വൈറസ് രോഗബാധ ആദ്യമായി ഉണ്ടായപ്പോൾ മലേഷ്യൻ കാടുകളിൽ സർവ്വസാധാരണമായ പഴംതീനി വവ്വാലുകളാണ് ഉറവിടമെന്നു കണ്ടെത്തിയിരുന്നു. എൽനിനോ പ്രതിഭാസത്തെത്തുടർന്ന് മലേഷ്യൻ കാടുകൾ കരിഞ്ഞുണങ്ങിയപ്പോൾ ഫലവൃക്ഷങ്ങളും നശിക്കുകയുണ്ടായി. കാടുകൾ നശിച്ചപ്പോൾ നാട്ടിലുള്ള പന്നിവളർത്തൽ കേന്ദ്രങ്ങളിൽ ഇടതൂർന്നു വളർന്ന ഫലവൃക്ഷങ്ങളിലേക്കാണ് പഴംതീനി വവ്വാലുകൾ ചേക്കേറിയത്. മാരകവൈറസായ നിപ്പായുടെ വാഹകരായിരുന്നു ഈ വവ്വാൽക്കൂട്ടം. വവ്വാലുകളിൽനിന്നു പന്നികളിലേക്കും തുടർന്ന് പന്നിക്കർഷകരിലേക്കും ഈ രോഗം പകരുകയായിരുന്നു. വനനശീകരണംമൂലവും വന്യജീവികളുടെ സ്വാഭാവികാവാസകേന്ദ്രങ്ങളിലേക്കുള്ള മനുഷ്യന്റെ കടന്നുകയറ്റംകൊണ്ടും രോഗാണുക്കൾക്കു വളർത്തുമൃഗങ്ങളിലേക്കു പ്രവേശിക്കാനുള്ള സാഹചര്യമുണ്ടാകുന്നു. രോഗത്തിന്റെ ഉറവിടം കണ്ടെത്തുവാനായി വനമേഖലകളിലും പഠനവും നിരീക്ഷണവും ആവശ്യമാണ്.

കേരളത്തിൽ ഏറ്റവും കൂടുതൽ മരണകാരിയാകുന്ന ഒരു ജന്തുജന്യപകർച്ചവ്യാധിയാണ് എലിപ്പനി. പ്രത്യേകിച്ചു സുരക്ഷാനടപടികൾ ഒന്നും മുൻകൂട്ടി നടത്താത്ത സാധാരണ കർഷകത്തൊഴിലാളികളാണ് പെട്ടെന്ന് ഈ രോഗത്തിന് അടിമപ്പെടുന്നത്. രോഗലക്ഷണങ്ങളെക്കുറിച്ചും തുടക്കത്തിൽത്തന്നെയുള്ള ചികിത്സയെ സംബന്ധിച്ചും ആരോഗ്യവകുപ്പുദ്യോഗസ്ഥരും കൃഷിയിടങ്ങളിലെ മുൻകരുതലിനെക്കുറിച്ച് കൃഷിവകുപ്പുദ്യോഗസ്ഥരും ജനങ്ങൾക്കു വിശദീകരണം നൽകുന്നതു ഫലപ്രദമാണ്. രോഗപ്രതിരോധപ്രവർത്തനങ്ങളിൽ പരിസ്ഥിതിപ്രവർത്തകർക്കും കർഷകർക്കും മൃഗസ്നേഹികൾക്കും വളർത്തുമൃഗപരിപാലകർക്കുമെല്ലാം കൈകോർത്തു പങ്കുചേരാം. മനുഷ്യന്റെ ആരോഗ്യം സംരക്ഷിക്കാൻ നാം വസിക്കുന്ന പ്രകൃതിയുടെയും സംരക്ഷണം ഉറപ്പിക്കപ്പെടണം.



□

# ആഗ്രഹത്തെക്കാൾ അഭിരുചിയാണു പ്രധാനം



അഡ്വ. ചാർളി പോൾ

'സ്ഫടികം' എന്ന സിനിമയിലെ ചാക്കോ മാഷിനെയും 'ആടുതോമ'യെയും മലയാളികൾ മറക്കില്ല. 'ലോകത്തിന്റെ സ്പന്ദനം മാത്തമാറ്റിക്സിലാണെ'ന്നു വിശ്വസിച്ച ചാക്കോമാഷ് (തിലകൻ) മകനായ തോമസിനെ (മോഹൻലാൽ) കണക്കിൽ ഒന്നാമനാക്കാൻ നടത്തുന്ന ശ്രമങ്ങൾക്കൊടുവിൽ മകൻ വലിയൊരു തെമ്മാടിയായി മാറുന്നു. ആ കുട്ടി നടത്തുന്ന അസാധാരണമായ കണ്ടുപിടിത്തങ്ങളെ മനസ്സിലാക്കാനും അവന്റെ ബുദ്ധിയെ തിരിച്ചറിയാനും ചാക്കോമാഷിനു കഴിഞ്ഞില്ല. ഒരു ശാസ്ത്രജ്ഞനോ മറ്റോ ആകേണ്ടിയിരുന്ന ആ കുട്ടി വളർന്ന് 'ആടുതോമ'യായി മാറി. ഇതാണ് സിനിമയുടെ രത്നച്ചുരുക്കം. കേരളത്തിലെ രക്ഷിതാക്കളിൽ ചിലരെങ്കിലും തങ്ങളുടെ പൊങ്ങച്ചത്തിനുവേണ്ടി, കുട്ടികളുടെ അഭിരുചിയും താത്പര്യങ്ങളും പരിഗണിക്കാതെ അവരെ ബലിയാടാക്കുന്നുണ്ട്.



പ്രൊഫഷണൽ കോഴ്സ് പഠനം പാതിവഴിയിൽ ഉപേക്ഷിച്ചുപോകുന്ന കട്ടികളുടെ എണ്ണം കേരളത്തിൽ വർദ്ധിച്ചുവരികയാണ്. വിദ്യാർത്ഥിയുടെ താത്പര്യം, അഭിരുചി, മനോഭാവം, ലക്ഷ്യം, നൈപുണ്യം, ജോലിസാധ്യത, ഉപരിപഠനസാധ്യത, കോഴ്സിന്റെ ദൈർഘ്യം, കുടുംബത്തിന്റെ സാമ്പത്തികനില എന്നിവയ്ക്കനുസരിച്ചുള്ള കോഴ്സ് തിരഞ്ഞെടുത്താലേ ജീവിതത്തിൽ വിജയിക്കാനാവൂ. രക്ഷിതാക്കൾ ശാഠ്യംപിടിച്ച് അവരുടെ ആഗ്രഹം കുട്ടികളുടെ മേൽ അടിച്ചേല്പിക്കാൻ ശ്രമിക്കുമ്പോഴാണ് കാര്യങ്ങൾ തകിടംമറിയുന്നത്. ഉന്നത വിദ്യാഭ്യാസരംഗത്തേക്കു കുട്ടികൾ താത്പര്യത്തോടെ കടന്നുവരണം. അവരെ പരീക്ഷണമൃഗങ്ങളാക്കാൻ തുനിയരുത്. താത്പര്യമില്ലാത്ത കോഴ്സുകളിൽ ചേർന്ന് അവസാനം തൊഴിൽ കണ്ടെത്തുവാനാവാതെയും കണ്ടെത്തിയാൽത്തന്നെ മനസ്സിനിണങ്ങാത്ത തൊഴിൽ ചെയ്യേണ്ടതായും വരുന്ന ഗതികേടിൽ കുട്ടികൾ എത്തിച്ചേരരുത്. അവർ തിരഞ്ഞെടുക്കുന്ന മേഖലകളിൽ വിജയം വരിക്കാനും സ്വന്തം കരിയറിൽ സംതൃപ്തി നേടാനും കഴിയണം. മാത്തമാറ്റിക്സിലും ഫിസിക്സിലും അഭിരുചിയില്ലാത്തവരെ എഞ്ചിനീയറിംഗിനു ചേരാൻ നിർബന്ധിക്കരുത്. ബയോളജിയിൽ താത്പര്യമില്ലാത്തവരെ മെഡിക്കൽ, കാർഷിക, വെറ്ററിനറി കോഴ്സുകൾക്കു ചേർക്കരുത്.

പലതരം ബുദ്ധിശക്തികളുടെ (മൾട്ടിപ്പിൾ ഇന്റലിജൻസ്) ഒരു മിശ്രണമാണ് ഓരോരുത്തരിലുമുള്ളത്. അതിൽ ചിലതിനു മുൻതൂക്കം കൂടും. അതനുസരിച്ചാണ് അവരുടെ കഴിവും താത്പര്യവും രൂപപ്പെടുന്നത്. അതിനനുസരണമായി അവരുടെ പഠനതാത്പര്യവും പഠനരീതിയും വ്യത്യസ്തമായിരിക്കും. കുട്ടികളുടെ അഭിരുചിക്കനുസൃതമായി തുടർവിദ്യാഭ്യാസം നേടുകയും അതിനനുസൃതമായ ജോലികൾ സ്വീകരിക്കുകയുമാണു വേണ്ടത്. ആഗ്രഹത്തെക്കാൾ അഭിരുചിയാണു പ്രധാനം. ഒരു പ്രത്യേക വിഷയത്തിലുള്ള ഒരാളുടെ നൈസർഗ്ഗികമായ താത്പര്യത്തെയും അതിൽ കൂടുതൽ കഴിവാർജ്ജിക്കാനുള്ള അയാളുടെ സ്വാഭാവികമായ അഭിവാഞ്ഛയെയും അഭിരുചി (Aptitude) എന്നു വിളിക്കാം. അഭിരുചിക്കനുസരിച്ചു പഠിക്കാനാകുന്നതുകൊണ്ടാണ് ജർമനി, ഫിൻലന്റ് പോലെയുള്ള രാജ്യങ്ങൾ മനുഷ്യവിഭവശേഷിയുടെ ഉപയോഗത്തിലും സമഗ്രവികസനത്തിലും മുന്നിൽ നിൽക്കുന്നത്. ഇക്കാര്യത്തിൽ ശാസ്ത്രീയ സമീപനം അത്യാവശ്യമാണ്. കേരള ഹയർ സെക്കണ്ടറി ഡിപ്പാർട്ട്മെന്റിന്റെ കെ-ഡാറ്റ് (കേരള ഡിഫറൻഷ്യൽ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ്) എൽ-ക്യാറ്റ് (ലീഡ് കരിയർ അസസ്മെന്റ് ടെസ്റ്റ്) തുടങ്ങിയവ വിദ്യാർത്ഥികളുടെ അഭിരുചിക്കനുസരിച്ച് കോഴ്സുകൾ തിരഞ്ഞെടുക്കാൻ സഹായിക്കുന്ന ടെസ്റ്റുകളാണ്. തൊഴിൽസാധ്യത, സീറ്റ് ലഭ്യത എന്നിവയും പരിഗണിക്കണം. അഭിരുചി കണ്ടെത്താനുള്ള മനഃശാസ്ത്ര ടെസ്റ്റുകൾ വെബ്സൈറ്റുകളിലും ലഭ്യമാണ്.

സാമാന്യബുദ്ധിയിൽനിന്നു വ്യത്യസ്തമായി മറ്റേതെങ്കിലും രംഗത്ത് സാമർത്ഥ്യമോ നേട്ടമോ കൈവരിക്കാൻ സഹായിക്കുന്ന സവിശേഷമായ കഴിവാണ് അഭിരുചി. അതു കണ്ടെത്തി കൃത്യമായ ദിശയിലൂടെ നീങ്ങിയാൽ, കുട്ടിക്കു ലക്ഷ്യത്തിലെത്താനാകും. പരിചിതത്വവും സൂക്ഷ്മനിരീക്ഷണവും അഭിരുചി കണ്ടെത്താൻ സഹായിക്കും. വിദഗ്ദ്ധാഭിപ്രായം തേടുന്നതും നല്ലതാണ്. പരമ്പരാഗത കോഴ്സുകളെ മറികടന്ന് കൂടുതൽ തൊഴിൽസാധ്യതകളുള്ള പുത്തൻ കോഴ്സുകളാണ് പഠിക്കേണ്ടത്. തൊഴിലിലേക്കുള്ള വഴിയാണ് ഉപരിപഠനത്തിലൂടെ തുറക്കേണ്ടത്. ആധുനികജീവിതത്തിന്റെ വൈവിധ്യത്തിനനുസരിച്ച് കോഴ്സുകളും തൊഴിലുകളും അനവധിയാണ്. അവയിൽ യോജിച്ചത് ഏതെന്നു കണ്ടെത്തണം. മികച്ച പഠനസൗകര്യങ്ങളുള്ള സ്ഥാപനത്തിൽ പ്രവേശനം നേടണം. വിജയകരമായി കോഴ്സ് പൂർത്തിയാക്കി, പഠിച്ചതിനു യോജിച്ച തൊഴിൽ കിട്ടുകയും ചെയ്യുമ്പോൾ പഠനം അർത്ഥവത്താകും. അഭിരുചി, തൊഴിൽസാധ്യത എന്നീ ഘടകങ്ങൾ കൃത്യമായി പരിഗണിച്ച് ഉപരിപഠനം നടത്തിയാൽ മികച്ച കരിയർ ഉറപ്പാണ്. പക്ഷേ, അന്തിമതീരുമാനം കുട്ടിയുടേതു തന്നെയാകണം. □

വിജയകുമാരി ചാക്കോ

# ക്വാറന്റൈൻ കഴിഞ്ഞനേരം



മക്കളെയുംകൂട്ടി, ക്വാറന്റൈൻ കേന്ദ്രത്തിലേക്കു
പോകുമ്പോൾ തുണവന്നവരെന്നോടു ചോദിച്ചു:
"വീടില്ലേ?... വീട്ടിലൊരു മുറി കണ്ടെത്താനാവില്ലേ?"
രാവു പകലാക്കി, ചോര നീരാക്കി, ചെലവു ചുരുക്കി
പണിത, ചെറുതെങ്കിലും സുന്ദരമായൊരാ വീട്
മുമ്പിൽ പുഞ്ചിരിച്ചങ്ങനെ കണ്ടുവെങ്കിലും
കരുതിയദ്ദേഹം രോഗഭീഷണിയില്ലാതിരിക്കട്ടെ.
പിന്നെ, പ്രായമായോരച്ഛനുമമ്മയ്ക്കും മറ്റെല്ലാവർക്കും
'ടെൻഷനു'ണ്ടാക്കാതിരിക്കാനിവിടെത്തന്നെ നിൽക്കാം.
'നമുക്കു വീട്ടിൽപോകാ'മെന്നോതിയ മക്കളെ ചേർത്തു
പുണർന്നുകൊണ്ടോതി, 'ക്വാറന്റൈൻ കഴിയട്ടെ.'
നമുക്കു രോഗമില്ലെങ്കിലും നമ്മൾ 'കരുതേണ്ടേ'യിവിടം,
മഹാനഗരത്തിലെ കുടുസ്സുമുറിയേക്കാൾ ഭേദമല്ലേ?
നാഴികമണിതൻ സ്പന്ദനങ്ങളോരോന്നായെണ്ണി-
യിരുട്ടിനെ നോക്കി മിഴിച്ചങ്ങനെ കിടക്കുമ്പോൾ
ഉറങ്ങാതെ കണ്ട സ്വപ്നത്തിലദ്ദേഹവും ഞാനും
നട്ടുനനച്ചു, സ്നേഹത്തെളിനീരാൽ പൊൻവിത്തുകളോരോന്നായി
കിനാവുകളാൽ കൊരുത്തൊരാക്കൊതുകുവലത്തണലി-
ലെപ്പോഴോ നിദ്രതൻ കയത്തിൽ മുങ്ങിപ്പൊങ്ങി.
പ്രവാസമാം വനവാസത്തിൻ തുടർച്ചയായെത്തുമീ
'യജ്ഞാതവാസം' കാലത്തിൻ കാവ്യനീതിയോ...
ഭീതിവേണ്ടിനി വെളിച്ചത്തിലേക്കു നീങ്ങിനിൽക്കാമെന്നയറി-
വെൻ നെഞ്ചിലെ മഞ്ഞിനെയുരുക്കി ചുടുകണ്ണീരാക്കി.
മടക്കയാത്രതൻ തേരിലണയാനണഞ്ഞ തനയരെ ദൂരത്തുനിർത്തി-
യോതിയ'ദ്ദേഹം' ചാരത്തണയാതെ സൂക്ഷിക്കൂ, സാമൂഹികകലം പാലിക്കൂ.
വണ്ടി വഴിമാറിയോടിയപ്പോൾ വീണ്ടും... പതിയെപ്പറഞ്ഞു:
"നിൽക്കാം നിങ്ങൾക്കു കുറച്ചുനാൾ നിന്റെ വീട്ടിൽ, ഒരു ദിനം
ഞാൻ വരാം തിരികെ വിളിക്കാൻ... നോക്കട്ടെ..."
ഞങ്ങളച്ഛന്റെ കൂടെവരുന്നുവെന്നു കൊഞ്ചിപ്പറഞ്ഞ തൻ
മക്കളെ പാതയോരത്തിറക്കി മിഴിതാഴ്ത്തി വീണ്ടുംപറഞ്ഞു:
"നിങ്ങൾ ചെല്ലൂ, പോയിട്ടൊരത്യാവശ്യം വിളിക്കാം ഞാൻ..."
പൂർത്തിയാക്കാത്ത വാക്കുമായ് പാഞ്ഞുപോയൊരാ
വാഹനത്തിൻ നിഴൽനോക്കി മൂകമായ് നോക്കി നിൽക്കേ,
കണ്ടു വീണ്ടുമനുനയത്താൽ സ്വപത്നിയെയും തനയരെയു-
മുപേക്ഷിക്കുമാധുനികനരനെ ഭാവനയ്ക്കുമതീതമായ്.
സ്വഭവനത്തിൻ മതിലുകളൊക്കെ ഭീമാകാരംപൂണ്ടു മുൻപിൽ
തെല്ലും സ്വാഗതമോതിയില്ലീ താഴിട്ടു പൂട്ടിയ പുമുഖവാതിൽ.
തിരികെ നടക്കുമ്പോൾ... ദീർഘമായ് നീളുമീ...
പാതതന്നവസാനമെന്തെന്നറിയാതെ
പകച്ചുനില്പൂ... ഞാനുമെൻ മക്കളും....

ദീപനാളം

ചീഫ് എഡിറ്റർ : റവ. ഫാ. കുര്യൻ തടത്തിൽ
അസോസിയേറ്റ് എഡിറ്റർ : റവ. ഫാ. ജോസഫ് തെരുവിൽ

**നിങ്ങൾ എപ്പോഴും നമ്മുടെ കർത്താവിൽ സന്തോഷിക്കുവിൻ; ഞാൻ വീണ്ടും പറയുന്നു, നിങ്ങൾ സന്തോഷിക്കുവിൻ.**

ഫിലിപ്പി 4:4

**എഡിറ്റോറിയൽ**

# കൊവിഡ് പ്രതിരോധത്തിന് സ്വകാര്യമേഖലയെ പങ്കെടുപ്പിക്കണം

**ലോ**കത്ത് കൊവിഡ് ബാധിതരുടെ എണ്ണം ഒന്നരക്കോടിയിലേക്കടുക്കുകയാണ്. രോഗികളുടെ എണ്ണത്തിലും മരണനിരക്കിലും യു.എസ്., ബ്രസീൽ എന്നീ രാജ്യങ്ങൾ ആദ്യ രണ്ടു സ്ഥാനങ്ങളിൽ തുടരുമ്പോൾ, എണ്ണത്തിന്റെ കാര്യത്തിൽ മൂന്നാമതും മരണനിരക്കിൽ ഏഴാമതുമെത്തിനില്ക്കുന്നു നമ്മുടെ ഇന്ത്യ. കൊവിഡ് മഹാമാരി തീവ്രവ്യാപനത്തിന്റെ വക്കിലെത്തിനില്ക്കുമ്പോൾ വരാനിരിക്കുന്ന നാളുകളിൽ നേരിടേണ്ടിവരുന്ന അവസ്ഥ പ്രവചനാതീതമാവുകയാണ്.

സംസ്ഥാനത്തു സമ്പർക്കത്തിലൂടെ കൊവിഡ് ബാധിതരുടെ എണ്ണം നിയന്ത്രണാതീതമായുയരുന്ന പ്രതിദിനവാർത്തകൾ ആശങ്കയ്ക്കപ്പുറം അതിജാഗ്രത ആവശ്യപ്പെടുന്നവയാണ്. വൈറസിന്റെ ഉറവിടം സ്ഥിരീകരിക്കാൻപോലും കഴിയാത്തവിധം രോഗികളുടെ എണ്ണം വർദ്ധിക്കുന്നതിനാൽ സംസ്ഥാനത്തു സമൂഹവ്യാപനം നടക്കുന്നുണ്ടെന്ന് ഒരു മാസം മുമ്പേ മെഡിക്കൽവിദഗ്ധസംഘം മുഖ്യമന്ത്രി പിണറായി വിജയനെയും ബന്ധപ്പെട്ടവരെയും അറിയിച്ചിരുന്നതാണ്. സംസ്ഥാനത്തു രോഗപരിശോധന പരമാവധി വർദ്ധിപ്പിക്കാനും രോഗികൾക്ക് ഏറ്റവും മികച്ച ചികിത്സ ലഭ്യമാക്കാനും സമൂഹവ്യാപനസാധ്യത മനസ്സിൽക്കണ്ടുകൊണ്ടുള്ള സജ്ജീകരണങ്ങളൊരുക്കാനും സർക്കാർ സർവ്വശക്തിയുമുപയോഗിച്ചു രംഗത്തിറങ്ങിയില്ലെങ്കിൽ, വിലപ്പെട്ട മനുഷ്യജീവനുകളാണ് വരുംനാളുകളിൽ നമുക്കു നഷ്ടപ്പെടുന്നത്!

സ്വകാര്യമേഖലയിലെ ആശുപത്രികൾക്ക് കൊവിഡ് ചികിത്സയ്ക്കായി അനുമതി നല്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചെങ്കിലും, വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ ഇതുവരെ ഉണ്ടായിട്ടില്ല. കേരളത്തിന്റെ ആരോഗ്യമേഖലയിൽ അറുപതു ശതമാനത്തിലധികവും സ്വകാര്യമേഖലയിലാണെന്നിരിക്കെ, സർക്കാർ മേഖലയിലെ ആരോഗ്യപ്രവർത്തകരിൽമാത്രം പ്രതിരോധപ്രവർത്തനം ഒതുക്കിനിർത്തുന്നതിന്റെ 'രാഷ്ട്രീയം' ജനസാമാന്യത്തിനു മനസ്സിലാകുന്നില്ല. ഡോക്ടർമാരും നഴ്സുമാരും മറ്റ് ആശുപത്രിജീവനക്കാരും ക്വാറന്റീനിൽ പോകേണ്ടിവരുന്ന അവസ്ഥ സംസ്ഥാനത്തെ ചികിത്സാമേഖലയിൽ പരിഭ്രാന്തി സൃഷ്ടിക്കുന്നുണ്ട്. മാത്രമല്ല, ഡോക്ടർമാരുൾപ്പെടെയുള്ള നൂറ്റിയമ്പതിലധികം ആരോഗ്യപ്രവർത്തകർ കൊവിഡ് ബാധിതരാവുകയും ചെയ്ത പശ്ചാത്തലത്തിൽ, സ്വകാര്യമേഖലയെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് കൊവിഡിനെതിരെയുള്ള തുറന്ന പോരാട്ടത്തിന് സർക്കാർ തയ്യാറാവുകയാണു വേണ്ടത്.

ആരോഗ്യപ്രവർത്തകരെ എന്തു വിലകൊടുത്തും സംരക്ഷിക്കേണ്ടത് നാമോരോരുത്തരുടെയും ഉത്തരവാദിത്വമാണ്. ആരോഗ്യപ്രവർത്തകരുടെ എണ്ണം കൂട്ടുന്നതോടൊപ്പം, അവർക്കാവശ്യമായ പിപിഇ കിറ്റ്, എൻ 95 മാസ്ക് തുടങ്ങിയവ ലഭ്യമാക്കാനും സർക്കാർ അടിയന്തരശ്രദ്ധ പുലർത്തണം. സാലറി ചലഞ്ചിൽനിന്ന് ഒഴിവാക്കിയും റിസ്ക് അലവൻസ് അനുവദിച്ചും അവർക്ക് പ്രത്യേക കരുതലും നല്കാവുന്നതാണ്.

ലോക്ഡൗൺ കാലത്ത് ആരോഗ്യമേഖലയിൽ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുമെന്നായിരുന്നു സർക്കാരിന്റെ വാഗ്ദാനം. രോഗികളുടെ എണ്ണം ക്രമാതീതമായി ഉയരുന്നതുമൂലം മതിയായ കിടക്കകളുടെ അഭാവം വലിയ പ്രതിസന്ധി സൃഷ്ടിക്കും. പരിശോധനാഫലം വൈകുന്നതുമായി ബന്ധപ്പെട്ട വലിയ ആക്ഷേപങ്ങളാണ് ഉയർന്നുകേൾക്കുന്നത്. രോഗവ്യാപനം രൂക്ഷമായ തലസ്ഥാനത്ത് അഞ്ചു ദിവസത്തിനുശേഷമാണ് ഫലമറിയുന്നത്. മറ്റുചില മേഖലകളിൽ പത്തുദിവസംവരെ വൈകുന്നു. ഇത് സമൂഹവ്യാപനത്തിനു വഴിയൊരുക്കുന്നു.

കൊവിഡ് ബാധിച്ചു മരിച്ചവരുടെ ഫലം ഔദ്യോഗികമായി സ്ഥിരീകരിക്കുന്നതിനു ദിവസങ്ങളെടുക്കുന്നതിനാൽ സംസ്കാരവുമായി ബന്ധപ്പെട്ടുള്ള തർക്കങ്ങൾക്കും ആക്ഷേപങ്ങൾക്കും കേരളം സാക്ഷിയായി. മരിച്ചവരുടെ സ്രവപരിശോധന അടിയന്തരമായി നടത്തുന്നതിന് ദുരന്തനിവാരണ അതോറിറ്റിയും ആരോഗ്യവകുപ്പും സംവിധാനമുണ്ടാക്കേണ്ടതാണ്. കൊവിഡ് ബാധിച്ചു മരിച്ചവർക്ക് അവരുടെയും ബന്ധുക്കളുടെയും വിശ്വാസാചാരങ്ങൾക്കനുസൃതം സംസ്കാരശുശ്രൂഷകൾ നടത്താൻ സാധിക്കാത്തതും, ഭയവും അന്ധവിശ്വാസങ്ങളും സ്വാധീനമുറപ്പിക്കുന്നതും പ്രബുദ്ധകേരളത്തിന് അപമാനമാണെന്നുമാത്രം പറയേണ്ടിയിരിക്കുന്നു. ■



# തിരുനാൾ ആശംസകൾ

**ജൂലൈ 25-ന് നാമഹേതുകത്തിരുനാൾ ആഘോഷിക്കുന്ന അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവിന് 'ദീപനാള'ത്തിന്റെ പ്രാർത്ഥനാനിർഭരമായ മംഗളാശംസകൾ!**

# രാമപുരം മാർ ആഗസ്തീനോസ് കോളജ് രജതജൂബിലിനിറവിൽ

**ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ**




**കേ**രളത്തിന്റെ വിദ്യാഭ്യാസരംഗത്തു ശ്രദ്ധേയമായ സംഭാവനകൾ നല്കിക്കൊണ്ടിരിക്കുന്ന രാമപുരം മാർ ആഗസ്തീനോസ് കോളജ് രജതജൂബിലിനിറവിലെത്തിയിരിക്കുന്നു.

1450 ൽ സ്ഥാപിതമായ രാമപുരം സെന്റ് അഗസ്റ്റിൻസ് ഫൊറോനപ്പള്ളിയുടെ മാനേജുമെന്റിൽ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയോട് അഫിലിയേറ്റു ചെയ്ത മാർ ആഗസ്തീനോസ് കോളജ് 1995 ലാണ് സ്ഥാപിതമായത്. കേവലം നാലു കോഴ്സുകളിലായി (BBA, BCA, BCom & BSc Electronics) ഏകദേശം 130 കുട്ടികളുമായി ആരംഭിച്ച ഈ കലാശാലയിൽ ഇന്ന് 1700 ഓളം കുട്ടികൾ 14 കോഴ്സുകളിലായി അധ്യയനം നടത്തിവരുന്നു.

1994 സെപ്റ്റംബറിൽ അന്നത്തെ വികാരിയായിരുന്ന റവ. ഫാ. അഗസ്റ്റിൻ പെരുമറ്റത്തിന്റെ അധ്യക്ഷതയിൽ ചേർന്ന പൊതുയോഗമാണ് രാമപുരത്ത് ഒരു കോളജ് സ്ഥാപിക്കണമെന്ന തീരുമാനമെടുത്തത്. അതിനായുള്ള പ്രവർത്തനങ്ങൾക്കായി വികാരിയച്ചന്റെ നേതൃത്വത്തിൽ ടി.ജെ. ജോസഫ് മുണ്ടയ്ക്കൽ, പി.ജെ. ജോൺ പുതിയിടത്തുചാലിൽ, ഷാജി അഗസ്റ്റിൻ ആറ്റുപുറത്ത്, വി.സി. സെബാസ്റ്റ്യൻ വാലുമ്മേൽ, കെ.എ. തോമസ് കോലത്ത്, എം.എ. എബ്രാഹം മേലേവീട്ടിൽ എന്നിവരടങ്ങിയ കമ്മിറ്റിയെയും തിരഞ്ഞെടുത്തു.

Lighted to Enlighten എന്ന കോളജിന്റെ മോട്ടോ നിർദ്ദേശിച്ചത് വൈസ്പോസ്റ്റുലേറ്ററായിരുന്ന റവ. ഡോ. ജേക്കബ് വെള്ളരിങ്ങാട്ടാണ്. 1995 ജൂലൈ 31 നു രാമപുരം ആഗസ്തീനോസ് കോളജിൽ ആദ്യമായി റെഗുലർ ക്ലാസ്സുകൾ ആരംഭിച്ചു. ആദ്യ പ്രിൻസിപ്പലായി ഡോ. പി.ജെ. സെബാസ്റ്റ്യൻ പാമ്പയ്ക്കൽ ചുമതലയേല്ക്കുകയും ചെയതു. കോളജിന്റെ ഔപചാരികമായ ഉദ്ഘാടനം 1995 നവംബർ 4 നു ബിഷപ് മാർ ജോസഫ് പള്ളിക്കാപറമ്പിലിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ റവന്യൂവകുപ്പുമന്ത്രിയായിരുന്ന കെ.എം. മാണിയും നിർദ്ദിഷ്ട കോളജ് കെട്ടിടത്തിന്റെ ശിലാസ്ഥാപനം മേഘാലയ ഗവർണർ എം.എം. ജേക്കബും നിർധനരായ വിദ്യാർത്ഥികൾക്കായുള്ള സ്കോളർഷിപ്പ് ഉദ്ഘാടനം പി.സി. തോമസ് എം.പി.യും നിർവ്വഹിച്ചു.

1996 ഫെബ്രുവരിയിൽ റവ. ഫാ. സിറിയക് കുന്നേൽ വികാരിയും മാനേജരുമായി ചാർജെടുത്തു. ആദ്യത്തെ പ്രിൻസിപ്പൽ 1998 ൽ വിരമിച്ചതിനുശേഷം ചാർജെടുത്ത പ്രഫ. മാത്യു ടി. മാതേക്കൽ 2001 വരെ സേവനമനുഷ്ഠിച്ചു. പിന്നീടു മാനേജരായിരുന്ന റവ. ഫാ. മാത്യു നരിവേലിയും കോളജിന്റെ പ്രവർത്തനങ്ങളിൽ ഏറെ ശ്രദ്ധാലുവായിരുന്നു.

കോളജ് വളർച്ചയുടെ അടുത്ത ഘട്ടമെത്തി. ഇതിന്റെ ഔദ്യോഗികോദ്ഘാടനം 2003 ജനുവരി 3 ന് അന്നു മുഖ്യമന്ത്രിയായിരുന്ന എ.കെ. ആന്റണിയാണ് നിർവ്വഹിച്ചത്. അന്നത്തെ മേഘാലയ ഗവർണർ ഡോ. എം.എം. ജേക്കബ്, മന്ത്രിമാരായ നാലകത്തു സൂപ്പി, കെ.എം. മാണി എന്നിവർ വിശിഷ്ടാതിഥികളായിരുന്നു. പാലാ രൂപതയുടെ അന്നത്തെ അദ്ധ്യക്ഷൻ മാർ ജോസഫ് പള്ളിക്കാപറമ്പിൽ യോഗത്തിൽ അധ്യക്ഷത വഹിച്ചു.

2009 മുതൽ 2019 വരെ മാനേജരായിരുന്ന റവ. ഡോ. ജോർജ് ഞാറക്കുന്നേലിന്റെ നേതൃത്വത്തിൽ കോളജിന്റെ യശസ്സും അഭിമാനവും നാൾക്കുനാൾ ഉയരുകയായിരുന്നു. റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേലാണ് ഇപ്പോഴത്തെ മാനേജർ. ഡോ. ജോസഫ് വി.ജെ. 2001 മുതൽ കഴിഞ്ഞ പത്തൊമ്പതു വർഷം കോളജിന്റെ പ്രിൻസിപ്പലായി സേവനമനുഷ്ഠിക്കുകയുണ്ടായി. തുടർന്ന് ഡോ. ജോയി ജേക്കബ് പ്രിൻസിപ്പലായി ചാർജെടുത്തു. ഫാ.ജോസഫ് ആലഞ്ചേരിയാണ് 2010 മുതൽ വൈസ് പ്രിൻസിപ്പൽ.

അക്കാദമിതലത്തിലും മറ്റിതരതലങ്ങളിലും നേട്ടങ്ങളുടെ കൊയ്ത്തുത്സവങ്ങൾ ആഘോഷിക്കുന്ന ഈ കോളജിലെ വിദ്യാർത്ഥികൾ പലരും ഇന്നു വിവിധ രംഗങ്ങളിൽ ഉയർന്ന ശിരസോടെ നിൽക്കുന്നുവെന്നത് ഏറെ അഭിമാനകരമാണ്. ഇതിനോടകം വിവിധ വിഷയങ്ങളിലായി 80 യൂണിവേഴ്സിറ്റി റാങ്കുകൾ ഈ കലാലയം കരസ്ഥമാക്കിക്കഴിഞ്ഞു. മാനേജരുടെയും പ്രിൻസിപ്പലിന്റെയും നേതൃത്വത്തിൽ ഒരുമയോടെ സേവനമനുഷ്ഠിക്കുന്ന അധ്യാപകരും ഓഫീസ് സ്റ്റാഫും പി.റ്റി.എ യും കോളജിന്റെ വിജയത്തിനുപിന്നിൽ പ്രവർത്തിക്കുന്ന നിർണായക ശക്തികളാണ്.

കോളജിന്റെ രക്ഷാധികാരിയും പാലാ രൂപതാദ്ധ്യക്ഷനുമായ മാർ ജോസഫ് കല്ലറങ്ങാട്ടു പിതാവും മാർ ജേക്കബ് മുരിക്കൻപിതാവും കോളജിന്റെ ദൈനംദിന പുരോഗതിയിൽ എപ്പോഴും ശ്രദ്ധാലുക്കളാണ്.


BBA, BCA, BSc Electronics, BSc Biotechnology, BCom Co-operation, BCom F& T, BA Communicative English, MSc Computer Science, MSc Electronics, MSc Biotechnology, MSW, MHRM, MCom & MA English എന്നിവയാണ് കോളജിലെ നിലവിലുള്ള കോഴ്സുകൾ.

ചരിത്രാഖ്യാനം

# ദൈവദൂതന്മാരുടെ രാജകുമാരൻ

പി.സി. എറികാട്

റോമിലെ ഏഴുകുന്നുകളെയും തഴുകിയിറങ്ങിയ താഴ്വരയിലെ സായാഹ്നക്കാറ്റിന് അസാധാരണമായ ചൂടായിരുന്നു. അതിമനോഹരമായ ഒറിയ ഉദ്യാനത്തിലെ മണിമേടയിൽ യൗവനകൗതുകമായി വീണ വായിച്ചുകൊണ്ടിരുന്ന നീറോ ചക്രവർത്തി അതറിഞ്ഞതേയില്ല. നുരയുന്ന വീഞ്ഞു നുകർന്ന് സുഖദമായ ലഹരിയിൽ അയാളുടെ കൈവിരലുകൾ വീണാതന്ത്രികളിൽ നടനമാടിക്കൊണ്ടിരുന്നു. അടിയന്തരമായി



എന്തോ അറിയിക്കാൻ പരിഭ്രാന്തനായി വന്നു മുഖം കാണിച്ച കാര്യക്കാരനെ അയാൾ വിരട്ടിയോടിച്ചു. പോ... പോ... അലോസരപ്പെടുത്താതെ...

ഉദ്യാനകവാടത്തിലെ കാവൽ പടയാളികൾ അമ്പരന്നു. അകലെ പുകച്ചുരുളുകൾ ഉയരുന്നു. തീജ്വാലകൾ ആളിപ്പടരുന്നു. പട്ടണനിവാസികൾ നിലവിളിച്ചുകൊണ്ട് ഓടിവരുന്നു. അവർ പരിഭ്രാന്തരായി വിളിച്ചുകൂവുകയാണ്: റോമാനഗരം കത്തിയെരിയുന്നു. എല്ലാം വെന്തു വെണ്ണീറാവുകയാണ്. രക്ഷിച്ചാലും ചക്രവർത്തീ രക്ഷിച്ചാലും...

ആ കൂട്ടനിലവിളിയും യാചനകളും കാതിലെത്തിയെങ്കിലും അതു ഗൗനിക്കാതെ മണിവീണയിൽ ശ്രുതികൂട്ടി ഉല്ലസിച്ചിരുന്നതേയുള്ളൂ ആ ചക്രവർത്തി. അതിനുശേഷവും മറ്റൊന്നും ശ്രദ്ധിക്കാതെ പതിവുപോലെ അയാൾ കൊട്ടാരത്തിലെ സുഖഭോഗങ്ങളിൽ മുഴുകിയുറങ്ങി.

കത്തിയമർന്ന നഗരത്തിലെ തെരുവുകളിൽ പിറ്റേന്നു കൂട്ടംകൂടിയ പ്രജകൾ ചക്രവർത്തിയെ ശപിച്ചു. ഈ ദുരന്തത്തിനു കാരണം നീറോയുടെ ദുഷ്കൃതികൾ. തല തിരിഞ്ഞു പിറന്ന അസുരവിത്ത്...

കഴിഞ്ഞ പൗർണ്ണമിയാഘോഷത്തിനു കൊട്ടാരത്തിലെ അത്താഴവിരുന്നിൽ അടിമകളെ ആൾപന്തമാക്കി തീ കൊളുത്തി നിറുത്തിയില്ലേ പുലരുവോളം. അതിഥികൾക്കു വെളിച്ചം പകരാൻ കാണിച്ച ക്രൂരത. അതിന്റെ തിക്തഫലമാണ് റോമാനഗരം കത്തിയത്. കഷ്ടം! കഷ്ടം!

പട്ടണനിവാസികൾ വാതോരാതെ ചൊരിഞ്ഞ ശാപവാക്കുകൾ നീറോയെ കോപാകുലനാക്കി. കാര്യക്കാരെ വിളിച്ചുവരുത്തി അയാൾ പറഞ്ഞു: റോമാ കത്തിയെരിഞ്ഞതിനു കാരണക്കാർ അവരാണ്, അവർ. ജറുസലേമിൽനിന്നു കേറിവന്ന അപ്പസ്തോലൻ പത്രോസും അവന്റെ അനുയായികളും. അതേ, ആ ക്രിസ്ത്യാനികൾ. അവരുടെ പുതിയ വിശ്വാസവും ആരാധനയും. രാജ്യദ്രോഹികൾ. അവരെ വെറുതേ വിടരുത്. പത്രോസിനെ ഉടൻ തുറുങ്കിലടയ്ക്കുക. അവന്റെ അനുയായികളെ ഒന്നടങ്കം ആട്ടിപ്പായിക്കുക...

പിന്നത്തെ നാളുകൾ റോമിലെ ക്രിസ്ത്യാനികളുടെ പീഡനകാലമായിരുന്നു. പലരും മൃഗീയമായി കൊല്ലപ്പെട്ടു. അനേകർക്ക് അംഗഭംഗം സംഭവിച്ചു. പ്രാണഭീതിയോടെ വിശ്വാസികൾ പരക്കംപാഞ്ഞു. എങ്കിലും അവർ പത്രോസിനെ സംരക്ഷിച്ചുകൊണ്ടിരുന്നു.

എന്നാൽ, പത്രോസിനെ പിടികൂടാൻ സന്നാഹങ്ങൾ പെരുകിയതും, റോമിൽനിന്ന് ഓടിപ്പോയി രക്ഷപ്പെടാൻ കൂട്ടാളികൾ അദ്ദേഹത്തെ നിർബന്ധിച്ചുതുടങ്ങി. ഒടുവിൽ ഗത്യന്തരമില്ലാതെ പത്രോസ് റോമിൽനിന്നു പുറപ്പെട്ടുപോയി.

ആ ഏകാന്തയാത്രയിലെ ഇരുണ്ട രാത്രിയിൽ തനിക്കെതിരേ വന്ന ജീവപ്രകാശം കണ്ട് പത്രോസ് വിസ്മയിച്ചുനിന്നു. ദൈവമേ! ഇതു റബ്ബിയല്ലേ! യേശുതമ്പുരാൻ! ആ തിരുക്കരങ്ങൾ തന്നെ ആശീർവദിക്കുന്നു!

ആദരവോടെ നമിച്ചുനിന്ന പത്രോസ് നാവനക്കി.

“റബ്ബീ, എന്റെ നാഥാ, അവിടുന്ന് എവിടേക്കു പോകുന്നു ഈ അസമയത്ത്?”

“പത്രോസേ, ഞാൻ റോമിലേക്കാണ്.”

ശാന്തഗംഭീരമായ ആ സ്വരം കേട്ട് പത്രോസ് ഒന്നു പതറി. അയാൾ പറഞ്ഞു: “അതിക്രൂരനായ നീറോയാണ് അവിടെ ഭരിക്കുന്നത്.”

“അങ്ങോട്ടുതന്നെ പോകണം. അവിടെച്ചെന്ന് വീണ്ടും ക്രൂശിലേറ്റപ്പെടാൻ.”

ആ തിരുവചനങ്ങൾ ആകെയുലച്ചുകളഞ്ഞു പത്രോസിനെ. പേടിച്ചോടുന്ന തന്റെ ഭീരുത്വമോർത്ത് അയാൾ പശ്ചാത്താപത്താൽ വിങ്ങിപ്പൊട്ടി.

“എന്റെ നാഥാ, അവിടുന്നു പൊറുക്കണം. റോമിൽ അങ്ങേക്കുവേണ്ടി കുരിശുമരണം വരിക്കാൻ ഞാനുണ്ട്. ഈ നിമിഷം തന്നെ ഞാൻ തിരിച്ചുപോകുന്നു.”

പിന്നെ നോക്കുമ്പോൾ യേശു അപ്രത്യക്ഷനായിരുന്നു. പൂർവാധികം കരുത്തോടെ പത്രോസ് തിരിച്ചുനടന്നു. റോമിലെ രാജവീഥികളിൽ പത്രോസിന്റെ വചനം കേൾക്കാൻ വീണ്ടും ആളുകൾ കൂട്ടംചേർന്നു.

പിന്നെ താമസമുണ്ടായില്ല, റോമിലെ പടയാളികൾ അദ്ദേഹത്തെ പിടികൂടാൻ. ബന്ധനസ്ഥനായ പത്രോസിനെ നീറോയുടെ സന്നിധിയിൽ ഹാജരാക്കി. ദേഹമാസകലം അടിപ്പിണരുകളോടെ കൂസാതെനിന്ന പത്രോസിനെ കുരിശിൽ തറച്ചു തൂക്കിക്കൊല്ലാനായിരുന്നു നീറോയുടെ കല്പന. അതു കേൾക്കവേ പത്രോസ് പറഞ്ഞു: “എനിക്കൊരപേക്ഷയുണ്ട്...”

“എന്താണ്, കേൾക്കട്ടേ?”

“സാധാരണപോലെ ഉയർത്തി നാട്ടുന്ന കുരിശിൽ തറച്ച് എന്നെ തൂക്കരുതേ... അതിനുള്ള അർഹത എനിക്കില്ല. അതെന്റെ ഗുരുനാഥനുണ്ടായ മഹത്ത്വം. അതിനു ഞാൻ യോഗ്യനല്ല.”

“പിന്നെ?”

ക്രുദ്ധനായ ചക്രവർത്തി പത്രോസിനെ തുറിച്ചുനോക്കി. പത്രോസ് തുടർന്നു: “ഒരു മരക്കുരിശ് കിഴുക്കാമ്പാട് നാട്ടി അതിൽ തലകീഴായി എന്നെ കുരിശിലേറ്റിയാലും.”

“ബലേഭേഷ്! കൊള്ളാം. അങ്ങനെത്തന്നെ വേണം...”

നീറോ കൈയടിച്ച് ആർത്തുചിരിച്ചു. ഇവൻ നൊന്തുപിടഞ്ഞ് ഒന്നുരണ്ടു ദിവസം കിടന്ന് ഇഞ്ചിഞ്ചായി മരിക്കുന്നതു കൊള്ളാം. മറ്റുള്ളവർക്കും ഇതൊരു പാഠമാകും. അയാൾ അതിനു സമ്മതിച്ചു. പടയാളികൾ പത്രോസിനെ ഉദ്യാനത്തിനു സമീപത്തെ മൈതാനത്തേക്കു വലിച്ചിഴച്ചു. അവിടെ തല തിരിച്ചു നാട്ടുന്ന കുരിശുമരത്തിൽ തലകീഴായി തറച്ച് പത്രോസിനെ തൂക്കിലേറ്റി.

അങ്ങനെ മൂന്നുദിവസം അതികഠിനമായ വേദനയോടെ ഒരേ കിടപ്പ്, വെള്ളംപോലും ഇറക്കാനാകാതെ ദാഹിച്ചുദാഹിച്ച്. മൂന്നാംപക്കം മൂവന്തിക്കു നീറുന്ന പ്രാണൻ വെടിഞ്ഞ് വേദനയില്ലാത്ത നിത്യതയുടെ ലോകത്തേക്ക് പത്രോസ് കയറിപ്പോയി. എല്ലാത്തിനും സാക്ഷികളായ അപ്പസ്തോലന്റെ അനുയായികൾ ഉയരത്തിൽനിന്നുതിർന്ന ഇമ്പമായ അശരീരികേട്ട് വിസ്മയിച്ചു നിന്നു.

“ദൈവദൂതന്മാരുടെ രാജകുമാരൻ ഇതാ സ്വർഗ്ഗത്തിലേക്കു കരേറുന്നു.”

*****

പിന്നെ അധികകാലം നീറോ ജീവിച്ചിരുന്നില്ല. മുപ്പതാമത്തെ വയസ്സിൽ അയാൾ ആത്മഹത്യ ചെയ്തു എന്നാണു ചരിത്രം.

ദൈവദൂതന്മാരുടെ രാജകുമാരൻ എന്ന വിശേഷണം ചരിത്രത്താളുകളിൽ പത്രോസിനുള്ളതാകുന്നു.

■

ആരോഗ്യവീഥി

# കുട്ടികളിലെ പ്രതിരോധകുത്തിവയ്പുകൾ



ഡോ. ജിസ് തോമസ്
മാർ സ്ലീവാ മെഡിസിറ്റി ചേർപ്പുങ്കൽ, പാലാ

അന്നൊരു ശനിയാഴ്ചയായിരുന്നു. ഒ.പി. യിൽ നല്ല തിരക്കുള്ള ദിവസം. ഒരു അപ്പച്ചൻ തന്റെ പേരക്കുട്ടിയുമായി വന്നു. കുട്ടിക്ക് എട്ടു വയസ്സുണ്ട്. മൂന്നു ദിവസമായി പനിയുണ്ട്. നടക്കുമ്പോൾ വലത്തുകാൽ വലിച്ചുവച്ചാണു നടക്കുന്നത്. തല കുനിക്കാൻ പറ്റുന്നില്ല. ഉടൻതന്നെ കുട്ടിയെ അഡ്മിറ്റാക്കി രക്തപരിശോധനകൾ നടത്തി. ബ്ലഡ് കൗണ്ട് എല്ലാം കൂടുതലാണ്. നട്ടെല്ലിൽനിന്ന് കുത്തിയെടുത്തു നടത്തിയ പരിശോധനയിൽ കുട്ടിക്ക്, വളരെ സീരിയസായ ബാക്ടീരിയൽ മെനഞ്ചൈറ്റിസ്



ആണെന്നു തെളിഞ്ഞു. പ്രതിരോധകുത്തിവയ്പെടുത്താൽ ഒഴിവാക്കാമായിരുന്ന രോഗം.

വിശദമായി ചോദിച്ചതിൽ നിന്ന് ഒരു കാര്യം വ്യക്തമായിരുന്നു. കുട്ടിയുടെ പ്രതിരോധകുത്തിവയ്പുകൾ ഒന്നും എടുത്തിരുന്നില്ല. ഒന്നു ശ്രദ്ധിച്ചിരുന്നെങ്കിൽ ഒഴിവാക്കാമായിരുന്ന അസുഖം. അഡ്മിറ്റായി 14 ദിവസത്തെ ഇൻജക്ഷനുശേഷം കുട്ടി സുഖം പ്രാപിച്ചു. വളരെ പ്രധാനമാണ് കുട്ടികളുടെ പ്രതിരോധകുത്തിവയ്പുകൾ.

### സാധാരണമായി ചെയ്യുന്ന പ്രതിരോധകുത്തിവയ്പുകൾ

**1. തൊണ്ടമുള്ള് (Diphtheria)**

6, 10, 14 ആഴ്ചകളിലും. പിന്നെ ഒന്നരവയസ്സിലും അഞ്ചു വയസ്സിലും ബൂസ്റ്റർ ഡോസും.

**2. വില്ലൻചുമ (Pertussis)**

6, 10, 14 ആഴ്ചകളിലും ബൂസ്റ്റർ ഡോസ് ഒന്നരവയസ്സിലും അഞ്ചു വയസ്സിലും.

**3. ടെറ്റനസ് (Tetanus)**

6, 10, 14 ആഴ്ചകളിൽ. ബൂസ്റ്റർ ഡോസ് ഒന്നരവയസ്സിൽ, അഞ്ചു വയസ്സിൽ, പത്തു വയസ്സിൽ, പതിനഞ്ചു വയസ്സിൽ.

**4. മെനിഞ്ചൈറ്റിസ് വാക്സിൻ (Hib)**

6, 10, 14 ആഴ്ചകളിൽ. ഒന്നരവയസ്സിൽ ബൂസ്റ്റർ ഡോസ്.

**5. ടിബി പ്രതിരോധവാക്സിൻ (BCG)**

ജനിക്കുന്ന ദിവസം.

**6. ഹെപ്പറ്റിറ്റിസ് ബി(Hepatitis B)** (മഞ്ഞപ്പിത്തത്തിന് എതിരേ)

ജനിക്കുന്ന ദിവസം ആദ്യത്തെ ഡോസ്. 6, 14 ആഴ്ചയിലും ആറാം മാസത്തിലും (4 ഡോസ്).

**7. പോളിയോ വാക്സിൻ**

ജനിക്കുന്ന ദിവസം ആദ്യത്തെ ഡോസ്. പിന്നെ 6, 10, 14 ആഴ്ചകളിൽ. 6-ാം മാസം, 9-ാം മാസം, ഒന്നര വയസ്സ്, പിന്നെ അഞ്ചു വയസ്സിലും.

**8. എംഎംആർ വാക്സിൻ (MMR)** അഞ്ചാംപനി, മുണ്ടിനീര്, റുബെല്ലാ പനി എന്നിവയ്ക്കെതിരേ

9-ാം മാസത്തിൽ, ഒന്നേകാൽ വയസ്സിൽ, പിന്നെ അഞ്ചു വയസ്സിൽ.

### ഓപ്ഷണൽ വാക്സിനുകൾ

**a) ഹെപ്പറ്റിറ്റിസ് എ (Hepatitis A)**

മഞ്ഞപ്പിത്തത്തിനെതിരെ

ആറു മാസം ഇടവിട്ട് 2 ഡോസ് ഒരു വയസ്സിനുശേഷം.

**b)പ്ന്യൂമോക്കോക്കൽ (Pneumococcal)**

മെനിഞ്ചൈറ്റിസിനെതിരേ

6, 10, 14 ആഴ്ചകളിൽ. ഒന്നര വയസ്സിൽ ബൂസ്റ്റർ ഡോസ്.

**c) റോട്ടാ വൈറസ് (Rotavirus)**

വയറിളക്കത്തിനെതിരേ

6, 10, 14 ആഴ്ചകളിൽ

**d) ചിക്കൻപോക്സ് (Chicken pox)**

ഒന്നേകാൽ വയസ്സിൽ, ബൂസ്റ്റർ മൂന്നു മാസങ്ങൾക്കുശേഷം.

**e) ഇൻഫ്ളുവെൻസാ (Influenza)**

2 മാസം ഇടവിട്ട് ഓരോ ഡോസ്. ബൂസ്റ്റർ എല്ലാ വർഷവും.

**f) ടൈഫോയ്ഡ് (Typhoid)**

രണ്ടാം വയസ്സിൽ

**g) എച്ച്.പി.വി. വാക്സിൻ (HPV Vaccine)** (യൂട്ടറസിന്റെ ക്യാൻസറിനെതിരേ)

9 വയസ്സിനുശേഷം പെൺകുട്ടികൾക്കു മൂന്നു ഡോസുകൾ.

■

# വിശുദ്ധനാടുകളിലൂടെ ഒരു തീർത്ഥയാത്ര






ഡോ. കുര്യാസ് കുമ്പളക്കുഴി

**ഈ** അടുത്ത ദിവസങ്ങളിൽ നല്ലൊരു വായനാനുഭവം സമ്മാനിച്ച രചനയാണ് മോൺ. ഫിലിപ്പ് ഞരളക്കാട്ടിന്റെ 'വിശുദ്ധനാടുകളിലൂടെ.'

മലയാളത്തിൽ വിശുദ്ധനാടുകളുമായി ബന്ധപ്പെട്ട യാത്രാവിവരണങ്ങൾ നിരവധിയാണ്. അവയിൽ മിക്കതും യാത്രയുടെയും ഭക്ഷണം, താമസസൗകര്യം തുടങ്ങിയവയുടെയും വിവരണങ്ങൾ നിറഞ്ഞതാണ്. വിശുദ്ധസ്ഥലങ്ങളുടെ ഉപരിതലസ്പർശിയായ പരാമർശങ്ങളും ഉണ്ടാവും. അതാവട്ടെ പരിമിതവിഭവന്മാരായ ഗൈഡുകളിൽനിന്നു കിട്ടിയതുമാവാം.

മോൺസിഞ്ഞോറുടെ രചന ഇവയിൽനിന്നൊക്കെ അമ്പേ വ്യത്യസ്തമാണ്. മൂന്നു തവണ നടത്തിയ സന്ദർശനങ്ങൾ ആവർത്തിച്ചുനല്കിയ അനുഭവനിറവ് ഇതിലുണ്ട്. ബൈബിളധിഷ്ഠിതവും ചരിത്രപരവുമായ അറിവു പകരുന്ന ആധികാരികതയും വിശ്വാസ്യതയും ഗ്രന്ഥത്തിന്റെ ഈടു വർദ്ധിപ്പിക്കുന്നു. കേവല വിനോദയാത്രയുടെ മേനിയഴക് തെല്ലുമില്ല. മറിച്ച്, ഭക്തിപൂർവകമായ തീർത്ഥയാത്രയുടെ ആത്മീയപരിമളം ആദ്യന്തമുണ്ടുതാനും.

2013 സെപ്റ്റംബറിൽ നടത്തിയ മൂന്നാമതു വിശുദ്ധനാടു യാത്രയുടെ അടിസ്ഥാനത്തിലാണ് ഈ യാത്രാവിവരണം ഞരളക്കാട്ടച്ചൻ തയ്യാറാക്കിയിരിക്കുന്നത്. സഹയാത്രികൻ മാർ ജോസഫ് പള്ളിക്കാപറമ്പിലായിരുന്നു. മാർഗ്ഗദർശകനാവട്ടെ, ജറൂസലേമിൽ ദീർഘകാലം താമസിച്ചു ബൈബിൾപഠനം നടത്തിക്കൊണ്ടിരുന്ന ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിക്കലും.

20 ദിവസം നീണ്ട തീർത്ഥയാത്രയായിരുന്നു അത്. ഓരോ സ്ഥലത്തും ധാരാളം സമയം ചെലവഴിച്ച് പ്രാർത്ഥനകൾ നടത്തിയും ദിവ്യബലിയർപ്പിച്ചുമാണവർ നീങ്ങിയത്. സമയമെടുത്തും പരസ്പരം ചർച്ചകൾ നടത്തിയും വസ്തുതകൾ വിലയിരുത്തിയും നടത്തിയ ഒരു പഠനയാത്രകൂടിയായി അവരുടെ തീർത്ഥാടനം.

ഒരുവർഷംമുമ്പ് ഞാനും പോയിരുന്നു വിശുദ്ധനാടുകൾ സന്ദർശിക്കാൻ. പത്തു ദിവസത്തെ സന്ദർശനം അങ്ങോട്ടും ഇങ്ങോട്ടുമുള്ള യാത്രകൾ കഴിച്ചാൽ കഷ്ടിച്ച് ഏഴര ദിവസമേ ഉണ്ടായുള്ളൂ. പ്രധാനപ്പെട്ട ചില സ്ഥലങ്ങളിലൂടെ ഗൈഡുമാർ ഞങ്ങളെ ആട്ടിത്തെളിക്കുകയായിരുന്നു. ഇസ്രായേലിൽ ഞങ്ങളെ കൊണ്ടുനടന്ന ഗൈഡിന് അതതു സ്ഥലങ്ങളിലെ ദൈവാലയങ്ങളെക്കുറിച്ചും അവയുടെ ശില്പികളെപ്പറ്റിയുമല്ലാതെ ഏറെയൊന്നും പറഞ്ഞുതരാൻ കഴിയുമായിരുന്നില്ല. അവയുടെ ബൈബിൾ പശ്ചാത്തലവും ചരിത്രപ്രാധാന്യവും അറിയാവുന്നവർക്ക് എല്ലാം കൂട്ടിവായിക്കാമെന്നു മാത്രം.

ഞരളക്കാട്ടച്ചന്റെ വിവരണങ്ങൾ വായിക്കുമ്പോൾ, അന്നു കണ്ട സ്ഥലങ്ങളുടെയും ദൃശ്യങ്ങളുടെയുമൊക്കെ തെളിമയാർന്ന ചിത്രം വീണ്ടും ഉള്ളിൽ തെളിഞ്ഞത് എനിക്ക് ആഹ്ലാദകരമായ അനുഭവം പകർന്നു. പുസ്തകം വായിച്ചവസാനിപ്പിച്ചപ്പോൾ ഒരിക്കൽക്കൂടി വിശുദ്ധനാടു പര്യടനം നടത്തിയ പ്രതീതിയാണുണ്ടായത്.



മനസ്സിൽ പണ്ടേ പതിഞ്ഞുപോയ ചില ധാരണകൾ തെറ്റായിരുന്നുവെന്നു തിരിച്ചറിയാനും തിരുത്താനും അവസരം ലഭിച്ചതും അനുസ്മരിക്കാതെ വയ്യ. അതിലൊന്നാണ് എ.ഡി. എഴുപതിലെ ജറൂസലേം ആക്രമണകാലത്തു നടന്ന മക്കബായരുടെ കൂട്ട ആത്മഹത്യ. അതു യൂദയാ മരുഭൂമിയിലാണു നടന്നതെന്നാണു ഞാൻ ധരിച്ചുവച്ചിരുന്നത്. 'വിശുദ്ധനാടു പര്യടനം' വായിച്ചപ്പോഴാണ് ആ ദാരുണസംഭവത്തിന്റെ അരങ്ങ് ചാവുകടലിന്റെ പടിഞ്ഞാറേതീരത്തുള്ള ഒരു കരിങ്കൽമലയാണെന്നു മനസ്സിലായത്. നാനൂറു മീറ്റർ ഉയരമുള്ള ആ മലമുകളിൽ പണിതീർത്തിരുന്ന മസാദ കോട്ടയ്ക്കുള്ളിലാണ്, ജറൂസലേമിൽനിന്ന് ഓടിപ്പോന്ന, സ്ത്രീകളും കുട്ടികളും ഉൾപ്പെടുന്ന 960 പേരടങ്ങിയ ധീരദേശാഭിമാനികൾ അഭയം തേടിയത്. എലെയാസർ ബെൻയായീറായിരുന്നു സംഘത്തലവൻ. റോമൻ സൈന്യം കോട്ട കീഴടക്കുമെന്നായപ്പോൾ 'പാരതന്ത്ര്യം മാനികൾക്കു മൃതിയെക്കാൾ ഭയാനകം' എന്നു പ്രഖ്യാപിച്ചുകൊണ്ട് അവർ ഒന്നൊഴിയാതെ ആത്മഹത്യ ചെയ്തു! ചരിത്രത്തിലെ ഏറ്റവും വലിയ കൂട്ട ആത്മഹത്യ.

ജറൂസലേം നഗരവും ദൈവാലയവും കല്ലിന്മേൽ കല്ലു ശേഷിക്കാതെ ഇടിച്ചുനിരത്തിയ ശേഷമാണ് അന്നു റോമൻ സൈന്യം മടങ്ങിയത്. എന്നിട്ടും യഹൂദജനതയുടെ അദമ്യമായ സ്വാതന്ത്ര്യവാഞ്ഛ കെട്ടടങ്ങിയില്ല. ആറു പതിറ്റാണ്ടുകൾക്കുശേഷം എ.ഡി. 135 ൽ ബർകോക്ബിയുടെ നേതൃത്വത്തിൽ അവർ ഒരു ശ്രമം കൂടി നടത്തി. ഇക്കുറി റോമൻ ചക്രവർത്തി ഹാഡ്രിയാനായിരുന്നു യഹൂദരെ ഉന്മൂലനം ചെയ്യാനുള്ള ചരിത്രനിയോഗം ഏറ്റെടുത്തത്. ജീവനോടെ അവശേഷിച്ച യഹൂദരെയാകെ അദ്ദേഹം അടിമകളായി വിവിധ രാജ്യങ്ങൾക്കു വിറ്റു. ജറൂസലേമിൽ യഹൂദർ പ്രവേശിക്കാൻ പാടില്ലെന്നു നിരോധനാജ്ഞയും പ്രഖ്യാപിച്ചു!

ഇതോടെ യഹൂദജനത മുഴുവൻ സ്വന്തരാജ്യമില്ലാത്തവരായി. അവർ വിവിധ രാജ്യങ്ങളിൽ പ്രവാസികളായി. ചെന്നിടത്തെല്ലാം അവരുടെ അസാധാരണമായ ധിഷണാശക്തിയും കഠിനാദ്ധ്വാനവുംകൊണ്ട് ആരെയും അമ്പരപ്പിക്കുന്ന വളർച്ച നേടി. കാർഷിക, വ്യാപാര, ശാസ്ത്ര,സാമ്പത്തികമേഖലകളിലൊക്കെ അവരുടെ ആധിപത്യം ആതിഥേയരാജ്യങ്ങൾ അസൂയയോടെയും അമർഷത്തോടെയും തിരിച്ചറിഞ്ഞു. ഇതുതന്നെയാണവർക്കു വിനയായതും.

അപമാനവും പീഡനവും ലോകത്തിന്റെ നാനാഭാഗങ്ങളിൽ യഹൂദജനത നിരന്തരം ഏറ്റുവാങ്ങി. പല രാഷ്ട്രങ്ങളും അവരുടെ സമ്പത്തു പിടിച്ചെടുക്കുകയും അവരെ കൂട്ടക്കൊല ചെയ്യുകയുംവരെ ഉണ്ടായി. അതിന്റെ ഏറ്റവും ഒടുവിലത്തെ ഉദാഹരണമായിരുന്നു, രണ്ടാംലോകമഹായുദ്ധകാലത്തു ഹിറ്റ്ലർ നടത്തിയ ക്രൂരമായ യഹൂദവേട്ട. ജർമ്മനിയിലും താൻ പിടിച്ചടക്കിയ യൂറോപ്യൻ രാജ്യങ്ങളിലും ആ സാമ്രാജ്യദുർമോഹി സ്ഥാപിച്ച കോൺസൺട്രേഷൻ ക്യാമ്പുകളിൽ പിടഞ്ഞു മരിച്ചത് 60 ലക്ഷം യഹൂദരായിരുന്നു!

അവരുടെ ബലിദാനം പക്ഷേ, വിഫലമായില്ല. അവരുടെ പിൻതലമുറക്കാർക്ക് അതൊരനുഗ്രഹമായി. രണ്ടു സഹസ്രാബ്ദത്തോളം മാതൃരാജ്യമില്ലാതെ അലഞ്ഞുതിരിഞ്ഞ അവർക്കു സ്വന്തമായൊരു രാഷ്ട്രം സ്ഥാപിച്ചുകിട്ടി – ഇസ്രായേൽ; യഹൂദരുടെ പൂർവ്വപിതാക്കന്മാരുടെ ജന്മഭൂമിയും കർമ്മഭൂമിയും. അത് 1948 മേയ് 14 നായിരുന്നു.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നു യഹൂദർ കൂട്ടത്തോടെ ഇസ്രായേലിലേക്കു കുടിയേറി. വ്യാപാരവ്യവസായ വാണിജ്യമേഖലകളിലെ സമ്പന്നരായ യഹൂദരുടെ പണപ്പെട്ടികൾ പുതിയ രാഷ്ട്രത്തിനുവേണ്ടി ഉദാരമായി തുറന്നുവച്ചു. യഹൂദജനത ഇസ്രായേലിലെ ഊഷരഭൂമികളിൽ അദ്ഭുതം വിതച്ചു. ഇന്നു ലോകരാഷ്ട്രങ്ങൾക്കിടയിലെ വിസ്മയങ്ങളിലൊന്നാണ് ഇസ്രായേൽ. വിസ്തൃതി 20700 ച.കി. മീറ്ററേയുള്ളൂ. ജനസംഖ്യ 89 ലക്ഷമേയുള്ളൂ.

അയൽരാജ്യങ്ങൾ തങ്ങൾക്കിടയിൽ പിറന്നുവീണ രാഷ്ട്രശിശുവിനെ ഈറ്റില്ലത്തിൽവച്ചുതന്നെ ഞെക്കിക്കൊല്ലാനാണു പുറപ്പെട്ടത്. പക്ഷേ, ഇസ്രായേലിന്റെ അതിജീവനശേഷിക്കു മുന്നിൽ അവർ നിരന്തരം പരാജിതരായി. ഇക്കൂട്ടത്തിലെ രോമാഞ്ചജനകമായ ഒരധ്യായമാണ് 1967 ലെ ആറുദിനയുദ്ധം.

അത് 1967 ജൂൺ അഞ്ചുമുതൽ പത്തുവരെ ദിവസങ്ങളിലായിരുന്നു. ഇസ്രായേലിനെ ഭൂമുഖത്തുനിന്നു തുടച്ചുനീക്കും എന്നു പ്രഖ്യാപിച്ചുകൊണ്ട് ഈജിപ്ത്, ജോർദ്ദാൻ, സിറിയ, ഇറാക്ക് എന്നീ രാജ്യങ്ങൾ ഇസ്രായേലിനെ നാലു വശത്തുനിന്നും വളഞ്ഞു. ഇസ്രായേലിന്റെ ഒരു ലക്ഷം സൈനികരും അറബുരാഷ്ട്രങ്ങളുടെ രണ്ടരലക്ഷം സൈനികരും പോർവിമാനങ്ങളും മാരകായുധങ്ങളുമായി മുഖാമുഖം നിന്നു. നാലു യുദ്ധമുഖങ്ങളാണ് ഇസ്രായേലിനു നേരേ തുറക്കപ്പെട്ടത്. ഇസ്രായേലിന്റെ സമ്പൂർണ നാശം റിപ്പോർട്ടു ചെയ്യാൻ മാധ്യമങ്ങൾ അച്ചുനിരത്തി കാത്തിരുന്നു.

പക്ഷേ, സംഭവിച്ചതു മറിച്ചാണ്. ജൂൺ അഞ്ചിന് നേരം പുലരുംമുമ്പേ ഇസ്രായേൽ പോർവിമാനങ്ങൾ ഈജിപ്തിലെ വിമാനത്താവളങ്ങളിൽ യുദ്ധസജ്ജമായി ക്കിടന്ന വിമാനങ്ങൾക്കുമേൽ ബോംബുവർഷം നടത്തി. ഈജിപ്തിന്റെ ആകാശം മുഴുവൻ ഇസ്രായേൽ വിമാനങ്ങൾ കൈയടക്കി. ഈജിപ്തിന്റെ ഒറ്റ വിമാനത്തിനുപോലും പറന്നുയരാൻ കഴിഞ്ഞില്ല!

ഇതോടൊപ്പം മറ്റു രാജ്യങ്ങളുടെ മേലും ഇസ്രായേലിന്റെ സംയുക്താക്രമണമുണ്ടായി. തുടർന്നുള്ള ദിവസങ്ങൾ യുദ്ധത്തിന്റേതായിരുന്നില്ല, സന്ധിസംഭാഷണങ്ങളുടേതായിരുന്നു. ലോകരാഷ്ട്രങ്ങളുടെ അഭിപ്രായം മാനിച്ച് ജൂൺ 10 ന് ഇസ്രായേൽ പിൻവാങ്ങി. ആയിരത്തോളം സൈനികരും 46 യുദ്ധവിമാനങ്ങളും മാത്രം ഇസ്രായേലിനു നഷ്ടപ്പെട്ടപ്പോൾ അറബ് രാഷ്ട്രങ്ങൾക്കു നഷ്ടപ്പെട്ടത് ഇരുപതിനായിരം സൈനികരും 800 ലധികം വിമാനങ്ങളും. മാത്രമല്ല, ഇസ്രായേലിന്റെ ഭൂവിസ്തൃതി മൂന്നിരട്ടിയായിത്തീരുകയും ചെയ്തു!

ഇത്രയും പറഞ്ഞത് ഇസ്രായേലിന്റെ മഹത്ത്വം വിവരിക്കാനല്ല. മറിച്ച്, ഇസ്രായേലിന്റെ രൂപീകരണവും അതിജീവനവും ലോകമെമ്പാടുമുള്ള ക്രൈസ്തവർക്ക് അനുഗ്രഹമായിത്തീർന്നു എന്നു സൂചിപ്പിക്കാനാണ്. പലസ്തീൻപ്രദേശത്തെ മുസ്ലീം അധിനിവേശം കുറേക്കാലംകൂടി തുടർന്നിരുന്നെങ്കിൽ, യേശുവിന്റെ ജീവിതത്തിനു സാക്ഷ്യം വഹിച്ച വിശുദ്ധസ്ഥലങ്ങളൊന്നും ഇന്നവശേഷിക്കുന്ന രൂപത്തിൽപോലും നമുക്കുവേണ്ടി സംരക്ഷിക്കപ്പെടുകയില്ലായിരുന്നു. ഇസ്രായേലിലേക്കുള്ള ക്രൈസ്തവതീർത്ഥാടനങ്ങൾ വേണ്ടിവരുമായിരുന്നില്ല. മോൺ. ഫിലിപ്പ് ഞരളക്കാട്ടിന്റെ 'വിശുദ്ധനാടുകളിലൂടെ' എഴുതപ്പെടുമായിരുന്നുമില്ല.

□

## റോമിലെ സാന്താ അനസ്താസ്യാ ബസിലിക്ക സീറോ മലബാർ സഭയ്ക്ക് സ്വന്തം

ലോകത്തിലെതന്നെ ആദ്യക്രൈസ്തവദേവാലയങ്ങളിലൊന്നായ റോമിലെ മൈനർ ബസിലിക്കപദവിയുള്ള ഏറ്റവും പുരാതനമായ സാന്താ അനസ്താസ്യാ ദേവാലയം സീറോ മലബാർ സഭയെ ഏല്പിച്ചുകൊണ്ട് ഫ്രാൻസിസ് പാപ്പായുടെ റോമിലെ വികാരി ജനറാൾ കർദ്ദിനാൾ അഞ്ചേലോ ദെ ഡൊണാത്തിസ് ഡിക്രി പുറപ്പെടുവിച്ചു. അപ്പസ്തോലികപാരമ്പര്യത്തിലും വിശ്വാസത്തിലും ലോകത്തിലെ ഏറ്റവും പുരാതന വ്യക്തിസഭകളിൽ ഒന്നായ സീറോ മലബാർ സഭയ്ക്ക്. റോമിലെ പരിശുദ്ധ സിംഹാസനം നൽകിയ അംഗീകാരമായി വേണം ഈ ദേവാലയലബ്ധിയെ കണക്കാക്കാൻ.



ക്രിസ്തുവർഷം 325–326 കാലഘട്ടത്തിൽ കൺസ്റ്റന്റൈൻ ചക്രവർത്തിയാണ് ഈ ബസിലിക്കാനിർമാണം ആരംഭിച്ചത്. പുരാതനറോമൻ സാമ്രാജ്യത്തിന്റെ ഭരണസിരാകേന്ദ്രമായ പാലത്തീൻ കുന്നിൽ കൊളോസിയത്തിന്റെ അടുത്ത് നിർമിക്കപ്പെട്ട ഈ ദേവാലയത്തിൽ വിശുദ്ധ ജെറോം ശുശ്രൂഷ ചെയ്തിട്ടുണ്ട്. ജറുസലേമിൽനിന്നു തിരുശേഷിപ്പുകൾ റോമിലെ ഈ ദേവാലയത്തിലേക്കു കൊണ്ടുവന്നതും സ്ഥാപിച്ചതും വിശുദ്ധ ജെറോം ആണ്. ഏഴാം നൂറ്റാണ്ടുവരെ മാർപാപ്പാമാർ ക്രിസ്മസ് ബലി അർപ്പിച്ചിരുന്നത് ഈ ദേവാലയത്തിലായിരുന്നു. ഇപ്പോൾ കാണപ്പെടുന്ന ദേവാലയം പതിനേഴാം നൂറ്റാണ്ടിൽ പണിതീർത്തതാണ്.

റോമിൽ ആദ്യമായി നിത്യാരാധനകേന്ദ്രം ആരംഭിച്ചതും ഈ ദേവാലയത്തിൽത്തന്നെയാണ്. 2011 മുതൽ റോമിലെ സാന്തോം സീറോ മലബാർ സഭ കൂട്ടായ്മയംഗങ്ങൾ ഇടവകയുടെ തിരുക്കർമ്മങ്ങൾ ചെയ്തിരുന്നത് ഈ ദേവാലയത്തിലാണ്. റോമിലെ സീറോ മലബാർ വിശ്വാസികളുടെ അജപാലനാധികാരമുള്ള മാർ സ്റ്റീഫൻ ചിറപ്പണത്തിന്റെയും, വൈദികരുടെയും വിശ്വാസികളുടെയും പ്രാർത്ഥനയും പരിശ്രമവുമാണ് ഇതിനു കാരണമായത്. 2019 ഒക്ടോബർ മാസത്തിൽ ആദ് ലമിന സന്ദർശനത്തിനു വന്ന സീറോ മലബാർ മെത്രാന്മാർ റോമിൽ സീറോ മലബാർ വിശ്വാസികൾക്കായി ഒരു ദേവാലയം വേണമെന്ന് ഫ്രാൻസിസ് പാപ്പയോട് ആവശ്യപ്പെട്ടിരുന്നു.

# ഞങ്ങളിനിയും കുനിഞ്ഞുകൊടുക്കണോ?

1–ാം പേജ് തുടർച്ച

പ്രശസ്ത വാഗ്മിയും ജീവകാരുണ്യപ്രവർത്തകനുമായ ഫാ. ഡേവിസ് ചിറമ്മേൽ, എഴുത്തുകാരനും സാംസ്കാരികപ്രവർത്തകനുമായ പ്രൊഫ. എം.എൻ. കാരശേരി തുടങ്ങി നിരവധി പ്രശസ്തർ ഈ മൂവ്മെന്റിനു പിന്തുണ പ്രഖ്യാപിച്ചു രംഗത്തുവന്നിട്ടുമുണ്ട്. കേന്ദ്രസംസ്ഥാന സർക്കാരുകൾക്ക് ഈ ഗ്രൂപ്പ് നിവേദനവും നൽകിക്കഴിഞ്ഞു.

കക്ഷിരാഷ്ട്രീയത്തിനതീതമായി പ്രവർത്തിക്കുന്ന ഈ കൂട്ടായ്മയെ തകർക്കാൻ ചില കോണുകളിൽനിന്ന് ഒളിഞ്ഞും തെളിഞ്ഞും ശ്രമവും ഉണ്ട്. ഈ കൂട്ടായ്മ ശക്തിപ്പെട്ടാൽ തങ്ങളുടെ നിലനില്പ് അവതാളത്തിലാകുമെന്നു ഭയക്കുന്ന ചില രാഷ്ട്രീയസംഘടനകളാണ് ഇതിനെ തകർക്കാൻ ശ്രമിക്കുന്നതെന്നു ഒ.ഐ.ഒ.പി. കൂട്ടായ്മ കുറ്റപ്പെടുത്തുന്നു.

വൺ ഇന്ത്യ വൺ പെൻഷൻ എന്ന ഒ.ഐ.ഒ.പി. കൂട്ടായ്മയുടെ ആവശ്യം തൊഴിലാളി വിരുദ്ധമാണെന്നാണ് ട്രേഡ്യൂണിയൻ നേതാക്കളുടെ നിലപാട്. തൊഴിലാളികളുടെയും ദരിദ്ര, ഇടത്തരം കർഷകരുടെയും ജീവിതപ്രശ്നങ്ങൾ ഉയർത്തി തൊഴിലാളി കർഷകപ്രസ്ഥാനങ്ങൾ നിരന്തരമായി സമരം നടത്തിവരികയാണെന്നും പ്രായപൂർത്തിയായ എല്ലാവർക്കും തൊഴിൽ നൽകുക, മിനിമം വേതനം പ്രതിമാസം 20,000 രൂപ ആക്കുക, 60 വയസ്സ്കഴിഞ്ഞവർക്ക് പ്രതിമാസം 6500 രൂപ പെൻഷൻ നൽകുക, കാർഷികോത്പന്നങ്ങൾക്കു ന്യായവില നൽകുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് ട്രേഡ് യൂണിയനുകളും കർഷകസംഘടനകളും നിരവധി പണിമുടക്കുകൾ നടത്തിയിട്ടുണ്ടെന്നും അക്കാലത്തൊന്നും ജനങ്ങളോടൊപ്പം നിൽക്കാതെ മാളത്തിലിരുന്നവർ ഇപ്പോൾ വൺ ഇന്ത്യ വൺ പെൻഷൻ മുദ്രാവാക്യവുമായി രംഗത്തിറങ്ങിയതിന്റെ പിന്നിൽ ആരുടെ കുബുദ്ധിയാണ് എന്നാണ് സംഘടിതതൊഴിലാളിനേതാക്കളുടെ ചോദ്യം. എല്ലാം സ്വകാര്യവത്കരിക്കുന്ന കേന്ദസർക്കാരിന്റെ തെറ്റായ നയം മൂലമാണ് ജനങ്ങൾ ദാരിദ്ര്യത്തിൽ കഴിയുന്നതെന്നും അതു മനസ്സിലാക്കാത്തവരാണ് വൺ ഇന്ത്യ വൺ പെൻഷനു വേണ്ടി മുറവിളി കൂട്ടുന്നതെന്നും അവർ ആക്ഷേപിക്കുന്നു.

അതേസമയം, ഇന്ത്യയിലെ ഭൂരിപക്ഷം വരുന്ന കർഷകരെയും കർഷകത്തൊഴിലാളികളെയും കച്ചവടക്കാരെയും ചെറുകിട സ്വയം സംരംഭകരെയും അസംഘടിതമേഖലയിലെ തൊഴിലാളികളെയും പെൻഷൻപദ്ധതികളിൽനിന്നു പുറംതള്ളാനുള്ള ബോധപൂർവ്വമായ നീക്കമാണ് സംഘടിതതൊഴിലാളിവർഗ്ഗം നടത്തുന്നത് എന്ന് ഒ.ഐ.ഒ.പി. കൂട്ടായ്മ കുറ്റപ്പെടുത്തുന്നു. ഇലക്ഷൻ വരുമ്പോൾ വാരിക്കോരി വാഗ്ദാനങ്ങൾ നൽകുകയും ഭരണത്തിലേറുമ്പോൾ തിരിഞ്ഞുനോക്കാതെയുമിരിക്കുന്ന രാഷ്ട്രീയനേതാക്കന്മാരുടെ കാപട്യം മനസ്സിലാക്കിയ ജനങ്ങൾ അവരെ കൈവിട്ടു തുടങ്ങിയെന്ന തിരിച്ചറിവിലാണ് രാഷ്ട്രീയക്കാർ ഇതിനെ എതിർക്കുന്നതെന്നുമാണ് ഒ.ഐ.ഒ.പി. ഗ്രൂപ്പിന്റെ വാദം. പറഞ്ഞു പറ്റിക്കുന്ന രാഷ്ട്രീയപാർട്ടികളുടെ ചരമഗീതം മുഴങ്ങിത്തുടങ്ങിയിരിക്കുന്നു. ഒ.ഐ.ഒ.പി. കൂട്ടായ്മയുടെ മുന്നേറ്റം വൈകാതെ കൊടുങ്കാറ്റായി മാറി പല വന്മരങ്ങളെയും വീഴ്ത്തുമെന്നും ഗ്രൂപ്പ് നേതാക്കൾ പറയുന്നു.

തൊഴിലാളി എന്നാൽ സർക്കാർ ജീവനക്കാർ മാത്രമാണെന്ന നിലപാട് അഭിനവതൊഴിലാളി സംരക്ഷകർ തിരുത്തണമെന്നാണ് ഒ.ഐ.ഒ.പി. കൂട്ടായ്മ ആവശ്യപ്പെടുന്നത്. തൊണ്ണൂറു ശതമാനത്തിലധികം വരുന്ന സാധാരണജനങ്ങളെ സംരക്ഷിക്കാത്ത രാഷ്ട്രീയപാർട്ടികൾക്ക് ഇനി വോട്ടില്ല എന്ന് കർഷകരും അസംഘടിതതൊഴിലാളികളും തീരുമാനിച്ചാൽ എല്ലാ രാഷ്ട്രീയ പാർട്ടിക്കാരും തങ്ങളുടെ ആവശ്യം നിറവേറ്റാൻ മുന്നോട്ടുവരുമെന്ന് അവർ കണക്കുകൂട്ടുന്നു. സ്റ്റാറ്റ്യൂട്ടറി പെൻഷൻ വാങ്ങുന്ന അഞ്ചു ശതമാനത്തിന്റെ വോട്ടുകൊണ്ടല്ല; മറിച്ച്, സർക്കാർ ഉദ്യോഗമില്ലാത്ത 95 ശതമാനത്തിന്റെ വോട്ടുകൊണ്ടാണ് എല്ലാ പാർട്ടികളും അധികാരത്തിലേറുന്നതെന്ന് ഒ.ഐ.ഒ.പി. കൂട്ടായ്മ ഓർമ്മപ്പെടുത്തുന്നു. ''പെൻഷൻ ഒരു സമ്പാദ്യ പദ്ധതിയല്ല, സാമൂഹികസുരക്ഷാപദ്ധതിയാണ്. 60 പിന്നിട്ട ഏതൊരാൾക്കും അത് അവകാശപ്പെട്ടതാണ്. നിരവധി വിദേശരാജ്യങ്ങളിൽ ഇത് നടപ്പിലാക്കിയിട്ടുമുണ്ട്."

ഈ കൊവിഡ്കാലത്ത് വേലയും കൂലിയുമില്ലാതെ മുണ്ടുമുറുക്കിയുടുത്തുകഴിഞ്ഞുകൂടുന്ന പട്ടിണിപ്പാവങ്ങളെ ഈടുവച്ചെടുത്ത പണം കൊണ്ടാണ് ഇവിടുത്തെ ഉദ്യോഗസ്ഥർക്ക് ഇപ്പോൾ മുടങ്ങാതെ ശമ്പളം കൊടുത്തുകൊണ്ടിരിക്കുന്നതെന്ന വസ്തുത സർക്കാർ മറക്കരുതെന്ന് ഒ.ഐ.ഒ.പി. കർമ്മസമിതി ഓർമ്മിപ്പിക്കുന്നു. ഈ കടമെല്ലാം പലിശയടക്കം തിരിച്ചടയ്ക്കേണ്ടത് പൊതുജനത്തിന്റെ നികുതിപ്പണം എടുത്താണ്!

ലോക്ഡൗൺ കാലത്ത് ഒരുപാടുപേർക്ക് ജോലി നഷ്ടപ്പെട്ടു. വ്യാപാരവ്യവസായ മേഖലയിൽ കനത്ത നഷ്ടമുണ്ടായി. ബാങ്കുകളിൽനിന്ന് കടമെടുത്തവർ തീതിന്നു കഴിയുകയാണ്. സ്വകാര്യസ്ഥാപനങ്ങൾ പലതും ജീവനക്കാരുടെ ശമ്പളം പാതിയായി കുറച്ചു. പക്ഷേ, സർക്കാർ ഉദ്യോഗസ്ഥർക്കാകട്ടെ, ജോലി ചെയ്യാതെ പോലും ശമ്പളം കിട്ടുന്ന സാഹചര്യമാണുള്ളത്. ഇന്ധനവിലയും മദ്യവിലയും വൈദ്യുതിബില്ലും വർധിപ്പിച്ച് സർക്കാർ ജീവനക്കാരുടെ ശമ്പളം മുടങ്ങാതിരിക്കാൻ ശ്രദ്ധിക്കുന്ന ഭരണകൂടം പക്ഷേ, വേലയും കൂലിയുമില്ലാത്ത പാവങ്ങളുടെ വീട്ടിൽ അടുപ്പു കത്തുന്നുണ്ടോ എന്ന് വല്ലപ്പോഴുമെങ്കിലും തിരക്കണമെന്നാണ് ഒ.ഐ.ഒ.പി. കർമ്മസമിതി ആവശ്യപ്പെടുന്നത്. പൊതുസമൂഹത്തിന്റെ സാമ്പത്തികസ്വാതന്ത്ര്യം അടിയറവച്ചു സർക്കാർ ഉദ്യോഗസ്ഥർക്ക് ചവിട്ടിനിൽക്കാൻ ഇനിയും തങ്ങൾ കുനിഞ്ഞു കൊടുക്കണോ എന്ന് അവർ ചോദിക്കുന്നു .

2011–ലെ സെൻസസ് പ്രകാരം ഇന്ത്യയിൽ 60 വയസ്സു കഴിഞ്ഞവരുടെ എണ്ണം 10 കോടിയാണ്. ഇപ്പോൾ അത് 12 കോടി എന്നു കണക്കാക്കിയാൽപോലും ഇവർക്കെല്ലാം പ്രതിമാസം 10000 രൂപ നൽകുവാൻ ഒരുവർഷം 15 ലക്ഷം കോടി രൂപയേ വരുന്നുള്ളൂ എന്ന് കണക്കുകൾ ഉദ്ധരിച്ച് ഇവർ വാദിക്കുന്നു. പെൻഷൻ ഏകീകരിച്ച് എല്ലാവർക്കും പതിനായിരം രൂപ എന്നു നിജപ്പെടുത്തിയാൽ കേന്ദ്ര–സംസ്ഥാനസർക്കാരുകൾ ഇപ്പോൾ ഉദ്യോഗസ്ഥരുടെ പെൻഷനായി ചെലവഴിക്കുന്നത്രയും പണം മതി അറുപതു പിന്നിട്ട എല്ലാവർക്കും പെൻഷൻ നൽകാൻ എന്നാണ് ഒ.ഐ.ഒ.പി. കൂട്ടായ്മക്കാരുടെ വാദം. വയോധികർ ഈ പണം മുഴുവനും ഇവിടെത്തന്നെ ചെലവഴിക്കും. അതുവഴി വ്യാപാരവ്യവസായമേഖലയിൽ മുന്നേറ്റമുണ്ടാകും. ജി.എസ്.ടി. വഴി ഈ പണം തിരികെ സർക്കാരിലേക്കെത്തുകയും ചെയ്യും. ഇതു രാജ്യത്തെ സാമ്പത്തികാഭിവൃദ്ധിയിലേക്കു നയിക്കും എന്നും ഒ.ഐ.ഒ.പി. കൂട്ടായ്മ വാദിക്കുന്നു .

പ്രശസ്ത സഞ്ചാരി സന്തോഷ് ജോർജ്ജ് കുളങ്ങര ഒരിക്കൽ ഒരു സെമിനാറിൽ ഇങ്ങനെ പറയുകയുണ്ടായി:

''അമേരിക്ക ഒരു മുതലാളിത്തരാജ്യമാണെങ്കിലും അവിടെയുള്ള ആൾക്കാരെല്ലാം സമ്പന്നരല്ല. ഇന്ത്യയിലുള്ളവരെക്കാൾ സാമ്പത്തികമായി താഴ്ന്നയാളുകൾ അവിടെയുണ്ട്. പക്ഷേ, അവിടുത്തെ സമൂഹവും ഗവൺമെന്റും ജീവിതത്തിന്റെ അവസാനകാലത്ത് അവിടുത്തെ ആളുകൾക്കു കൊടുക്കുന്ന ഒരു സാമൂഹികസുരക്ഷിതത്വമുണ്ട്. അവർക്കു ജീവിക്കാൻ കൊടുക്കുന്ന പെൻഷൻ സഹായമുണ്ട്. അതാണ് അവരുടെ വലിയ പ്രത്യാശ. വാർധക്യത്തിൽ എത്തിയിട്ടും ജീവിതം തുടരണമെന്നും ആസ്വദിക്കണമെന്നുമുള്ള ഒരു ആഗ്രഹം അവരിലുണ്ടാക്കുന്നത് ആ സുരക്ഷിതത്വബോധമാണ്. അതുപോലൊരു സുരക്ഷിതത്വം എന്തുകൊണ്ട് നമ്മുടെ നാട്ടിലെ വൃദ്ധജനങ്ങൾക്കു കൊടുക്കാൻ നമ്മുടെ സർക്കാരിനു കഴിയുന്നില്ല?

അറുപതു വയസ്സുവരെ ജോലിചെയ്ത് മക്കളെ പ്രസവിച്ച്, പോറ്റിവളർത്തി വലുതാക്കുന്ന ഒരു സ്ത്രീക്ക് വാർധക്യത്തിലെത്തുമ്പോൾ മക്കളുടെ മുൻപിൽ കൈനീട്ടാതെ അഭിമാനത്തോടെ ജീവിച്ച് ഈ ഭൂമിയിൽനിന്നു കടന്നുപോകാനുള്ള സാഹചര്യം ഒരുക്കേണ്ടതു സർക്കാരല്ലേ? ശരിക്കും ഒരു സർക്കാരിന്റെ ദൗത്യം അതല്ലേ? അറുപതു പിന്നിട്ട, നിശ്ചിത വരുമാനത്തിൽ താഴെയുള്ള എല്ലാ സ്ത്രീകൾക്കും കുറഞ്ഞത് അയ്യായിരം രൂപയെങ്കിലും ക്ഷേമപെൻഷനായി സർക്കാർ കൊടുത്താൽ നമ്മുടെ നാട്ടിലെ വൃദ്ധകളുടെ ജീവിതാവസ്ഥയിൽ എത്ര അദ്ഭുതകരമായ മാറ്റമുണ്ടാകും! വൃദ്ധകളുടെ മാത്രമല്ല, ഓരോ കുടുംബത്തിന്റെയും സ്ഥിതി പാടേ മാറും. ആ വൃദ്ധ ആ കുടുംബത്തിലെ ആദരണീയവ്യക്തിയായി മാറും. ആ പെൻഷൻപണം ആ കുടുംബത്തിനുവേണ്ടി മാത്രമായിരിക്കും ചെലവഴിക്കപ്പെടുക. ആ കുടുംബം പട്ടിണികൂടാതെ മുൻപോട്ടുപോകാൻ ആ പണം ഉപകരിക്കും. രോഗം വന്നാൽ മരുന്നിനുവേണ്ടി അതു പ്രയോജനപ്പെടും. അതോടൊപ്പം ആ വൃദ്ധയുടെ ജീവിതാന്തസ്സു വർധിക്കും. ആ വൃദ്ധ ആ കുടുംബത്തിന്റെ കേന്ദ്രബിന്ദുവാകും. മക്കൾ അവരെ ആദരവോടെ കാണും. മരുമക്കൾ ആ വൃദ്ധയെ വഴിയിൽകൊണ്ടുപോയി തള്ളാൻ തയ്യാറാകില്ല. പഴയതെല്ലാം കളയേണ്ടതാണെന്നു ചിന്തിക്കുന്ന പുതുതലമുറയുടെ മുൻപിൽ പഴയതിനും വിലയുണ്ട് എന്ന സന്ദേശം കൊടുക്കാൻ ആ സ്ത്രീക്കു കഴിയും. ആ വീട്ടിൽ വാക്കിനു വിലയുള്ള ഒരു സ്ത്രീയായി ആ വൃദ്ധ മാറും. താൻ ജനിച്ചുവളർന്ന രാജ്യം അഭിമാനത്തോടെ ജീവിക്കാൻ തന്നെ പ്രാപ്തയാക്കി എന്ന സന്തോഷത്തോടെയാകും അവർ ഈ ഭൂമിയിൽനിന്നു വിടപറയുക.

ഇതു കേരളത്തിൽ നടപ്പിലാക്കിയാൽ കേരളത്തിന്റെ സാമൂഹികമേഖലയിൽ വലിയ മാറ്റം ഉണ്ടാകും. നമ്മുടെ സാമ്പത്തികശാസ്ത്രജ്ഞന്മാരും സർക്കാരും ഇതിനെപ്പറ്റി ഇനിയെങ്കിലും ഗൗരവമായി ചിന്തിക്കണം. കേരളത്തിന്റെ സാമ്പത്തികസ്ഥിതിയെ ഒന്നു പുനഃക്രമീകരിച്ചാൽ അതിനുള്ള പണം കണ്ടെത്താവുന്നതേയുള്ളു. വിഭവങ്ങളുടെ ധാരാളിത്തംകൊണ്ട് അനുഗൃഹീതമായ നാടാണു കേരളം. കണ്ണു തുറന്നു കാണുക, ആശയങ്ങൾ കണ്ടെത്തുക, കഴിവും പ്രാപ്തിയുമുള്ളവനെ പ്രോത്സാഹിപ്പിക്കുക. ഇതുമാത്രം ചെയ്താൽ അദ്ഭുതങ്ങൾ സൃഷ്ടിക്കാൻ പറ്റും കേരളത്തിൽ. ഇവിടുത്തെ ഓരോ ദരിദ്രന്റെയും വീട്ടിലേക്കു പണം ഒഴുകിയെത്തും."

സന്തോഷ് ജോർജ്ജ് കുളങ്ങരയുടെ ഈ വാക്കുകൾ ഇനിയെങ്കിലും നമ്മുടെ സർക്കാർ മുഖവിലയ്ക്കെടുത്തിരുന്നെങ്കിൽ!

□

## ആകുലതകളിൽ ആശ്വാസമായി സിസ്റ്റർ ലിസ്‌ലെറ്റ് കൊവിഡ് രോഗികൾക്കിടയിലുണ്ട്

കൊച്ചി: അവരുടെ സങ്കടങ്ങൾ നമ്മളല്ലാതെ ആരു കേൾക്കും! അവരുടെ ആകുലതകളിൽ നമ്മളല്ലാതെ ആര് ആശ്വാസം പകരും... ചികിത്സ മാത്രമല്ല, കരുണാർദ്രമായ ഇടപെടലുകളും അവർ ആഗ്രഹിക്കുന്നുണ്ട്.

പാലക്കാട് ജില്ലാ ആശുപത്രിയിൽ ഐസൊലേഷൻ വാർഡിൽ സേവനം ചെയ്യുന്ന സിസ്റ്റർ ലിസ്‌ലെറ്റിന്റേതാണു വാക്കുകൾ. രോഗികൾക്കു കൃത്യമായി ചികിത്സയും പരിചരണവും നൽകുന്നതിനൊപ്പം അവരുടെ സങ്കടങ്ങളും ആശങ്കകളും കേട്ട് ആശ്വാസം പകരുകയാണ്, എസ്.ഡി. സന്ന്യാസിനീ സമൂഹത്തിന്റെ എറണാകുളം പ്രോവിൻസ് അംഗമായ സിസ്റ്റർ ലിസ്‌ലെറ്റ്.



കൊവിഡ് സ്ഥിരീകരിച്ചു ചികിത്സയിൽ കഴിയുന്ന രോഗികളുടെ തളർന്ന മനസുകളെ സമർപ്പിതജീവിതത്തിന്റെ ഊർജംകൊണ്ടു ശക്തിപ്പെടുത്തുകയാണു സിസ്റ്റർ. കാര്യക്ഷമമായ ചികിത്സയാണ് അവർക്ക് ആശുപത്രികളിൽ ലഭിക്കുന്നത്. അതിനൊപ്പം അവരുടെ മനസിന്റെ സന്തോഷവും ആശ്വാസവും ഉറപ്പാക്കാനുമാണു ശ്രമമെന്നും സിസ്റ്റർ ഓർമിപ്പിക്കുന്നു.

മാർച്ച്അവസാനവാരംമുതൽ കൊവിഡ് വാർഡിലാണ് സിസ്റ്റർ ലിസ്‌ലെറ്റിന്റെ സേവനം. ആദ്യ ആഴ്ചകളിൽ 14 ദിവസം കൊവിഡ് വാർഡിലെ ജോലിയും തുടർന്ന് 14 ദിവസം ക്വാറന്റൈനുമായിരുന്നു. ഇപ്പോൾ പത്തു ദിവസം ജോലിയും ഏഴു ദിവസം ക്വാറന്റൈനും. രോഗികളുടെ എണ്ണം വർധിച്ചതോടെ ജോലിഭാരവും കൂടി. ഇപ്പോൾ 270 കൊവിഡ് രോഗികൾ ഇവിടെ ചികിത്സയിലുണ്ട്. പാലക്കാട് നിർദിഷ്ട മെഡിക്കൽ കോളജിൽ ക്രമീകരിച്ചിട്ടുള്ള ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററിലും സിസ്റ്റർ സേവനം ചെയ്യുന്നുണ്ട്.

പിപിഇ കിറ്റ് ധരിച്ച് വാർഡിൽ ജോലി ചെയ്യുന്നത് ആദ്യമൊക്കെ ബുദ്ധിമുട്ടായി തോന്നിയെങ്കിലും ഇപ്പോഴതു ശീലമായെന്നു സിസ്റ്റർ ലിസ്‌ലെറ്റ് പറയുന്നു. ആറു കിലോമീറ്റർ ദുരത്തുള്ള കല്ലേപ്പുള്ളി എസ്.ഡി. കോൺവെന്റിലാണു താമസം. കൊവിഡ് രോഗികൾക്കിടയിലാണു ജോലിയെന്നതിനാൽ കോൺവെന്റിലെത്തിയാൽ മുകളിലെ നിലയിൽ ഒറ്റയ്ക്കാണ്. ക്വാറന്റൈൻ ദിവസങ്ങളിലും അങ്ങനെതന്നെ.

എംഎസ്‌സി പഠനം പൂർത്തിയാക്കി പഴങ്ങനാട് സമരിറ്റൻ നഴ്സിംഗ് കോളജിൽ എട്ടു വർഷം അധ്യാപികയായി സേവനം ചെയ്തിട്ടുള്ള സിസ്റ്റർ ലിസ്‌ലെറ്റിനു ഒന്നര വർഷം മുമ്പാണു പിഎസ്‌സി വഴി പാലക്കാട് ജില്ലാ ആശുപത്രിയിൽ നിയമനം ലഭിച്ചത്. കടവന്ത്രതോട്ടുംകത്തറ പരേതനായ തോമസിന്റെയും എൽസിയുടെയും മകളാണ്.

*സിജോ പൈനാടത്ത്*

# പരീക്ഷണശാലകളിൽ ഒരുങ്ങുന്നു കൊവിഡ് വാക്സിൻ

മാനവരാശിയെ പിടിമുറുക്കിയിരിക്കുന്ന കോവിഡ് 19 ന് പ്രതിരോധമരുന്ന് കണ്ടെത്തുകയെന്ന ശ്രമകരമായ ദൗത്യം വിജയത്തിലേക്ക്. ബ്രിട്ടണിലും ചൈനയിലും പരീക്ഷണത്തിലിരിക്കുന്ന രണ്ടു വാക്സിനുകൾ കൊവിഡിനെ പ്രതിരോധിക്കുന്നതിനു ഫലപ്രദമാണെന്നു തെളിഞ്ഞെന്നും മനുഷ്യന്റെ പ്രതിരോധവ്യവസ്ഥയിൽ മികച്ച പ്രതികരണമുണ്ടാക്കിയെന്നും വൈദ്യശാസ്ത്രജേണലായ 'ലാൻസെറ്റി'ൽ പ്രസിദ്ധീകരിച്ച പഠനങ്ങളിൽ പറയുന്നു. ഓക്സ്ഫഡ് സർവ്വകലാശാലയുടെ പ്രമുഖ മരുന്നുനിർമ്മാതാക്കളായ അസ്ട്രാസെനകയുമായി ചേർന്നു വികസിപ്പിച്ച AZD 1222 മനുഷ്യരിൽ പരീക്ഷിച്ചതിന്റെ ആദ്യരണ്ടു ഘട്ടങ്ങളാണു വിജയിച്ചത്. വാക്സിനേഷൻ സ്വീകരിച്ച 90% പേരിലും 28 ദിവസത്തിനകം വൈറസിനെതിരേ ആന്റിബോഡി ഉണ്ടായി. 14 ദിവസത്തിനകം ടി കോശങ്ങളും(ടി ആകൃതിയിലുള്ള വെളുത്ത രക്തകോശങ്ങൾ) രൂപപ്പെട്ടു. എന്നാൽ, രൂപപ്പെട്ട ആന്റിബോഡിയും ടി കോശങ്ങളും എത്ര കാലം നിലനില്ക്കുമെന്ന കാര്യം പഠനത്തിൽ പറയുന്നില്ല. 1077 പേരിൽ നടത്തിയ ആദ്യ രണ്ടുഘട്ടങ്ങളുടെ ഫലമാണു പുറത്തുവന്നത്. മൂന്നാംഘട്ട പരീക്ഷണം പതിനായിരത്തിലേറെ പേരിലാണു നടത്തുക. അതും വിജയിച്ചാലേ അംഗീകാരം നല്കൂ.

പരീക്ഷണത്തിൽ ഓക്സ്ഫഡ് വാക്സിൻ ഫലപ്രദമാണെങ്കിലും ചില ചെറിയ പാർശ്വഫലങ്ങൾ ഉണ്ടായിട്ടുണ്ട്. വാക്സിൻ കുത്തിവച്ച 70 ശതമാനം പേരിലും പനിയോ തലവേദനയോ ഉണ്ടായി. പാരസെറ്റാമോൾ കഴിച്ചപ്പോൾ ഇവ ഭേദമായി.




മനുഷ്യരിൽ പരീക്ഷണം പുരോഗമിക്കുന്ന 23 സാധ്യതാ വാക്സിനുകളിൽ രണ്ടെണ്ണം ഇന്ത്യയിൽനിന്നാണ്. ഹൈദരാബാദ് ഭാരത് ബയോടെക് വികസിപ്പിച്ച കോവാക്സിനും അഹമ്മദാബാദ് സൈഡസ്കാഡിലൂടെ Zycof D യും. ഡൽഹി എയിംസിൽ കോവാക്സിൻ പരീക്ഷണം ആരംഭിച്ചിട്ടുണ്ട്.

സെപ്റ്റംബർ - ഒക്ടോബർ മാസങ്ങളോടുകൂടി കൊവിഡ് 19ന്റെ സെക്കന്റ് വേവ് വരുമെന്ന് ശാസ്ത്രലോകം ഭയപ്പെടുന്നു. അതിനു മുമ്പുതന്നെ വാക്സിൽ കണ്ടെത്തിയിരിക്കുന്നത് ആശ്വാസദായകമാണ്.

വുഹാനിൽ കൊവിഡ് പരത്തിയ വൈറസിന്റെ പ്രോട്ടീൻ ഘടനയിൽ മാറ്റം വന്ന് ജനിതകവ്യതിയാനം സംഭവിച്ച D614G എന്ന വൈറസാണ് ഇപ്പോൾ രോഗമുണ്ടാക്കുന്നതെന്ന് ശാസ്ത്രജ്ഞർ കണ്ടെത്തിയിട്ടുണ്ട്. ജനിതകവ്യതിയാനം ഉണ്ടാകുമ്പോൾ ചിലപ്പോൾ ഈ വാക്സിനിലെ ആന്റിബോഡി തിരിച്ചറിയണമെന്നില്ല. എങ്കിലും D614G എന്ന വൈറസ് ശാസ്ത്രഗവേഷണങ്ങൾക്ക് ഒരു വെല്ലുവിളി ഉയർത്തിയിട്ടില്ല എന്നാണു മനസ്സിലാകുന്നത്. ഇത് ആശ്വാസകരമായ ഒരു വാർത്തയാണ്.

# എസ്.എം.വൈ.എം. പാലാ രൂപത വിദ്യാഭ്യാസവെബിനാർ സംഘടിപ്പിക്കുന്നു

പാലാ: എസ്.എം.വൈ.എം. പാലാ രൂപത, പാലാ സെന്റ് ജോസഫ്സ് കോളജ് ഓഫ് എൻജിനീയറിംഗ് ആൻഡ് ടെക്നോളജിയുടെ സഹകരണത്തോടെ ഓൺലൈനായി വിദ്യാഭ്യാസ വെബിനാർ 'റഹ്ത്താ 2020' സംഘടിപ്പിക്കുന്നു. 'പ്രഫഷൽ കോഴ്സുകളും ജോലിസാധ്യതകളും' (ബിടെക്, എംടെക്, എംബിഎ, എംസിഎ, ഹോട്ടൽ മാനേജുമെന്റ്, എംബിബിഎസ് ആൻഡ് പാരാമെഡിക്കൽ, സിവിൽസർവ്വീസ്) എന്ന വിഷയത്തെപ്പറ്റിയാണ് ഓൺലൈൻ വെബിനാർ നടത്തുന്നത്. പത്ത്, പ്ലസ് വൺ, പ്ലസ്ടു, ഡിഗ്രി പരീക്ഷ കഴിഞ്ഞ എല്ലാ വിദ്യാർത്ഥികൾക്കും പങ്കെടുക്കാവുന്ന ഈ സെമിനാറിൽ വിദ്യാർത്ഥികളുടെ അഭിരുചിക്കനുസൃതമായ കോഴ്സുകൾ തിരഞ്ഞെടുക്കുന്നതിനുള്ള പ്രായോഗികനിർദ്ദേശങ്ങൾ വിദഗ്ധർ നൽകും. 26 നു രാവിലെ 11 മുതൽ 12 വരെ ഗൂഗിൾ മീറ്റ് വഴി നടത്തപ്പെടുന്ന സെമിനാറിൽ *https://forms.gle/i2hgsCZUwbLZLZt89* എന്ന ലിങ്കുവഴി ഇപ്പോൾ രജിസ്റ്റർ ചെയ്യാം.

രൂപത ഡയറക്ടർ ഫാ. സിറിൽ തയ്യിൽ, പ്രസിഡന്റ് ബിബിൻ ചാമക്കാലായിൽ, വൈസ് പ്രസിഡന്റ് അമലു മുണ്ടനാട്ട്, ജനറൽ സെക്രട്ടറി മിജോയിൻ വലിയകാപ്പിൽ, സെക്രട്ടറി റോബിൻ താന്നിമല എന്നിവരുടെ നേതൃത്വത്തിലുള്ള രൂപതാസമിതി പരിപാടികൾക്കു നേതൃത്വം നൽകും.

കൂടുതൽ വിവരങ്ങൾക്ക് കെവിൻ ടോം (ഫോൺ: 9400249925), ചിന്നു ഗർവാസീസ് (ഫോൺ: 9400394894), ജാക്സൺ ജോസഫ് (ഫോൺ: 8281931072) എന്നിവരുമായി ബന്ധപ്പെടുക.

# പാലാ സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ടിൽ പുതിയ കോഴ്സുകൾ

പാലാ: വർഷങ്ങളായി ഐ.എ.എസ്, ഐ.പി.എസ് പരിശീലനരംഗത്തു ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കുന്ന പാലാ സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ട് പുതിയ തൊഴിലവസരകോഴ്സുകൾ ആരംഭിക്കുന്നു. സി.ഡി.എസ്.ഇ, എൻ.ഡി.എ, എസ്.എസ്.സി, റെയിൽവേ സർവ്വീസ്, ബാങ്കിങ് സർവ്വീസ് തുടങ്ങിയ മത്സരപ്പരീക്ഷകൾക്കുള്ള ദീർഘകാല (1 വർഷം) ഹ്രസ്വകാല (6 മാസം) കോഴ്സുകളാണ് ആവിഷ്കരിച്ചിട്ടുള്ളത്. വർക്കിംഗ് പ്രൊഫഷണലുകൾക്ക് അനുയോജ്യമായ വാരാന്ത്യഓൺലൈൻ ബാച്ചുകളും ഇൻസ്റ്റിറ്റ്യൂട്ട് നടപ്പിലാക്കുന്നു. ലോക്ഡൗണിന്റെ പശ്ചാത്തലത്തിൽ ഓൺലൈനായി ആരംഭിക്കുന്ന സിവിൽ സർവ്വീസ് ഫുൾടൈം കോഴ്സ്, ഡിഗ്രി വിദ്യാർത്ഥികൾക്കുള്ള ആഡ് ഓൺ കോഴ്സ്, പ്ലസ് ടു വിദ്യാർഥികൾക്കുവേണ്ടിയുള്ള ഫൗണ്ടേഷൻ കോഴ്സ്, ജൂലൈ 25 ന് തുടങ്ങുന്ന മലയാളം ഓപ്ഷണൽ ക്രാഷ് പ്രോഗ്രാം എന്നിവയ്ക്ക് സർക്കാരിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് ഓഫ്ലൈനായി ക്ലാസുകൾ നടത്തപ്പെടുന്നതാണ്.

ബന്ധപ്പെടേണ്ട നമ്പർ 04822 215831, 9447421011, 9567512299.

കവിത

പ്രഫ. തോമസ് കണയംപ്ലാവൻ


## മാനസപുത്രി

**1**

തൂലികത്തുമ്പിൽ ജനിച്ചൊരെന്റെ
മാനസപുത്രിയാണെന്റെ കാവ്യം!
സത്യമവൾ തൻ മുഖപ്രസാദം;
നിസ്തുലം സ്നേഹമോ ജീവശക്തി!
ഒട്ടുമേ മങ്ങാത്ത സൗന്ദര്യമാ-
മുഗ്ദ്ധതൻ സ്വർഗ്ഗീയമായ സിദ്ധി!
കുങ്കുമം പൂശും പ്രഭാതകാലം
സിന്ദൂരസന്ധ്യകളെന്നപോലെ
പൂനിലാച്ചേലയുടുത്തണയും
വാനിലെപ്പൗർണ്ണമി തൻമഹസ്സും
ഒന്നുപോൽ മിന്നിത്തിളങ്ങിനിൽക്കും
സുന്ദരദൃശ്യങ്ങൾ തത്രകാണാം.
വിശ്വപ്രകൃതിയെത്തീർത്ത കൈയിൽ
വിശ്വാസമർപ്പിച്ചു നൃത്തമാടി,
കുമ്പിടുന്നോമലാൾ തമ്പുരാന്റെ
മുമ്പിൽച്ചെറുപൈതലെന്നപോലെ.
അന്തമില്ലാതെയനുഗ്രഹങ്ങൾ
ചിന്തിയിന്നോളവും ഭക്തദാസൻ!
പ്രേമമാണീശ്വരനെന്നറിയും
ഓമലാൾ സ്നേഹത്തിൻ ഗായികയായ്
ദുഃഖദുരിതങ്ങൾ പേർത്തുമെത്തി
ദുർഘടം ജീവിതമാക്കിയാലും
മുന്നോട്ടുതന്നെ ചരിക്കുമെന്റെ
കന്യക ചുറ്റും വെളിച്ചമേകി

**2**

നിന്ദനം കാട്ടാതെയിത്രനാളും
നന്ദനം നൽകിയനുഗ്രഹിച്ച
നിങ്ങൾ സഹൃദയരാണവൾക്കു
നിത്യപ്രചോദനം കൂട്ടുകാരേ!
മേലിലും നിങ്ങളനുഗ്രഹിച്ചാൽ
ചേലോടവൾ പാടുമിമ്പമോടെ.
പാവങ്ങൾതൻ ചുടുകണ്ണുനീരും
നോവും മനങ്ങൾതൻ വേദനയും
ഒപ്പിയെടുക്കാൻ ശ്രമിച്ചവൾതൻ
കല്പനാശക്തിയാം കൈലേസിനാൽ
ഉന്നതചിന്തകളെന്നപോലെ
നിർമ്മലഭാവങ്ങളൊക്കെ നന്നായ്
ചിന്നിയ പൂക്കളമായി മാറി
ധന്യതൻ ഭാവനാലോകമാകെ.
ഛാന്ദസമായ കവിതവേണ്ടാ
തോന്നിയപോൽ ചിലർ കൂവിയാലും
താളവും പ്രാസവും സംഗീതവും
വേണം കവിത കവിതയാകാൻ.



ഡോ. ജോർജ് വർഗീസ്



ഡോ. ആർ.വി. ജോസ്

ക്രിസ്ത്യൻ അൺഎയ്ഡഡ് ആർട്സ് & സയൻസ് കോളജ് മാനേജ്മെന്റ് അസോസിയേഷൻ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേലും (മാനേജർ, മാർ ആഗസ്തീനോസ് കോളജ്, രാമപുരം), സെക്രട്ടറി ഡോ. ആർ.വി. ജോസും(മാനേജർ, ഗുഡ് ഷെപ്പേർഡ് കോളജ്, കോട്ടയം).

# കാനാൻ ദേശത്തിനരികെ






സഞ്ചാരം

ഫാ. ഫിലിപ്പ് ഞരളക്കാട്ട്



സെന്റ് കാതറൈൻ മൊണാസ്ട്രിയോടു വിടപറയേണ്ട സമയമായി. 'നീ നില്ക്കുന്ന സ്ഥലം വിശുദ്ധമാണ്. നിന്റെ ചെരുപ്പുകൾ അഴിച്ചുമാറ്റുക' എന്ന് ദൈവം മോശയോട് അരുൾചെയ്ത സ്ഥലത്താണ് ഈ ആശ്രമം സ്ഥിതിചെയ്യുന്നത്. 1600 വർഷം പഴക്കമുള്ളതും ആദിമസഭയുടെ ചൈതന്യം കാത്തുസൂക്ഷിക്കുന്നതുമായ ഒരു സന്ന്യാസാശ്രമം കണ്ട സംതൃപ്തി ഞങ്ങൾക്കെല്ലാവർക്കും ഉണ്ടായിരുന്നു. ഇന്നുതന്നെ ഞങ്ങൾക്കു വിശുദ്ധനാട്ടിൽ എത്തേണ്ടതുണ്ട്. ദൈവികവെളിപാടുകളുടെ മലയായ സീനാമല അടുത്തുതന്നെ തലയുയർത്തിനില്പുണ്ട്. ഞങ്ങൾ താമസിയാതെ ബസിൽക്കയറി യാത്രയുടെ അടുത്ത ഘട്ടമാരംഭിച്ചു.

സീനായിൽനിന്ന് 270 കിലോമീറ്റർ സഞ്ചരിച്ചാലേ ഇസ്രായേലിന്റെ അതിർത്തിയായ താബായിൽ എത്തുകയുള്ളൂ. സെന്റ് കാതറൈൻ മൊണാസ്ട്രി ഞങ്ങളുടെ ദൃഷ്ടിയിൽനിന്നു മറഞ്ഞു. സീനാമലയുടെ ഉയർന്ന കൊടുമുടികൾ മഞ്ഞിന്റെ മകുടമണിഞ്ഞു നില്ക്കുന്നത് അകലെയായി കുറെ നേരത്തേക്കുള്ള ദൃശ്യമായിരുന്നു. അതിനുശേഷം ഇരുവശവും പച്ചപ്പില്ലാത്ത വരണ്ട മരുഭൂമിയാണ്. ഉയർന്ന കുന്നുകളും അവയുടെ താഴ്വരയുമെല്ലാം കടന്നുപൊയ്ക്കൊണ്ടിരുന്നു. സീനായിൽനിന്ന് മോശയുടെ നേതൃത്വത്തിൽ ഇസ്രായേൽജനം കാനാൻദേശത്തേക്കു സഞ്ചരിച്ചത് ഞങ്ങൾ ഇപ്പോൾ സഞ്ചരിച്ചുകൊണ്ടിരിക്കുന്ന വഴിയിൽനിന്നു കുറെ മാറിയാണ് എന്നാണ് ബൈബിളിന്റെ വിവരണങ്ങളിൽനിന്നു മനസ്സിലാകുന്നത്. ഇസ്രായേൽക്കാർ നീങ്ങിയത് ദൈവസാന്നിധ്യമുള്ള മേഘത്തിന്റെ സഞ്ചാരം നോക്കിയായിരുന്നു. അങ്ങനെ സഞ്ചരിച്ച് അവർ പാരാൻ (ഫാരാൻ) മരുഭൂമിയിൽ എത്തി (സംഖ്യ 10:12). പാരാൻ, സീനാ ഉപദ്വീപിന്റെ തെക്കുഭാഗത്തുള്ള മണലാരണ്യമാണെന്നു കരുതപ്പെടുന്നു. ഈ സ്ഥലമിപ്പോൾ അറേബ്യയുടെ പടിഞ്ഞാറുഭാഗത്തു സ്ഥിതിചെയ്യുന്ന മണലാരണ്യപട്ടണമായ ഹിജാസ് (Hijaz) ആണെന്നു ചിലർ അഭിപ്രായപ്പെടുന്നു. പാരാസിൽനിന്ന് മോശ കാനാൻദേശം നിരീക്ഷിക്കാനായി ഇസ്രായേലിലെ ഓരോ ഗോത്രത്തിൽനിന്ന് ഓരോരുത്തരെവീതം തിരഞ്ഞെടുത്തയച്ചു. ഏതാനും ദിവസങ്ങൾ രഹസ്യമായി ദേശം നിരീക്ഷിച്ചതിനുശേഷം അവർ തിരിച്ചെത്തി. അസാധാരണവലുപ്പമുള്ള ഒരു മുന്തിരിക്കുലയും മറ്റു ചില പഴങ്ങളും ശേഖരിച്ചാണ് അവരെത്തിയത്. അവർ പറഞ്ഞു. കാനാൻദേശം തേനും പാലുമൊഴുകുന്ന സ്ഥലം തന്നെ. എന്നാൽ, ജനങ്ങൾ അതികായന്മാരും അവരുടെ പട്ടണങ്ങൾ കോട്ടകളാൽ സുരക്ഷിതവുമാണ്. അവരിൽ കാലെബും ജോഷ്വായുമൊഴികെയുള്ളവർ പറഞ്ഞു: അവിടം കീഴടക്കുക അസാധ്യമാണ്. അതികായന്മാരായ അനാക്കിമിന്റെ മക്കൾ നമ്മളെ തകർത്തുകളയും. ഈ വാർത്തയാണ് ജനങ്ങളുടെയിടയിൽ പരന്നത്. ജനങ്ങൾ ഭയചകിതരായി.

മാത്രമല്ല, മോശയെയും അഹറോനെയും അവർ നിശിതമായി വിമർശിക്കുകയും ഒരു നേതാവിനെ തിരഞ്ഞെടുത്ത് ഈജിപ്തിലേക്കു തിരിച്ചുപോകുവാൻ തീരുമാനിക്കുകയും ചെയ്തു. കർത്താവിനെ അവിശ്വസിച്ചതിനു ലഭിച്ച ശിക്ഷ കഠിനമായിരുന്നു. കർത്താവു പറഞ്ഞു: കാലെബും ജോഷ്വായുമൊഴികെ മറ്റാരും വാഗ്ദത്തഭൂമിയിൽ പ്രവേശിക്കുകയില്ല. ഈ തലമുറ മുഴുവൻ മരുഭൂമിയിൽ മരിച്ചുവീഴുന്നതുവരെ നാല്പതുവർഷം മരുഭൂമിയിൽ അവർ അലഞ്ഞുതിരിയണം. ഇസ്രായേൽജനം വീണ്ടും മരുഭൂമിയിലേക്കു മടങ്ങി. കഷ്ടപ്പെട്ട് ആ ജനതയെ നയിച്ച മോശയ്ക്കുപോലും കാനാൻദേശത്തു പ്രവേശിക്കാൻ ദൈവം ഇടവരുത്തിയില്ല. നാല്പതുവർഷങ്ങൾക്കുശേഷം നെബോമലയിൽ നിന്നുകൊണ്ട് കാനാൻദേശം ഒരു നോക്കു കാണുവാൻ മാത്രമേ മോശയ്ക്കു സാധിച്ചുള്ളൂ. കാലെബും ജോഷയും മാത്രമാണ് നാല്പതുവർഷങ്ങൾക്കുശേഷം അടുത്ത തലമുറയെയും നയിച്ചുകൊണ്ട് കാനാൻദേശത്തു പ്രവേശിച്ചത്.

ഞങ്ങളുടെ യാത്രാസംഘം താബാ അതിർത്തിയെ സമീപിക്കുകയാണ്. സീനായിൽനിന്നുള്ള ഞങ്ങളുടെ യാത്ര പൂർണമായി ഈജിപ്തിന്റെ അധീനതയിലുള്ള സ്ഥലത്തുകൂടി ആയിരുന്നു. ഈജിപ്തും ഇസ്രായേലും തമ്മിൽ നടന്ന ആറുദിനയുദ്ധത്തിൽ ഈ പ്രദേശങ്ങൾ മുഴുവൻ ഇസ്രായേൽ പിടിച്ചെടുത്തിരുന്നതാണ്. എന്നാൽ, പിന്നീടുണ്ടായ ഉടമ്പടിപ്രകാരം താബാവരെയുള്ള പ്രദേശങ്ങളിൽനിന്ന് ഇസ്രായേൽ പിന്മാറുകയും ആ സ്ഥലങ്ങൾ ഈജിപ്തിനു വിട്ടുകൊടുക്കുകയും ചെയ്തു. ചെങ്കടൽതീരത്തുകൂടിയാണ് ഞങ്ങളുടെ യാത്ര. വിശാലമായ താഴ്വരകളും കുന്നുകളുമെല്ലാം കടന്ന്, ഞങ്ങളുടെ യാത്രാബസ് താബായിലെത്തി. രാത്രിയായി. രേഖകളെല്ലാം കാണിച്ച് ഇസ്രായേലിലേക്കു പ്രവേശിക്കാനുള്ള അനുമതി കിട്ടാൻ കുറേസമയമെടുത്തു. പിന്നീടുള്ള യാത്ര ഇസ്രായേലിന്റെ സ്ഥലത്തുകൂടിയായിരുന്നു. രാത്രി ഒൻപതുമണിയോടെ ജറൂസലേമിനു സമീപത്തുള്ള ഞങ്ങളുടെ താമസസ്ഥലത്തെത്തിച്ചേർന്നു. പിറ്റേ ദിവസംമുതൽ ഈശോമിശിഹായുടെ ജീവിതവുമായി ബന്ധപ്പെട്ട സ്ഥലങ്ങൾ സന്ദർശിക്കുകയാണ്. ആ സന്തോഷത്തിൽ യാത്രാക്ഷീണമെല്ലാം മറന്നു രാത്രിയിൽ ഞങ്ങൾ വിശ്രമിച്ചു.

(തുടരും)

## പ്രവാസികൾക്കു സഹായവുമായി പാലാ രൂപത

പാലാ: പ്രവാസികൾക്കു തൊഴിൽ സാധ്യതകൾ കണ്ടെത്താൻ പാലാ രൂപത പ്രവാസി അപ്പോസ്റ്റലേറ്റ്, കേരള ലേബർ മൂവ്മെന്റ് രൂപതാഘടകം, പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി എന്നിവയുമായി സഹകരിച്ച് പദ്ധതികൾ രൂപീകരിക്കുന്നു. കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന പാലാ രൂപതയിലെ നിരവധി പ്രവാസികൾ ജോലി നഷ്ടപ്പെട്ട് നാട്ടിലേക്കു വന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ, ആദ്യഘട്ടമെന്ന നിലയിൽ, നാട്ടിൽ ചെയ്യാൻ സാധിക്കുന്ന തൊഴിലുകളെക്കുറിച്ചുള്ള ഡാറ്റാ കളക്ഷനും നിലവിൽ പ്രവാസികളായവരുടെ രജിസ്ട്രേഷനുള്ള എൻട്രി ഫോമും ഉൾപ്പെടെ രണ്ട് ഗൂഗിൾ ഫോമുകളുടെ ലോഞ്ചിംഗ് പാലാ രൂപത ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് നിർവ്വഹിച്ചു.



തൊഴിൽ നഷ്ടപ്പെട്ട് നാട്ടിലെത്തുന്ന പ്രവാസികളുടെ വിവരശേഖരണത്തിനായുള്ള ഗൂഗിൾ ഫോമിന്റെ ലോഞ്ചിംഗ് പാലാ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിക്കുന്നു.

കോവിഡ്രോഗബാധയുടെ പശ്ചാത്തലത്തിൽ അന്യസംസ്ഥാനത്തൊഴിലാളികൾ സ്വദേശത്തേക്കു മടങ്ങിയതുമൂലം നാട്ടിൽ ഉണ്ടായിരിക്കുന്ന നിരവധി തൊഴിൽസാധ്യതകൾ കണ്ടെത്തി രൂപതയിലെ ഇടവകകളുടെയും സംഘടനകളുടെയും സഹകരണത്തോടെ ഏകോപിപ്പിക്കുകയാണ് ലക്ഷ്യം.

ലോക്ഡൗൺകാലത്ത് വിവിധതരത്തിൽ വിഷമിക്കുന്നവർക്ക് വിവിധ തലങ്ങളിൽ സഹായങ്ങൾ നൽകിയതിനുപുറമേ, കേരളത്തിനു വെളിയിൽനിന്നും ഇന്ത്യയ്ക്കു വെളിയിൽനിന്നും നാട്ടിൽ എത്തുന്നവർക്ക് ക്വാറന്റൈൻ സൗകര്യത്തിനായി രൂപതയുടെ വിവിധ സ്ഥാപനങ്ങൾ ഗവൺമെന്റിനു വിട്ടുകൊടുത്തിരുന്നു. ക്വാറന്റൈൻ സൗകര്യത്തിനായി വീടുകൾ കണ്ടെത്തി നൽകുന്നതോടൊപ്പം രോഗവ്യാപനം വർദ്ധിക്കുന്ന സാഹചര്യത്തിൽ ചികിത്സയ്ക്കും മറ്റു സൗകര്യങ്ങൾക്കുമായി കൂടുതൽ സ്ഥാപനങ്ങൾ വിട്ടുനൽകാനുള്ള തയ്യാറെടുപ്പിലാണ് പാലാ രൂപത. ഗവൺമെന്റിനെയും ആരോഗ്യപ്രവർത്തകരെയും പോലീസുകാരെയും ജനപ്രതിനിധികളെയും സഹായിക്കാനുള്ള വോളണ്ടിയർസംഘങ്ങൾ, കോവിഡ്രോഗം ബാധിച്ചു മരിക്കുന്നവരുടെ മൃതസംസ്കാരശുശ്രൂഷ ഉൾപ്പെടെ വിവിധ കാര്യങ്ങൾ കോർത്തിണക്കി രൂപത കോവിഡ് ടാസ്ക് ഫോഴ്സ് രൂപീകരിച്ചുവരുന്നു.

സഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ, ഡോ. ജോസഫ് തടത്തിൽ, ഫാ. ബർക്കുമാൻസ് കുന്നുംപുറം, ഫാ. തോമസ് കിഴക്കേൽ, ഫാ. ജോർജ്ജ് നെല്ലിക്കുന്നു ചെരിവുപുരയിടം, ഫാ. തോമസ് തയ്യിൽ, ഫാ. ജോൺ എടേട്ട് തുടങ്ങിയവർ സന്നിഹിതരായിരുന്നു.




## കാലം പറഞ്ഞത്

"ഒഴുകുന്ന പുഴപോലെയാണ് കാലവും."

വർഷകാലങ്ങളിൽ പെരുത്തും വേനൽക്കാലങ്ങളിൽ പതുങ്ങിയും ഒഴുകുന്ന പുഴപോലെ ചില കാലങ്ങളിൽ മനുഷ്യരുടെ നന്മകളാൽ സമ്പന്നമായും മറ്റു ചിലപ്പോൾ അവന്റ തിന്മകളാൽ ശോഷിച്ചും കാലവും ഒഴുകിക്കൊണ്ടിരുന്നു.

ശ്ലാഘനീയമായ ഒരു നവോത്ഥാനത്തിന്റെ ശുഭ്രപതാക രാമപുരത്തിനുമേൽ പാറിക്കളിച്ചു. അകക്കണ്ണാൽ അതൊക്കെ നോക്കിക്കണ്ട് കുഞ്ഞച്ചൻ ആഹ്ലാദം അനുഭവിച്ചു.

കേരളത്തിൽ ചട്ടമ്പിസ്വാമികളും ശ്രീനാരായണഗുരുവും അയ്യങ്കാളിയും ചാവറയച്ചനും വെട്ടിത്തുറന്ന നവോത്ഥാനപാതകൾക്കു സമാന്തരമായി കുഞ്ഞച്ചൻ രാമപുരത്തും സമീപസ്ഥലങ്ങളിലും വെട്ടിയൊരുക്കിയ ഒറ്റയടിപ്പാത. അത് സീയോനിലേക്കും വിശുദ്ധ പർവ്വതങ്ങളിലേക്കുമുള്ള വഴികൾ പോലെയായിരുന്നു. അത് കല്ലും മുള്ളും നിറഞ്ഞതും ഇടുങ്ങിയതുമായിരുന്നു.

രാമപുരത്തെ ദളിത്ക്രൈസ്തവർ വസ്ത്രം ധരിക്കുന്നതുപോലെ ജ്ഞാനത്തെ ധരിച്ചു. അവർ വെടിപ്പും വിവേകവുമുള്ളവരായി പരിണമിച്ചുകൊണ്ടിരുന്നു. അവരിപ്പോൾ പുല്ലുപോലെ ഉണങ്ങിപ്പോകുന്നില്ല. അവരുടെ പാനീയത്തിൽ ആരും കണ്ണീർ കലക്കുന്നില്ല. അവർക്കു മുകളിൽ ആകാശം മേഘാവൃതമായിരിക്കുമ്പോഴും സൂര്യൻ ഉജ്ജ്വലമായി പ്രകാശിക്കുന്നു എന്നവർ അറിവുകൊണ്ടു.

അങ്ങനെ അറിവുകൊണ്ടും നെറിവുകൊണ്ടും ഭേദപ്പെട്ട ജീവിതസാഹചര്യങ്ങൾകൊണ്ടും ദളിത്ക്രൈസ്തവർ തെളിമയാർന്നൊരു ജീവിതം അനുഭവിക്കാൻ തുടങ്ങിയിരുന്നു. അനേകർ ജ്ഞാനസ്നാനം സ്വീകരിക്കാൻ സ്വമേധയാ മുന്നോട്ടുവന്നു.

"ഒഴുകുന്ന പുഴപോലെയാണ് കാലവും..."

അങ്ങനെതന്നെയായിരുന്നു കുഞ്ഞച്ചന്റെ പ്രായവും. ഒരു മുന്നറിയിപ്പുമില്ലാതെയാണ് ഒരു പനി കുഞ്ഞച്ചനെ ബാധിച്ചത്. രാമപുരത്തെ ഗവൺമെന്റാശുപത്രിയിലെ ഡോക്ടർമാരുടെ ചികിത്സ കൊണ്ടു കാര്യമായ ഗുണം കണ്ടില്ല. ഇൻജക്ഷനെടുക്കാൻ കുഞ്ഞച്ചൻ അനുവദിച്ചിരുന്നില്ല. കുഞ്ഞച്ചൻ ശാരീരികമായും മാനസികമായും ക്ഷീണിതനായി.

രാമപുരത്തെ തെക്കേപ്പള്ളിയുടെ മുറിയുടെ രണ്ടാംനിലയിലെ കിഴക്കേ അറ്റത്തെ മുറിയിലാണ് കുഞ്ഞച്ചൻ താമസിച്ചിരുന്നത്. വാതിലും ജനലുകളുമടച്ച് ആർക്കും പ്രവേശനമില്ലാതെ. ശയ്യാവലംബിയായ കുഞ്ഞച്ചൻ ധ്യാനത്തിന്റെയും പ്രാർത്ഥനയുടെയും ഹോമാഗ്നിയിൽ സ്വയം ദഹിക്കുമ്പോൾ സത്യം അറിയുന്നു.

മനുഷ്യൻ പ്രഭാതത്തിൽ മുളപൊട്ടുന്ന പുല്ക്കൊടിപോലെയാകുന്നു. രാവിലെ പച്ചയായും രാത്രിയിൽ വൈക്കോലായും കാണുന്നതുപോലെ ചില മണിക്കൂറുകൾക്കകം ആരോഗ്യമുള്ള മനുഷ്യൻ ബലഹീനനായിത്തീരുന്നു. നാം ദേവദാരുവോ കരുവേലകയോ അല്ല. പുല്ലുമാത്രമാകുന്നു. വസന്തത്തിൽ പച്ചയായിരിക്കും. പക്ഷേ, അത് വേനലിൽ നിലനില്ക്കുകയില്ല. ഭൂമിയിൽ മനുഷ്യരേക്കാൾ ബലഹീനരായി എന്തെങ്കിലുമുണ്ടോ...?

കുഞ്ഞച്ചൻ കണ്ണുകളടച്ചു കിടക്കുമ്പോൾ ഓർമ്മകൾക്കു മീതേ ഗതകാലത്തിന്റെ പ്രകാശം വന്നു വീഴുന്നു.

കർത്താവിൽ പുനർജനിക്കപ്പെട്ട ആറായിരത്തോളം ദളിത് ക്രിസ്ത്യാനികൾ. അവർക്കിനി ആരുണ്ട്...? അവർക്കുമുന്നിൽ വിശ്വാസത്തിന്റെ അംഗവസ്ത്രം ധരിച്ച് അവരെ വഴിനടത്താൻ ആരുണ്ട്?

വ്യസനത്തിന്റെ ഒരു ധൂമപടലം വന്ന് കുഞ്ഞച്ചനെ വലയം ചെയ്യുന്നു. കുഞ്ഞച്ചൻ കണ്ണുകൾ ഇറുക്കിയടച്ചു. മനസ്സ് ഏകാഗ്രമാക്കി ജപമാലരഹസ്യങ്ങളുടെ ശാന്തിയിലേക്ക് ഇറങ്ങിച്ചെന്നു. പിന്നെയെപ്പോഴോ കുഞ്ഞച്ചൻ ഒരു മയക്കത്തിലേക്കു വഴുതി.

മയക്കത്തിലും കുഞ്ഞച്ചന്റെ ഉപബോധമനസ്സിൽ കറുപ്പിലും വെളുപ്പിലുമുള്ള ചലച്ചിത്രങ്ങൾ പോലെ പോയ കാലങ്ങൾ...

തിരുവിതാംകൂർ ഗവൺമെന്റിന്റെ ഉത്തരവ് വന്ന കാലം. "ക്രിസ്തുമതം സ്വീകരിക്കുന്ന അധഃകൃതർക്ക് സർക്കാരിൽനിന്നുള്ള ഒരാനുകൂല്യങ്ങളും ലഭിക്കുന്നതല്ല."

മതപരിവർത്തനം തടയുന്നതിനുള്ള സർക്കാരിന്റെ ബോധപൂർവ്വമായിട്ടുള്ള ഒരിടപെടലായിരുന്നത്. അത് കുഞ്ഞച്ചന്റെ പ്രവർത്തനങ്ങളെ കുറച്ചൊന്നുമല്ല ബാധിച്ചത്.

കൊടിയ തപസ്സിൽ ഏതോ പർവ്വതാഗ്രത്തിൽ പെട്ടുപോയ ഒരാളെപ്പോലെയായിത്തീർന്നു കുഞ്ഞച്ചൻ. മലഞ്ചെരുവുകളിലെ മഹാവിപിനങ്ങളിൽനിന്ന് ഏതോ ഹിംസ്രജന്തുക്കൾ മുരണ്ടോടുന്നു.

കാലത്തിന്റെ മഹാസാഗരങ്ങളിൽനിന്ന് കരകയറിവന്ന ഉപ്പുരസമുള്ള കാറ്റിൽ കുഞ്ഞച്ചൻ വിറകൊള്ളുന്നു. പിന്നോട്ടൊഴുകുന്ന ഒരു ഉഷ്ണജലപ്രവാഹംപോലെയായിരുന്നു കുഞ്ഞച്ചന്റെ മനസ്സ്.

താൻ ഇത്രകാലം പ്രവർത്തിച്ചതൊക്കെ പാഴും ശൂന്യവുമായിത്തീരുകയാണോ? തന്റെ അജഗണങ്ങൾ ലക്ഷ്യംതെറ്റി ഉൾക്കാടുകളിലെ മരണമുഖങ്ങളിലേക്കു മടങ്ങുന്നുവോ? കുഞ്ഞച്ചന്റെ ഹൃദയം വെന്തു. അതു കൊല്ലന്റെ ആലയിലെ അടകല്ലിൽ ചുറ്റികയുടെ പ്രഹരമേല്ക്കുന്ന ചുട്ടുപഴുത്ത ഇരുമ്പുപോലെ ചതഞ്ഞു.

ആയിരത്തിത്തൊള്ളായിരത്തി മുപ്പത്തിരണ്ടിൽ ശ്രീചിത്തിരതിരുനാൾ തിരുവിതാംകൂറിന്റെ ഭരണസാരഥ്യമേറ്റു. സർ സി.പി. രാമസ്വാമി അയ്യർ അദ്ദേഹത്തിന്റെ ഉപദേഷ്ടാവും.

അക്കാലത്ത് തിരുവിതാംകൂറിൽ നിലനിന്നിരുന്ന മരുമക്കത്തായം അവസാനിപ്പിക്കാൻ നായർ സമുദായത്തിന്റെ ഒപ്പിടീൽപ്രസ്ഥാനത്തിൽ ക്രിസ്ത്യാനികൾ സഹകരിച്ചില്ല. അതിനുള്ള പകപോക്കലായിരുന്നു കുപ്രസിദ്ധമായ ഈ ഭരണപരിഷ്കാരം.

ഇതനുസരിച്ച് പല മൗലികാവകാശങ്ങളും ക്രിസ്ത്യാനികൾക്ക് നിഷേധിക്കപ്പെട്ടിരുന്നു. ഗത്യന്തരമില്ലാതെ ഈ ഭരണപരിഷ്കാരത്തോട് നിവർത്തനമാരംഭിക്കുവാൻ ക്രിസ്ത്യാനികൾ തീരുമാനിച്ചു. ഈഴവ മുസ്ലീം സമുദായങ്ങളും ഈ ഭരണപരിഷ്കാരത്തിന് എതിരായിരുന്നു. അങ്ങനെ ഈഴവ ക്രിസ്ത്യൻ മുസ്ലീം സമുദായങ്ങൾ ഒറ്റക്കെട്ടായിനിന്ന് ഇതിനെതിരേ പോരാടി. അതിന്റെ ഫലമായി സർക്കാരിന് പ്രസ്തുത നിയമം പൊളിച്ചെഴുതേണ്ടി വന്നു.



ഈ പരാജയം സർക്കാരിനെ കൂടുതൽ അസ്വസ്ഥമാക്കി. സർ സി.പിയും ജൂണിയർ മഹാറാണിയും ക്രൈസ്തവസമൂഹത്തെ എങ്ങനെയും തകർക്കാനുള്ള അടവുകൾ പയറ്റിക്കൊണ്ടിരിക്കുന്നു.

പക്ഷേ, അക്കാലത്ത് സ്റ്റേറ്റ് കോൺഗ്രസിന്റെ ഉത്തരവാദിത്വപ്രക്ഷോഭം ആരംഭിച്ചതോടെ സർക്കാരിന് അതിനെ നേരിടാൻ കൂടുതൽ സമയവും ശ്രദ്ധയും വേണ്ടിവന്നതിനാൽ ക്രൈസ്തവവിരുദ്ധപ്രവർത്തനങ്ങൾക്കു വലിയ അവസരമൊന്നും കിട്ടിയില്ല. എങ്കിലും പരിവർത്തിതരാകുന്ന അധഃകൃതർക്കെതിരേയുള്ള ഉത്തരവ് സർക്കാർ നടപ്പാക്കി.

തിരുവിതാംകൂർ രാജഭരണകാലത്ത്, ഭരണസമ്പ്രദായങ്ങളാലും സവർണസമൂഹത്താലും അവർണരായവർക്ക് സമൂഹത്തിൽ നാനാവിധത്തിലുള്ള അവഗണനയാണു നേരിടേണ്ടിവന്നത്. അതിൽ പ്രതിഷേധിച്ച് ഈഴവസമുദായം ഒറ്റക്കെട്ടായി ക്രിസ്തുമതം സ്വീകരിക്കാൻ ആലോചന തുടങ്ങി. ആ വിപത്തിനെ നേരിടാൻകൂടിയായിരുന്നു ആയിരത്തിത്തൊള്ളായിരത്തി മുപ്പത്തിയാറിലെ ക്ഷേത്രപ്രവേശനവിളംബരം.

ആയിരത്തിത്തൊള്ളായിരത്തി മുപ്പത്തൊൻപതിൽ മറ്റൊരശനിപാതംപോലെ രണ്ടാംലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടു. നാല്പത്തഞ്ചുവരെ യുദ്ധം നീണ്ടുനിന്നു. സാമ്പത്തികമായ വലിയൊരു അധഃപതനത്തിന്റെ കാലഘട്ടമായിരുന്നത്.

അരിമുതൽ തുണിവരെയുള്ള സാധനങ്ങൾക്ക് കൊടിയ ക്ഷാമം. അത്യാവശ്യസാധനങ്ങൾക്കെല്ലാം റേഷനിംഗ് ഏർപ്പെടുത്തേണ്ടി വന്നു. കാർഷികോത്പന്നങ്ങൾക്കെല്ലാം കുത്തനേ വിലയിടിഞ്ഞു. സമ്പന്നർപോലും യാതനയുടെ കയത്തിൽപ്പെട്ടു. പാവപ്പെട്ട ദളിത് മക്കൾക്ക് ഒരു പീഡാസഹനത്തിന്റെ കാലമായിരുന്നത്. കുഞ്ഞച്ചനെ സംബന്ധിച്ചിടത്തോളം അതൊരു ക്രൂശാരോഹണത്തിന്റെയും.

മൂർച്ചയുള്ള കല്ലുകളും കൂർത്തുമൂർത്ത ഞെരിഞ്ഞിൽ മുള്ളുകളും നിറഞ്ഞ ഒരിടവഴി കുഞ്ഞച്ചന്റെ മനോമുകുരത്തിൽ തെളിയുന്നു. അത് ഗാഗുൽത്താകുന്നുകളിലേക്കുള്ളതാണ്. കുന്നിൻമുകളിൽനിന്ന് മുന്നാണികളിൽ ചുറ്റിക പതിയുന്ന ശബ്ദം കേട്ടു. പിന്നെ ഒരാർത്തനാദവും.

കർഷകരുടെ കൃഷിയിടങ്ങളിൽ ചാഴിയും പുഴുവും വിലക്കുമ്പോഴും ഇടഞ്ഞുനിൽക്കുന്ന കാളക്കൂറ്റനെ മെരുക്കുമ്പോഴും മാരിയപ്പനിൽനിന്ന് മന്ത്രമണി വാങ്ങി അയാളെ വിശ്വാസത്തിലേക്കെത്തിക്കുമ്പോഴും ചീരുകണ്ടനെ വഴിതിരിച്ചു നടത്തുമ്പോഴും ഉരിയാട്ടം മുട്ടിയ പെൺകുട്ടിയെ സംസാരിപ്പിക്കുമ്പോഴും താൻ പ്രാർത്ഥനയും ധ്യാനവും കൊണ്ട് യേശുനാഥനിൽ ശക്തി നേടിയിരുന്നല്ലോ...

പക്ഷേ, ഇപ്പോൾ... താൻ അധീരനാകുന്നതുപോലെ കുഞ്ഞച്ചനു തോന്നി.

കാരുണ്യരഹിതമായ ഒരു വരൾച്ചക്കാലമായിരുന്നു കുഞ്ഞച്ചനു ചുറ്റും. ഹരിതം വാർന്ന് നരച്ചുപോയ പ്രകൃതി. പൊടിപടലങ്ങൾ നിറഞ്ഞ ഉഷ്ണക്കാറ്റ്. അത് കുഞ്ഞച്ചനെ ശ്വാസം മുട്ടിക്കുന്നു. പൊട്ടിച്ചൂട്ടുപോലെ കത്തുന്ന സൂര്യൻ. അത് കുഞ്ഞച്ചന്റെ കാഴ്ച നഷ്ടപ്പെടുത്തുന്നു. ആശങ്കകൾ ഒരു പ്രളയംപോലെ കുഞ്ഞച്ചനെ തളർത്തുന്നു.

മുപ്പത്തിയാറിലെ ക്ഷേത്രപ്രവേശനവിളംബരം വന്നതോടെ അധഃകൃതർക്കും ക്ഷേത്രങ്ങളിൽ പോകാമെന്നും അവിടുത്തെ പൂജാകർമ്മങ്ങളിൽ പങ്കെടുക്കാമെന്നും വന്നതോടെ ജ്ഞാനസ്നാനം സ്വീകരിച്ച ചിലരൊക്കെ അങ്ങോട്ട് ആകൃഷ്ടരായി. ചിലരൊക്കെ പൂർവ്വാശ്രമങ്ങളിലേക്കു തിരിച്ചുപോയി.

അപ്പോൾ കുഞ്ഞച്ചൻ വഴി മറന്ന ഒരു യാത്രക്കാരനെപ്പോലെയായിരുന്നു. മനുഷ്യന്റെ ശിരോലിഖിതങ്ങൾപോലെ നാലുദിക്കിലേക്കും വളഞ്ഞുപുളഞ്ഞു കിടക്കുന്ന വഴികൾ... ഏതു വഴിയിലൂടെയാണ് തനിക്കു യാത്ര തുടരേണ്ടത്...? ഏതു മാർഗ്ഗത്തിലൂടെയാണ് കൊഴിഞ്ഞുപോകുന്ന തന്റെ അജഗണങ്ങളെ സംരക്ഷിക്കേണ്ടത്...? ആലോചിച്ചു നില്ക്കാനും നിസംഗനായിരിക്കാനും കുഞ്ഞച്ചനു കഴിയുമായിരുന്നില്ല.

സമയമുള്ളപ്പോൾ സമയത്തെ ഉപയോഗിക്കണമെന്ന് കുഞ്ഞച്ചൻ അറിഞ്ഞു. എപ്പോഴും സമയമായിരിക്കില്ല. സമയം കടന്നു പൊയ്ക്കൊണ്ടേയിരിക്കും. ഓരോ ദിവസവും നമ്മുടെ അവസാനത്തേത് എന്നു കുറിക്കണം. അങ്ങനെ എണ്ണാത്തവന് ഭൂമിയിൽ അലസനായിരിക്കാനേ കഴിയൂ.

കുഞ്ഞച്ചന് അലസനായിരിക്കുവാൻ കഴിയുമായിരുന്നില്ല. കുഞ്ഞച്ചന്റെ വിനാഴികകൾ ദളിത്മക്കൾക്കു വേണ്ടിയുള്ളതായിരുന്നു. അത് ദൈവം കുഞ്ഞച്ചന്റെ ജീവിതത്തിൽ കുറിച്ചിട്ടിരിക്കുന്ന സത്യവചനമാകുന്നു.

*(തുടരും)*

# കുടക്കച്ചിറ അന്തോനിക്കത്തനാർ
# കേരളസഭയുടെ ധീരപുത്രൻ

**മാർത്തോമ്മാനസ്രാണികളുടെ പുനരൈക്യത്തിനായി പരിശ്രമിച്ച സന്ന്യാസശ്രേഷ്ഠൻ കുടക്കച്ചിറ അന്തോനിക്കത്തനാരുടെ 163-ാം ഓർമ്മയാചരണം പാലാ രൂപതയിലെ പ്ലാശനാൽ മർത്ത് മറിയം പള്ളിയിൽ ജൂലൈ 22 ന് നടന്നു.**

**ഫെബിൻ ജോർജ്**

പാലാ ജന്മംനൽകിയ സന്ന്യാസശ്രേഷ്ഠരിൽ മുൻപന്തിയിൽ നിൽക്കുന്നയാളാണ് സഹദാ കുടക്കച്ചിറ അന്തോനിക്കത്തനാർ.

'സഹദാ' എന്ന പേരിൽ അറിയപ്പെടാൻ അദ്ദേഹം രക്തസാക്ഷി ആണോ? രക്തം ചിന്തിയില്ല എന്നു മാത്രമേയുള്ളൂ, അദ്ദേഹം രക്തസാക്ഷിതന്നെയാണ്. ആദർശങ്ങളിൽ അടിയുറച്ചുനിന്ന് അതിനായി സധൈര്യം പോരാടി സ്വന്തം ജീവൻ ത്യജിച്ച ആളെ രക്തസാക്ഷി എന്നല്ലാതെ പിന്നെന്തു വിളിക്കും? അദ്ദേഹം സഹദാ തന്നെയാണ്, മാർത്തോമ്മാനസ്രാണിസഭയ്ക്കു ജീവൻ നൽകിയ വൈദികശ്രേഷ്ഠൻ.

അദ്ദേഹത്തിന്റെ കൃത്യമായ ജനനത്തീയതി നമുക്ക് അറിവില്ല. അരനൂറ്റാണ്ടുപോലും ജീവിച്ചില്ല എങ്കിലും അതിലേറെ കാര്യങ്ങൾ മാതൃസഭയ്ക്കുവേണ്ടി ചെയ്ത ആളാണ് അദ്ദേഹം. പാലായിൽ വസൂരി പടർന്നുപിടിച്ച അവസരത്തിൽ രോഗബാധിതരെ ശുശ്രൂഷിക്കുകയും മരിച്ചവരെ സംസ്കരിക്കുകയും ചെയ്തതിലൂടെ അദ്ദേഹം കൂടുതൽ ശ്രദ്ധിക്കപ്പെട്ടു. ആർക്കും തോല്പിക്കാൻ കഴിയാതിരുന്ന വാക്ചാതുര്യം അദ്ദേഹത്തിനുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ജീവിതവിശുദ്ധി അനേകരെ അദ്ദേഹത്തിലേക്ക് ആകർഷിച്ചു.

അദ്ദേഹത്തിന്റെ പല നിലപാടുകളെയും എതിർത്തിരുന്ന വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചൻ പോലും അദ്ദേഹത്തിന്റെ ജീവിതവിശുദ്ധിയെ ആദരിച്ചിരുന്നു. ചാവറയച്ചന്റെ 'നാളാഗമ'ത്തിൽ ഏറ്റവും കൂടുതൽ തവണ ആവർത്തിക്കപ്പെടുന്ന പേര് കുടക്കച്ചിറ അന്തോനിക്കത്തനാരുടേതാണ്.



കുടക്കച്ചിറ അന്തോനിക്കത്തനാർ

നസ്രാണിസഭയുടെ സ്വാതന്ത്ര്യസമരസേനാനിയാണ് അന്തോനിക്കത്തനാർ. കുന്നേൽ മല്പാൻ, പൂണ്ടിക്കുളം മല്പാൻ, കട്ടക്കയം മല്പാൻ എന്നിവരുടെ കീഴിൽ അദ്ദേഹം സുറിയാനി പഠിച്ചു. സന്ന്യാസത്തിനുവേണ്ടി കൊതിച്ച അദ്ദേഹം അത് മാന്നാനത്തു നടപ്പാകില്ല എന്നു മനസ്സിലായതോടെ സ്വന്തമായി ഒരു ദയറാ സ്ഥാപിക്കാൻ തീരുമാനിച്ചു. 'ഞാൻ മടലൊടിച്ചു കെട്ടിയാണെങ്കിലും ഒരു ദയറാ ഉണ്ടാക്കും' എന്ന് പറഞ്ഞ് അദ്ദേഹം മാന്നാനത്തുനിന്നിറങ്ങി. ഈജിപ്റ്റിലെ സന്ന്യാസശ്രേഷ്ഠനായ മാർ അന്തോനി ബാവായുടെ സന്ന്യാസാശ്രമമാതൃകയിൽ ഒരു സന്ന്യാസപ്രസ്ഥാനം അദ്ദേഹം പ്ലാശനാൽ സ്ഥാപിച്ചു. നമ്മുടെ സഭയുടെ തനതുശൈലിയിലുള്ള ഒരു ദയറാ ആയിരുന്നു അത്. നിരവധി വൈദികരും മ്ശംശാനാമാരും അദ്ദേഹത്തിന്റെകൂടെ ചേർന്നു. പക്ഷേ, നിർഭാഗ്യവശാൽ അദ്ദേഹത്തിന്റെ കാലശേഷം പ്രസ്തുത ദയറാ മറ്റൊരു സമൂഹം ഏറ്റെടുക്കുകയും പിന്നീടത് അപ്രത്യക്ഷമാകുകയും ചെയ്തു.

സ്വജാതി മെത്രാന്റെ അഭാവത്തിൽ നമ്മുടെ സഭ നാശത്തിന്റെയും അടിമത്തത്തിന്റെയും പടുകുഴിയിൽനിന്നു കരകയറില്ല എന്ന് അദ്ദേഹം മനസ്സിലാക്കി. സമകാലീനസഭാനേതാക്കൾ അപ്പോഴും വൈദേശിക നേതാക്കൾക്ക് ഓശാനപാടി നടന്നു. അവരുടെ ഇടയിൽ വേറിട്ട ശബ്ദമായി, നട്ടെല്ലുള്ള നസ്രാണിയായി സ്വന്തം നിലപാടുകളിൽ ഉറച്ചുനിന്ന അന്തോനിക്കത്തനാർ വ്യത്യസ്തനായി. സ്വജാതിമെത്രാന്മാരെ കിട്ടാൻ വേണ്ടി അദ്ദേഹം 1854 ലെ മലങ്കര പള്ളിയോഗത്തിൽ സംസാരിച്ചു. അതു നടന്നത് കുറവിലങ്ങാട് പള്ളിയുടെ പള്ളിമേടയിൽ, വിളിച്ചുചേർത്തത് സാക്ഷാൽ നിധീരിക്കൽ മാണിക്കത്തനാരുടെ പിതാവ്, പനങ്കുഴക്കത്തനാരുടെ അധ്യക്ഷതയിൽ. അങ്ങനെ നിധീരിക്കൽ മാണിക്കത്തനാരുടെ പന്ത്രണ്ടാം വയസ്സിൽ രണ്ടു മഹാന്മാർ കണ്ടുമുട്ടി, നിധീരിക്കൽ മാണിക്കത്തനാരും കുടക്കച്ചിറ അന്തോനിക്കത്തനാരും. കുടക്കച്ചിറക്കത്തനാർ തുടങ്ങിവച്ചത് പൂർത്തിയാക്കിയത് നിധീരിക്കൽ മാണിക്കത്തനാർ ആയിരുന്നു എന്നതും ദൈവനിയോഗം. പ്രസ്തുത പള്ളിയോഗത്തിൽവച്ച് സ്വജാതി മെത്രാനെ കിട്ടാൻ വേണ്ടി ബാഗ്ദാദിനു പോകാൻ അദ്ദേഹം തയ്യാറായി, മലങ്കരയിൽ മാർ തോമ്മായുടെ പട്ടത്വം നിലനിർത്താൻ. ഇതിന്റെ പേരിൽ വരാപ്പുഴ അതിരൂപതയിലെ അധികാരികൾ അദ്ദേഹത്തെ മഹറോൻ ചൊല്ലി, അതു വകവയ്ക്കാതെ അദ്ദേഹം സുറിയാനി പ്രതിപുരുഷന്മാരുടെ ഒപ്പുകൾ ശേഖരിച്ച് ബാഗ്ദാദിനു യാത്രയായി. കൂടെ തൊണ്ടനാട്ട് അന്തോനിക്കത്തനാരും (പിന്നീട് മാർ അബ്ദീശോ തൊണ്ടനാട്ട്/ഇളംതോട്ടം ബാവ) ഉണ്ടായിരുന്നു. ബോംബെയിൽ എത്തിയപ്പോൾ ആദ്യത്തെ പ്രശ്നം; അധികാരത്തർക്കത്തെത്തുടർന്ന് ഏതാനും മിഷനറിമാർ അദ്ദേഹം ശേഖരിച്ച ഒപ്പുകൾ നശിപ്പിച്ചുകളഞ്ഞു. തുടർന്ന് 1854 ൽ കൽദായ പാത്രിയാർക്കീസ് ബാവയെ സന്ദർശിച്ച് ആവശ്യം ഉണർത്തിച്ചു. ഒപ്പുശേഖരണാർത്ഥം 1856 ൽ അദ്ദേഹം തിരിച്ച് കേരളത്തിലെത്തി. കൽദായ പാത്രിയാർക്കീസ് സമ്മാനിച്ച കുർബാനക്കല്ലും സ്വർണ്ണക്കാസയും പീലാസായും അടുത്തകാലംവരെ പ്ലാശനാൽ പള്ളിയിൽ സൂക്ഷിച്ചിരുന്നു.

1857 ൽ ആരംഭിച്ച രണ്ടാം ദൗത്യയാത്രയിൽ ഇവിടെനിന്നു ചില വൈദികരും പതിന്നാല് മ്ശംശാനാമാരും കൂടെക്കൂടി. ബാഗ്ദാദിൽവച്ച് അസുഖം ബാധിച്ച് ഒരാളൊഴികെ എല്ലാവരും മരിച്ചു. സഭയ്ക്കുവേണ്ടി ജീവൻ ത്യജിച്ച അദ്ദേഹം അവിടെ കബറടങ്ങി. ജീവനോടെ ശേഷിച്ച വൈക്കം ഇടവകക്കാരൻ കണിയാംപറമ്പിൽ ജോൺ കത്തനാർ മാത്രം തിരിച്ചെത്തി (മരണം 1892).

എത്രയോ കാലങ്ങൾ കാത്തിരുന്നാണ് നമുക്ക് ഒരു നാട്ടുമെത്രാനെ കിട്ടിയത്. പക്ഷേ, അപ്പോഴേക്കും കുടക്കച്ചിറ അന്തോണിച്ചൻ എന്ന പേര് എല്ലാവരും മറന്നുതുടങ്ങിയിരുന്നു. ചരിത്രപുസ്തകങ്ങളിൽ ഒന്നോ രണ്ടോ വാക്കുകളിൽ മാത്രമായി അദ്ദേഹം ഒതുങ്ങിപ്പോയി.

അദ്ദേഹത്തിന്റെ തിരുശേഷിപ്പുകൾ എന്നേ നമ്മുടെ നാട്ടിൽ എത്തിക്കേണ്ടതായിരുന്നു. അർഹിക്കുന്ന ആദരവോടെ അദ്ദേഹത്തെ നമുക്കു വണങ്ങാം; ഒപ്പം, നമ്മുടെ പൂർവപിതാക്കന്മാരെയും.

■

# സ്വർണവർണങ്ങളിൽ മഞ്ഞളിക്കുന്ന ജനാധിപത്യം!

*(ഒന്നാം പേജ് തുടർച്ച)*

പരിശോധനാകവാടങ്ങളിൽ മെറ്റൽഡിറ്റക്ടർ ഉണ്ടെന്നു പറയുംപോലെ ആധുനികവാതിലുകൾക്കരികെ ഒരു 'മണി സെൻസർ' ഉണ്ടോയെന്നു സംശയിക്കണം. എവിടെയും പണത്തിന്റെ 'സ്മൈലിംഗ്' പ്രശ്നമാകുന്നുണ്ടോയെന്നു വിലയിരുത്തണം. അല്ലെങ്കിൽ എന്തുകൊണ്ടാണ് അചിന്തനീയശമ്പളവും ആനുകൂല്യങ്ങളും ജീവിതസൗകര്യങ്ങളും സുരക്ഷാകവചങ്ങളുമുള്ള അധികാരവൃന്ദങ്ങൾ തട്ടിപ്പുശൃംഖലയുടെ കണ്ണികളാകുന്നത്? അടക്കാനാവാത്ത ആർത്തിയുടെ ലോകത്താണോ ഇവർ? ചിലർ സ്വർണത്തിനായി കാത്തിരിക്കുന്ന നാട്ടിൽ ഭൂരിഭാഗം ജനങ്ങളും അരി എന്നു കിട്ടുമെന്ന ആശങ്കയിൽ റേഷൻകാർഡും കൈയിൽപ്പിടിച്ച് ഓടിനടക്കുന്നു. കിറ്റുകൾ പലതും സൗജന്യമാകുമ്പോഴും 'ബില്ലുകൾ' മിക്കതും 'ഭീകര'മാകുന്നു! പാവങ്ങളുടെ നികുതിപ്പണംകൊണ്ട് മേലാളന്മാർ ആഡംബരജീവിതം നയിക്കുന്നതിനാണോ ജനാധിപത്യം എന്നു പറയുന്നത്?


നമ്മുടെ മൂല്യബോധവും സാന്മാർഗ്ഗികാടിത്തറയും സത്യധർമ്മാദികളുടെ നടത്തിപ്പും അപ്രായോഗികമാകുകയാണോ? ഗുരുകുലപഠനവും ക്ലാസ്സുമുറികളുമൊക്കെ പാഠ്യവിഷയങ്ങൾക്കപ്പുറം നിരവധി സന്മാർഗ്ഗപാഠങ്ങൾ നല്കിയിരുന്നു. 'മുഖാമുഖ'മുള്ളതിനെല്ലാം 'ആവരണം' രൂപപ്പെട്ടുകഴിഞ്ഞു. ഈ ആവരണത്തിനുള്ളിലേക്ക് കാഴ്ചയിലൂടെയും കേൾവിയിലൂടെയും കടന്നെത്തുന്നത് തട്ടിപ്പുകഥകളുടെ പരമ്പരയാണ്. തിരുത്തലിനോ എതിർവാദഗതിക്കോ ഇടമില്ലാതിരിക്കുന്ന ഒരു വല്ലാത്ത കാലമാണിത്.

നാടിനുവേണ്ടി ചോര നീരാക്കി പണിയെടുക്കുന്ന കർഷകർ അവഗണനയുടെ നെരിപ്പോടിൽ നീറിപ്പുകയുകയാണ്. അവരെ വമ്പന്മാരുടെ ചുമടുതാങ്ങികളായി തരംതാഴ്ത്തുകയാണ്. ഉച്ചനീചത്വങ്ങൾ കത്തിക്കയറുമ്പോഴും പ്രസംഗപീഠത്തിൽ പട്ടിണിപ്പാവങ്ങൾക്കുവേണ്ടിയുള്ള 'കരച്ചിൽ' കേൾക്കാം. നാളെയുടെ ജനാധിപത്യം പച്ച പിടിക്കണമല്ലോ! ജനങ്ങൾക്കാകമാനം സൗജന്യറേഷൻ എന്നും കൊടുക്കാനാകുന്നത്ര സമ്പത്തു കുമിഞ്ഞുകൂടിയിരിക്കുന്ന ധനാഢ്യന്മാർ ഉള്ളപ്പോൾ എന്തിന് നാം പട്ടിണി കിടക്കണം? പട്ടയത്തിനും പാർപ്പിടത്തിനുമായി പാടുപെട്ടോടുന്ന പാവങ്ങളെ ആരെങ്കിലും ഗൗനിക്കുന്നുണ്ടോ? സർക്കാരാഫീസിൽ കയറിയാൽ നിയമത്തിന്റെ നൂലാമാലയിൽപ്പെട്ട് സാധാരണക്കാർ വട്ടം കറങ്ങും. അപ്പോഴാണ് വിമാനത്താവളത്തിൽ സ്വർണ്ണപ്പെട്ടികളുടെ കുത്തൊഴുക്ക്? ആരെയാണ് നാം മണ്ടന്മാരാക്കുന്നത്? ലോകത്തിനു മാതൃകയാകേണ്ട നാം എവിടെയെത്തി നിൽക്കുന്നു? സ്വജനപക്ഷപാതവും അഴിമതിയും തട്ടിപ്പും മാത്രമല്ല, പാർശ്വവത്കരിക്കപ്പെടുന്ന പാവങ്ങളുടെ അവസ്ഥയുംകൂടി കാണുമ്പോൾ ലോകരാഷ്ട്രങ്ങൾ നമുക്കെന്തു മാർക്കിടും?

ഉന്നതവിദ്യാഭ്യാസയോഗ്യതകളും സാങ്കേതികജ്ഞാനവും സ്വന്തമാക്കുന്ന യുവതലമുറ തൊഴിലിനായി അലഞ്ഞ് പ്രവാസിയായി മാറുന്നു. നമ്മുടെ ബുദ്ധിയും കഴിവുകളും വിദേശരാജ്യങ്ങൾ പ്രയോജനപ്പെടുത്തുമ്പോൾ നമ്മുടെ നാട്ടിൽ തൊഴിലില്ലായ്മയും പട്ടിണിമരണങ്ങളും തുടർക്കഥയാകുന്നു. നാടിനെ പരിപോഷിപ്പിക്കാനും വളർച്ചയുടെ പടവുകളിലെത്തിക്കാനും നമ്മുടെ മക്കൾക്ക് ആഗ്രഹവും ഇച്ഛാശക്തിയും ഇല്ലാതെപോകുന്നതിൽ മുതിർന്ന തലമുറയ്ക്കു പങ്കില്ലേ? നന്മ ചെയ്യുന്നവരെയും സത്യധർമ്മാദികളിലൂന്നി ജീവിക്കുന്നവരെയും പടിക്കു പുറത്താക്കിയിരിക്കുകയാണ്. ശിപാർശകളിലൂടെ അർഹതയില്ലാത്തവർ പലതും സ്വന്തമാക്കുന്നതു കാണുമ്പോൾ നിരാശ തോന്നുന്നില്ലേ? അർഹതയുള്ളവർ അവഗണിക്കപ്പെടുന്നതിലെ 'ജനാധിപത്യം' വിലയിരുത്തപ്പെടണം. നേർവഴിക്കു നീങ്ങുന്നവരാണ് ഏറെ കബളിപ്പിക്കപ്പെടുന്നതെന്നു തലമുറകൾക്കു തോന്നാനിടവരരുത്.

നന്മയിലേക്കു തിരിച്ചുനടക്കുന്നതിൽ നമുക്കു വൈമനസ്യം അരുത്. അദൃശ്യമായ ഒരു വൈറസ് മനുഷ്യജീവന്റെമേൽ പിടിമുറുക്കുന്നതു ലാഘവബുദ്ധിയോടെ വീക്ഷിക്കരുത്. പ്രോട്ടോക്കോളും ഡിഗ്നിറ്റിയും ശമ്പളവും സ്വർണഗോപുരങ്ങളുമൊന്നും വൈറസിനു പ്രശ്നമല്ലെന്നു തിരിച്ചറിയാനുള്ള ബുദ്ധി നമുക്കില്ലെന്നുണ്ടോ? തിന്മയിൽനിന്ന് 'അകലം' പാലിക്കണമെന്ന് ഇനി ഏതു വിവരസാങ്കേതികവിദ്യയിലൂടെയാണു നാം മനസ്സിലാക്കേണ്ടത്? എല്ലാവരും മനുഷ്യരാണെന്നെങ്കിലും തിരിച്ചറിയേണ്ടേ? 'ഞാൻ' മാത്രമുള്ള ലോകത്തിനാണോ ജനാധിപത്യം എന്നു പറയുന്നത്? സ്വന്തം വളർച്ച മാത്രമാണോ ജനാധിപത്യത്തിന്റെ ലക്ഷ്യം? ശാസ്ത്രം എത്ര വളർന്നാലും തട്ടിപ്പുകളേറുന്നതിലെ സാംഗത്യം എല്ലാത്തിനും പിന്നിലുള്ള 'ബ്രെയിൻ' മനുഷ്യൻതന്നെയാണെന്ന യാഥാർത്ഥ്യമാണ്. മനുഷ്യർ നന്മയും സത്യവും മനഃസാക്ഷിയുമുള്ളവരാണെങ്കിൽ മാത്രമേ യഥാർത്ഥ പുരോഗതിയും നേർവഴിക്കുള്ള സഞ്ചാരവും സാധ്യമാകൂ. ഒരു നേരത്തെ ഭക്ഷണത്തിനുവേണ്ടിയുള്ള 'മോഷണം' മരണശിക്ഷയിലേക്കു നയിക്കപ്പെടുന്ന കുറ്റമായി നമുക്കിടയിൽ 'പ്രായോഗിക'മാകുമ്പോൾ സ്വർണ്ണപ്പെട്ടികളിൽ ഒളിച്ചിരിക്കുന്നത് ആയുഷ്കാലവും തലമുറകളുടെ 'ഭക്ഷണ'മായി മാറുന്ന വിരോധാഭാസത്തിനു മാറ്റം വരണം. നീതി നടപ്പാകണം; എത്ര ഉയരമുള്ള ഗോവണിയിൽ കയറുമ്പോഴും ഒരു കാര്യം നാം മറക്കാതിരിക്കുന്നതു നല്ലതാണ്... ഗോവണിയുടെ ചുവടുറച്ചിരിക്കുന്നത് ഭൂമിയിൽത്തന്നെയാണ്. അതായത്, ഉയരം കൂടുന്തോറും വീഴ്ചയുടെ ആഘാതം കൂടുമെന്ന ഒരു സാധാരണപാഠം ഉണ്ടാകണം. ഒന്നിനെക്കുറിച്ചും അഹങ്കരിക്കേണ്ട... ചുറ്റുംനോക്കി ജാഗരൂകരായിരിക്കുക... കോവിഡ് നമുക്കൊപ്പമുണ്ട്... അതു ജീവന്റെ വിലയുള്ള ജാഗ്രതയിലേക്കു വിരൽചൂണ്ടുന്നതാണ്; ഡിപ്ലോമാറ്റും ഡിഗ്നിറ്റിയും സ്വർണംവന്ന വഴിയും ജാഗ്രതയ്ക്കു കുറവുണ്ടാക്കരുത്!!

■




ഓഗസ്റ്റ് 2
കൈത്താക്കാലം
മൂന്നാം ഞായർ



നിയ 5:6 – 16
ഏശ 5:1 – 7
2 കോറി 7:1 – 11
യോഹ 9:1 – 12, 35 – 38


ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ

# പ്രത്യാശയിലേക്കു നയിക്കുന്ന സഹനം

നിയമാവർത്തനപ്പുസ്തകത്തിൽ നിന്നുമുള്ള വചനഭാഗം ദൈവം നല്കിയ പത്തുകല്പനകൾ മോശ ജനത്തോടു വിവരിക്കുന്നതാണ്. പത്തു കല്പനകളിൽ ആദ്യത്തെ മൂന്നു കല്പനകളാണ് ദൈവം ഇസ്രായേൽജനതയിലൂടെ പ്രത്യേകമായി നല്കിയതെന്ന് ഒരുവിധത്തിൽ പറയാം. കാരണം, മറ്റു കല്പനകളെല്ലാം ലോകത്തിൽ അതിനുമുമ്പും നിലനിന്നിരുന്ന ആചാരങ്ങളുടെയും നിയമങ്ങളുടെയുമെല്ലാം ഭാഗമായി ഉണ്ടായിരുന്നവതന്നെയായിരുന്നു. ബാബിലോണിയൻ സംസ്കാരത്തിന്റെ ഭാഗമായുണ്ടായിരുന്ന ഹമുറാബി നിയമസംഹിതയിലെ 282 നിയമങ്ങളിൽ ഇവയെല്ലാമുണ്ടായിരുന്നു. എന്നാൽ, ദൈവത്തെ സംബന്ധിച്ചുള്ള വെളിപ്പെടുത്തൽ അനന്യമായിരുന്നു. അതായത്, ദൈവം ഒന്നേയുള്ളൂ എന്നും ആ ദൈവത്തെമാത്രമേ ആരാധിക്കാവൂ വെന്നും ദൈവത്തിന്റെ നാമം വൃഥാ ഉപയോഗിക്കരുത്, അവിടുത്തെ ദിവസം പരിശുദ്ധമായി ആചരിക്കണമെന്നുമുള്ള കല്പനകൾ. ആദ്യത്തെ മൂന്നു കല്പനകൾ വിശദമായി വിശുദ്ധ ബൈബിളിൽ നല്കിയിരിക്കുന്നതിലൂടെ ഇതിന്റെ പ്രാധാന്യം എടുത്തുകാണിക്കുന്നു. ദൈവമല്ലാത്തവയെ ദൈവമായി ആരാധിക്കരുത്. അങ്ങനെ ചെയ്യുന്നത് വലിയ തിന്മയായി വചനം പഠിപ്പിക്കുന്നു. ഏകസത്യദൈവത്തിന്റെ സ്ഥാനത്ത് മറ്റൊന്നും പ്രതിഷ്ഠിക്കരുതെന്നും കല്പന നല്കി.

സ്നേഹിക്കുന്ന, രക്ഷിക്കുന്ന, കാരുണ്യം വർഷിക്കുന്ന എന്നാൽ, തിന്മയോട് അസഹിഷ്ണുത പുലർത്തുന്ന ഒരു ദൈവത്തെയാണ് മോശയിലൂടെ വെളിപ്പെടുത്തുന്നത്. തന്നെ സ്നേഹിക്കുന്നവരുടെമേൽ ആയിരം തലമുറവരെയും കാരുണ്യം വർഷിക്കുമെന്നും തന്നെ വെറുക്കുന്നവർക്ക് മൂന്നും നാലും തലമുറവരെയും ശിക്ഷ നല്കുമെന്നും പറയുമ്പോൾ ദൈവത്തിന്റെ കാരുണ്യത്തിന്റെ വലുപ്പമാണ് എടുത്തുകാണിക്കുന്നത്. ആയിരത്തിനെ മൂന്നിനോടും നാലിനോടും തുലനം ചെയ്യുമ്പോൾ ആയിരം വളരെ വലുതാണ്. ദൈവത്തിന്റെ കരുണ അത്രമാത്രം വലുതാണെന്ന് തിരുവചനം പഠിപ്പിക്കുന്നു. അല്ലാതെ തലമുറകൾ എണ്ണി ശിക്ഷിക്കാൻ അല്ലെങ്കിൽ രക്ഷിക്കാൻ നോക്കിയിരിക്കുന്ന ഒരു ദൈവത്തെ കാണിച്ചുതരുകയല്ല തിരുവചനം. ആയിരം തലമുറകൾക്കകത്തു വരാത്ത ഒരു മൂന്നും നാലും ഉണ്ടാവുകയില്ല. അതിനാൽത്തന്നെ ദൈവത്തിന്റെ കരുണ എല്ലാവർക്കുമുള്ളതാണ്. തെറ്റു ചെയ്യുന്നവരോടും കരുണ കാണിക്കുന്നവനാണ് അവിടന്ന്. എന്നാൽ, തെറ്റിനു ശിക്ഷ നല്കുന്നവനുമാണ്. ശിക്ഷ നശിപ്പിക്കുന്നതിനുവേണ്ടിയല്ല; മറിച്ച്, അതു ശിക്ഷണമാണ്; രക്ഷ പ്രദാനം ചെയ്യുന്നതാണ്, ശിക്ഷണം തത്സമയം വേദനാജനകമാണ് എങ്കിലും അതു നല്കുന്നത് രക്ഷിക്കുന്നതിനും വളർത്തുന്നതിനുംവേണ്ടിയാണ്.

താൻ പ്രത്യേകം സംരക്ഷിച്ചു വളർത്തിയ ഇസ്രായേൽ നല്ല ഫലം നല്കാതെ ചീത്ത ഫലം നല്കിയപ്പോൾ ഇസ്രായേലിനു ശിക്ഷണം നല്കുന്നതിനെക്കുറിച്ച് ഏശയ്യാ പ്രവാചകൻ ഒരു ഉപമയിലൂടെ സംസാരിക്കുന്നു. മുന്തിരിത്തോട്ടത്തിന്റെ വേലി പൊളിച്ചുകളഞ്ഞ് നാശത്തിനുവിട്ടുകൊടുക്കും എന്നു പറയുന്നത് ഇസ്രായേലിനു നഷ്ടമാകുന്ന സംരക്ഷണവും അവർ നേരിടാൻ പോകുന്ന അന്യദേശങ്ങളുടെ ആക്രമണവുമാണ് സൂചിപ്പിക്കുന്നത്. ഇസ്രായേലിനെ അടിമത്തത്തിലേക്കു വിട്ടുകൊടുത്തത് ദൈവംതന്നെയാണ്. അത് അവർക്ക് ഒരു ശിക്ഷണമാകുന്നതിനുവേണ്ടിയായിരുന്നു. അവർ നേരിടേണ്ടിവന്ന സഹനം തങ്ങളെ തെറ്റിൽനിന്ന് അകറ്റുന്നതിനുള്ള ദൈവികശിക്ഷണത്തിന്റെ ഭാഗമായി പിന്നീട് ഇസ്രായേൽജനം മനസ്സിലാക്കുന്നുണ്ട്.



ഈ പശ്ചാത്തലത്തിൽ ഇസ്രായേൽക്കാരുടെ ഇടയിൽ വളർന്നുവന്ന ഒരു ചിന്താധാരയും വിശ്വാസവുമായിരുന്നു മനുഷ്യരുടെ ജീവിതത്തിലെ ദുരിതങ്ങളും സഹനങ്ങളുമെല്ലാം ദൈവത്തിന്റെ ശിക്ഷയാണ് എന്നുള്ളത്. ആ ചിന്താരീതിയിലേക്കാണ് സുവിശേഷഭാഗത്ത് ഈശോയുടെ ശിഷ്യന്മാർ കടക്കുന്നത്. എന്നാൽ, ഈശോ അതിനൊരു തിരുത്തു നല്കുകയാണ്. സഹനങ്ങളെ ദൈവത്തിന്റെ ശിക്ഷയായിമാത്രം കാണണമെന്നില്ല; മറിച്ച്, ദൈവമഹത്ത്വം വെളിപ്പെടുന്ന നിമിഷങ്ങളായും അതിനെ തിരിച്ചറിയണമെന്നാണ് ഈശോ പറയുന്നത്. അന്ധനായി ജനിച്ചത് അയാളുടെയോ അയാളുടെ പാപത്തിന്റെയോ ഫലമായല്ല; മറിച്ച്, ദൈവത്തിന്റെ മഹത്ത്വം വെളിപ്പെടുവാനാണ്.

സഹനം മനുഷ്യരുടെ തെറ്റിന്റെ ഫലമായി ഉണ്ടാകാം. എന്നാൽ, എല്ലാ സഹനങ്ങളും അപ്രകാരമായിരിക്കണമെന്നില്ല. ഒരുപക്ഷേ, ചില സഹനത്തിന്റെ നിമിഷങ്ങളിലൂടെ കടന്നുപോകുന്നതായിരിക്കാം നമ്മെ കൂടുതൽ നന്മയിലേക്കു നയിക്കുന്നത്. ഇന്നത്തെ ലേഖനഭാഗത്ത് പൗലോസ് ശ്ലീഹാ പഠിപ്പിക്കുന്നത് ദൈവഹിതപ്രകാരമുള്ള ദുഃഖത്തെക്കുറിച്ചാണ്. ദൈവഹിതപ്രകാരമുള്ള ദുഃഖം രക്ഷാകരമായ മാനസാന്തരത്തിലേക്കു നയിക്കുമെന്നാണ് ശ്ലീഹാ പറയുന്നത്. സഹനങ്ങളെ രക്ഷാകരമായ മൂല്യങ്ങളോടു ചേർത്തുനിർത്തുമ്പോൾ നിരാശയിലേക്കല്ല പ്രത്യാശയിലേക്കാണ് നമുക്കു ചെന്നെത്താനാവുന്നത്. □

# കൊവിഡിന്റെ കഥ കഴിക്കാൻ

■ ഡോ. അഗസ്റ്റിൻ കുന്നത്തേടം

ആളുകളിൽ ഭീതി പരത്തി കൊറോണ വൈറസ് വ്യാപനം ലോകമെങ്ങും നിർബാധം തുടരുകയാണ്. മാർച്ച് 25 നു കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച ലോക്ഡൗൺ ജനങ്ങളിൽ പ്രത്യാശ പകർന്നെങ്കിലും ക്രമേണ കാര്യങ്ങൾ കൈവിട്ടുപോകുന്ന കാഴ്ചയാണു കണ്ടത്. കൊവിഡ്‌വ്യാപനത്തിന്റെ ആഗോളകണക്കെടുപ്പിൽ ഇന്ത്യ മൂന്നാംസ്ഥാനത്താണ്. ഇതിനിടയിലും കേരളസംസ്ഥാനം കൊവിഡ് പ്രതിരോധത്തിൽ അഭിമാനകരവും അഭിനന്ദനീയവുമായ പ്രവർത്തനം കാഴ്ചവച്ചുവെങ്കിലും പ്രവാസികളുടെ വർദ്ധിച്ച വരവോടെ ഇവിടെയും കാര്യങ്ങൾ നിയന്ത്രണാതീതമായ അവസ്ഥയിലേക്കു നീങ്ങി. കേരളം സമൂഹവ്യാപനത്തിലേക്കു വഴുതിയിറങ്ങിയിരിക്കുന്നു.

കൊവിഡ് രോഗികളുടെ എണ്ണം വർദ്ധിക്കുന്തോറും ചികിത്സാസൗകര്യങ്ങൾ കുറയുകയാണെന്ന യാഥാർത്ഥ്യം നാം മറന്നുപോകരുത്. ഈ സാഹചര്യത്തിൽ രോഗികളല്ലാത്തവരും ഇപ്പോൾത്തന്നെ സ്വയം പ്രതിരോധത്തിനൊരുങ്ങുകയെന്നതാണു കരണീയമായിട്ടുള്ളത്. വേൾഡ് ഹെൽത്ത് ഓർഗനൈസേഷൻ പറയുന്നത് കൊവിഡ്പോലുള്ള പകർച്ചവ്യാധികളെ തടയാൻ അഞ്ചു കാര്യങ്ങൾ നാം നിർബന്ധമായി പാലിക്കണമെന്നാണ്.



ഒന്നാമതായി, ഭക്ഷണം പോഷകമൂല്യമുള്ളതാകണം. അതായത് 50–60% അന്നജങ്ങൾ, 25–30% പ്രോട്ടീനുകൾ, 10–15% കൊഴുപ്പുകൾ, 2–3% ലവണങ്ങൾ, 1% വിറ്റാമിനുകൾ. രണ്ടാമതായി, ഭക്ഷണം ഔഷധസമൃദ്ധമായിരിക്കണം. അതായത്, ഫൈറ്റോസ്റ്റീറോളുകൾ, ഫ്ളേവനോയിഡുകൾ, ഫിനോളുകൾ, ടെർപ്പീനുകൾ, സൾഫോക്സൈഡുകൾ, പെക്ടിനുകൾ, ആന്തോസയാനുകൾ, ഷോഗാവോൾ, എലേജിക്കാസിഡ്, യൂജിനോൾ, ജിഞ്ചിറോൾ, പെപ്പിരിഡിൻ, കുർക്കുമിൻ തുടങ്ങിയ ന്യൂട്രീഷനൽ മെഡിസിനുകൾ അടങ്ങിയ സുഗന്ധവ്യഞ്ജനങ്ങളും കായ്കനികളും ഇലക്കറികളും സമൃദ്ധമായിക്കഴിക്കണം. ന്യൂട്രീഷണൽ മെഡിസിനുകൾക്ക് ന്യൂട്രാസ്യൂട്ടിക്കൽ എന്നു പറയും. ഇവ നമ്മുടെ കോശങ്ങളിലെ പ്രതിരോധഘടകങ്ങൾ നന്നായി ഉത്തേജിപ്പിക്കും. പകർച്ചവ്യാധികൾ പടരുന്ന സമയത്ത് വൈറസ് ഉൾപ്പെടെയുള്ള രോഗാണുക്കളെ നശിപ്പിക്കാൻ കഴിയുന്ന ആന്റിബോഡികളെ ഉത്പാദിപ്പിക്കുകയാണ് പ്രതിരോധകോശങ്ങളുടെ ജോലി. ബി, റ്റി, എൻ.കെ സെല്ലുകളും, മാക്രോപോളുകളുമാണ് നമ്മുടെ പ്രതിരോധകോശങ്ങൾ. ഇവയോടൊപ്പം കഠിനാദ്ധ്വാനമോ വ്യായാമമോ യോഗയോവഴിയും പ്രതിരോധപുഷ്ടിയുണ്ടാക്കാം. അതുകൊണ്ടാണ് ജോലി ചെയ്യുന്നവർക്ക് മറ്റുള്ളവരെക്കാൾ ആരോഗ്യവും രോഗപ്രതിരോധശക്തിയും ലഭിക്കുന്നത്.

മൂന്നാമതായി, മദ്യപാനം ഒഴിവാക്കണം. അത് നിരവധി ഓക്സീകരണവസ്തുക്കളെ ഉത്പാദിപ്പിക്കും. ഉദാഹരണത്തിന്, ഹൈഡ്രജൻ പെറോക്സൈഡ് ശരീരകോശങ്ങളെ ഓക്സീകരിച്ച് ദുർബലമാക്കും. പ്രതിരോധശക്തി മദ്യപർക്കില്ലാതാകും. പുകവലിയും പ്രതിരോധശക്തി നശിപ്പിക്കും. അതിലെ രാസവസ്തുക്കൾ ശരീരത്തിൽ ഓക്സീകരണം കൂട്ടും. ശ്വാസകോശങ്ങളെ രോഗാതുരമാക്കും. പുകയിലയിലുള്ള ഉത്തേജകവസ്തു നിക്കോട്ടിൻ ശരീരത്തിലെത്തിയാൽ വിഘടിച്ച് നൈട്രോസാമീനുകളായി കോശങ്ങളെ വിഷമയമാക്കും. കൂടുതൽ നാൾ പുകവലിച്ചാൽ ശ്വാസകോശകാൻസറുണ്ടാകും. രോഗപ്രതിരോധശക്തി നഷ്ടപ്പെടുത്തും. പതിവായി പുകയില മുറുക്കുന്നത് വായിലെ കാൻസറിനും ഇടയാക്കും.

അഞ്ചാമതായി, രോഗപ്രതിരോധത്തെ നശിപ്പിക്കുന്ന ഒരുവിധ സംഘർഷത്തിനും മുതിരരുത്. സ്ട്രെസ് ശരീരത്തെയും മനസ്സിനെയും ഒരുപോലെ ദുർബലമാക്കും. തദ്വാരാ പ്രതിരോധശക്തിയും തകരും. യോഗയും അതുവഴിയുള്ള പ്രാണായാമവും ശ്വാസകോശങ്ങളിൽനിന്നു രോഗാണുക്കളെ പുറംതള്ളുമെന്നും ശരീരത്തിന്റെ രോഗപ്രതിരോധശക്തി വർദ്ധിപ്പിക്കുമെന്നും പുതിയ പഠനങ്ങൾ വെളിവാക്കുന്നു. □

# രാജസ്ഥാനിലെ ഗോദയിൽ ആരു വീഴും? ആരു വാഴും?




പ്രിൻസ്‌രാജ്

**ച**ന്ത, ചന്തമിടുക്ക് എന്നിവ യൊക്കെ വളരെ സാധാരണപദ ങ്ങളായി ഉപയോഗത്തിലുണ്ടായി രുന്നു പണ്ട്. ചന്തയ്ക്കുപോവുക, ചന്തദിവസം, ചന്തപിരിയൽ തുടങ്ങിയ പ്രയോഗങ്ങളും അതി നോടനുബന്ധമായി വ്യാപകമായി ത്തന്നെ പ്രയോഗിച്ചുപോന്നു. എന്നാൽ, വർത്തമാനകാലത്തു ചന്തയും ചന്തമിടുക്കുമൊക്കെ ശീലമല്ലാത്ത പദങ്ങളായാണു പൊതുവിൽ ഗണിക്കപ്പെടുന്നത്. അതിനു പകരമായി മാർക്കറ്റും എന്ന സ്റ്റൈലൻ പേരാണ് അതിനുപയോഗിക്കുന്നത്. 'ചന്ത മിടുക്ക്' അഥവാ 'ബാർഗെയ് നിംഗ് എബിലിറ്റി' ഇന്നു സർവ്വ സാധാരണമായിരിക്കുന്ന മറ്റൊ രിടം രാഷ്ട്രീയമാണ്. അതിന്റെ ഏറ്റവും പുതിയ പതിപ്പാണ് രാജ സ്ഥാൻ കേന്ദ്രീകരിച്ച് അരങ്ങേറു ന്നത്. ഇതെഴുതുന്ന സമയവും ആ രാഷ്ട്രീയനാടകം ക്ലൈമാ ക്സിൽ എത്തിയിട്ടില്ല. രാജ സ്ഥാൻ മുഖ്യമന്ത്രി അശോക് ഗെലോട്ടും ഉപമുഖ്യമന്ത്രിയായി രുന്ന സച്ചിൻ പൈലറ്റും തമ്മി ലാണു പോര്. ഗെലോട്ടിനെ മാറ്റി മുഖ്യമന്ത്രിപദം തനിക്കു നൽക ണം എന്നാണ് സച്ചിന്റെ ആവ ശ്യം. സച്ചിനെ പാർട്ടിയിൽ പ്പോലും വച്ചുപൊറുപ്പിക്കാൻ ആവില്ലെന്നു ഗെലോട്ടും വാശിപി ടിക്കുന്നു. 18 കോൺഗ്രസ് എം എൽഎമാരെ ഒപ്പംകൂട്ടി സച്ചിൻ ശങ്ങളും അവർ സച്ചിനു നൽകി. ഒരു കൈകൊണ്ടു വാത്സല്യപൂർവ്വം തലോടു മ്പോൾത്തന്നെ മറുകൈകൊണ്ടു 'സച്ചിൻക്യാമ്പി'നെ പ്രഹരിക്കാനും ഹൈക്കമാൻഡ് മടിക്കുന്നില്ല. പ്രഹരം പക്ഷേ, ഗെലോട്ടിനെ മുൻനിർത്തിയാണ് എന്നു മാത്രം. സച്ചിനെ ഉപമുഖ്യമന്ത്രി പദത്തിൽനിന്നും രാജസ്ഥാൻപ്രദേശ് കോൺഗ്രസ് കമ്മിറ്റി അദ്ധ്യക്ഷസ്ഥാന ത്തുനിന്നും നീക്കി. യൂത്തുകോൺഗ്രസ്, സേവാദൾ ഭാരവാഹികളായിരുന്ന സച്ചിൻ അനുകൂലികളെയും തൽസ്ഥാ നങ്ങളിൽനിന്നൊഴിവാക്കി. അനുനയപ്പെ ടുത്താൻ ശ്രമിക്കുന്നതിനൊപ്പം, സച്ചിനെ സംഘടനാപരമായി ദുർബലപ്പെടു ത്താനും ഉന്നതതലത്തിൽ തീരുമാനമുണ്ട് എന്നു സാരം.

**തലമുറത്തർക്കും സ്വാഭാവികം**

എന്താണ് രാജസ്ഥാനിലെ പ്രശ്നം. കാര്യം ഗൗരവമെങ്കിലും പ്രശ്നഹേതു നിസാരമാണ്. നമ്മുടെ വീടുകളിൽ പ്പോലും അതുണ്ട്. രണ്ടു തലമുറയിൽപ്പെ ട്ടവർ തമ്മിലുണ്ടാകുന്ന അഭി പ്രായഭിന്നത. ആഹാരകാര്യ ത്തിൽ തുടങ്ങി നിർണായക മായ വിഷയങ്ങളിൽവരെ ആ തലമുറത്തർക്കം ഉണ്ടാവാം. ഇതുതന്നെയാണ് രാജസ്ഥാ നിലും ഉണ്ടായത്. 42 വയസ്സു കാരൻ സച്ചിൻ പൈലറ്റ്. 69 വയസ്സുകാരൻ അശോക് ഗെലോട്ട്. സച്ചിൻ രാഷ്ട്രീയ ത്തിലെ ചെറുപ്പക്കാരൻ. ഗെ ലോട്ട് തലമുതിർന്ന നേതാവ്. സച്ചിൻ ഉപമുഖ്യമന്ത്രിയും ഗെലോട്ട് മുഖ്യമന്ത്രിയും എന്ന തായിരുന്നു പ്രശ്നത്തിന്റെ ഗൗരവം. മൂന്നാം തവണയാണ് ഗെലോട്ട് മുഖ്യമന്ത്രിക്കസേര യിൽ. ഗെലോട്ടിന്റെ പ്രായ ത്തെ ബഹുമാനിച്ചെങ്കിലും ഒന്നടങ്ങൂ എന്നാണ് കോൺഗ്രസ് ഹൈക്കമാൻഡിന്റെപോലും ഒത്തു തീർപ്പുവാദത്തിലെ തുറുപ്പുചീട്ട് എന്നതു ശ്രദ്ധേയം.



ബാർഗെയ്നിങ്ങുമൊക്കെ എത്തി. എങ്കിലും, തനി നാട്ടിൻപുറങ്ങളി ലൊക്കെ ഇപ്പോഴും ചന്തയും അനുബന്ധപദപ്രയോഗങ്ങളും അതേപടി നിലനിൽക്കുന്നു.

പണ്ടുകാലത്ത് ആളുകൾ ചന്തയ്ക്കു പോയിരുന്നതു സാധ നങ്ങൾ വാങ്ങാൻ മാത്രമായിരുന്നി ല്ല. വിൽക്കാനും വേണ്ടിയായിരു ന്നു. കാർഷികോത്പന്നങ്ങളും കുട്ടയും വട്ടിയും തവിയും തഴപ്പാ യുമൊക്കെയാണു വിൽക്കാൻ കൈയിൽ കരുതിയിരുന്നത്. അവ വിറ്റുകിട്ടുന്ന കാശുകൊണ്ടു പല വ്യഞ്ജനങ്ങളും വസ്ത്രവും വീട്ടു പകരണങ്ങളുമൊക്കെ വാങ്ങും. പണ്ടത്തെ ബാർട്ടർ സമ്പ്രദായ ത്തിന്റെ ആധുനികപതിപ്പ്. വിൽക്കുമ്പോൾ പരമാവധി വില മേടിച്ചെടുക്കണം. എങ്കിലേ വാങ്ങാനുറപ്പിച്ച സാധനസാമഗ്രി കൾ അത്രയും വാങ്ങാനുള്ളത്ര പണം ഉണ്ടാവൂ. വിൽക്കുമ്പോഴും വാങ്ങുമ്പോഴും നന്നായി വില പേശണം. ചന്തയിലെ ക്രയവിക്ര യത്തിൽ ഒഴിച്ചുകൂടാനാവാത്തതാ യിരുന്നു വിലപേശൽ. അതൊരു സവിശേഷഗുണമായി അംഗീക രിച്ചുംപോന്നു. ആ വിലപേശൽ കഴിവിനെ ചന്തമിടുക്ക് എന്നാണു വിശേഷിപ്പിച്ചുപോന്നത്. കാലം മാറി. ചന്തമിടുക്ക് ഇന്നുമുണ്ട്. അത് ഷോപ്പിംഗ് മാളുകളിലും ആഡംബരത്വമാർന്ന ഷോപ്പിംഗ് സ്ട്രീറ്റുകളിലുമൊക്കെ കാണാം. 'ബാർഗെയ്നിംഗ് എബിലിറ്റി' ദിവസങ്ങളായി ഹരിയാനയിലെ ഒരു റിസോർട്ടിലാണ്. ഹരിയാന യിൽ ബിജെപി ഭരണമാണ് എന്നതു തികച്ചും യാദൃച്ഛികം! രാജസ്ഥാൻ തലസ്ഥാനമായ ജയ്പൂരും ഡൽഹിയും കേന്ദ്രീക രിച്ചു മാരത്തൺ ചർച്ചകൾ തുട ങ്ങിയിട്ടു ദിവസങ്ങൾ കുറെയായി. വള്ളം അക്കരയ്ക്കോ ഇക്ക രയ്ക്കോ എന്ന് ഇപ്പോഴും വ്യക്ത മല്ല. ഏതെങ്കിലും കരയിൽ അടു ത്തല്ലേ പറ്റൂ. ഏതായാലും വള്ളം മുങ്ങുകയോ മുക്കുകയോ ഇല്ലെ ന്നു സുനിശ്ചിതം.

**അനുരഞ്ജനം;**
**ഒപ്പം കത്രികപ്പൂട്ടും**

രാജസ്ഥാൻ മുഖ്യമന്ത്രിയും മുതിർന്ന നേതാവുമായ അശോക് ഗെലോട്ട് പറയുംപോലെ പുഷ്പം കണക്കെ സച്ചിൻ പൈലറ്റിനെ എടുത്തുകളയാൻ കോൺഗ്രസ് ഹൈക്കമാൻഡ് ഒരുക്കമല്ല എന്നു വ്യക്തം. സോണിയാ ഗാന്ധിയും രാഹുൽ ഗാന്ധിയും പ്രിയങ്കാ ഗാ ന്ധിയും നിരന്തരം സച്ചിൻ പൈ ലറ്റുമായി ആശയവിനിമയം നട ത്തിവരുന്നു എന്നാണറിവ്. സച്ചി നെതിരേ പരസ്യപ്രതികരണം ഇനി പാടില്ല എന്ന നിർദ്ദേശം ഹൈക്കമാൻഡ് ഗെലോട്ടിനു നൽകുകയുണ്ടായി. ഇപ്പോളു യർത്തിയ ആവശ്യങ്ങളെല്ലാം പിൻവലിച്ചു പാർട്ടിയിലേക്കും ഭര ണത്തിലേക്കും മടങ്ങിയെത്തണം, മുഖ്യമന്ത്രിപദം ഭാവിയിൽ സച്ചിനുതന്നെ തുടങ്ങിയ ഉപദേ

**ഗാലറിയിലെ ബിജെപിയും മൗനിയായ വസുന്ധരയും**

കലക്കവെള്ളത്തിൽ മീൻ പിടിക്കാ നുള്ള അസുലഭസന്ദർഭം വന്നണഞ്ഞിട്ടും ബിജെപി തണുപ്പൻ മട്ടിലാണ്. കളി മുന്നേറട്ടെ എന്ന മുഖഭാവത്തിൽ അവർ ഗാലറിയിൽത്തന്നെ ഇരിക്കുന്നു. രാഷ്ട്രീ യക്കളി ആകുമ്പോൾ റഫറിയുൾപ്പെടെ ആർക്കുവേണമെങ്കിലും ഇറങ്ങിക്കളിക്കാം എന്നത് അലിഖിതനിയമമായി തുടരു മ്പോൾ ബിജെപി നിലപാട് ആശ്ചര്യജ നകംതന്നെ. കാര്യങ്ങൾ ഗഹനമായി ത്തന്നെ വിലയിരുത്തുമ്പോഴാണ് അതിന്റെ ഗുട്ടൻസ് മനസ്സിലാകുക. കൂട്ട ത്തിലുള്ള മറ്റൊരു മുൻമുഖ്യമന്ത്രിതന്നെ യാണതിനുകാരണം-വസുന്ധര രാജെ. മുതിർന്ന നേതാവായ വസുന്ധരയും കൂട്ടരും സച്ചിന്റെ വളർച്ചയോ ഗെലോ ട്ടിന്റെ പതനമോ ഇപ്പോൾ ആഗ്രഹിക്കു ന്നില്ല. ഇത്രയൊക്കെ രാഷ്ട്രീയകോളി ളക്കം സംസ്ഥാനത്തും ദേശീയതല ത്തിലും ഉണ്ടായിട്ടും വസുന്ധര ഒരു വാക്ക് ഉരിയാടിയിട്ടില്ല. കണ്ണുരുട്ടലോ കണ്ണിറുക്കലോ മാത്രമല്ല, മൗനവും വിര ട്ടൽ ഉപാധിയെന്ന് വസുന്ധര തെളിയിച്ചു.

രാഷ്ട്രീയഗോദയിലെ മത്സരത്തിന്റെ മറ്റൊരു പ്രത്യേകത, അതിനു സമയമ ക്രമം ഇല്ല എന്നതാണ്. എതിരാളി വീഴും വരെ കളി തുടരും. ഇനി രണ്ടേ അറിയേ ണ്ടൂ. രാജസ്ഥാനിലെ ഗോദയിൽ ആരു വീഴും? ആരു വാഴും? □

# വീഴ്ചകളുടെ ഡയറി സൂക്ഷിക്കേണ്ടതുണ്ടോ?




പ്രണയപാഠാവലി 50

ഡോ. ആന്റണി ജോസ്

**ര**ണ്ടിലൊരാളുടെ വഞ്ചനമൂലവും പ്രണയം വേരറ്റു പോ കുന്നു. കാല്പനികഘട്ടത്തിന്റെ പരിസമാപ്തിയിൽ വന്നു കൂടുന്ന ദുരന്തമാണിത്. ജീവിതത്തിലെ സുന്ദരമുഹൂർത്ത ങ്ങളെ മതിയാവോളം ആസ്വദിക്കുകയും യാഥാർത്ഥ്യത്തി ലേക്കു പ്രവേശിക്കുന്നതിനു തൊട്ടുമുമ്പ് വഴിമാറുകയും ചെയ്യുന്നു. ഇത്തരുണത്തിൽ കബളിപ്പിക്കപ്പെട്ട വ്യക്തി യുടെ സ്വത്വത്തിൽ പരിക്കുകളേൽക്കാതെ തരമില്ല.

അവിശ്വാസം, കുറ്റബോധം, പ്രതികാരബുദ്ധി, നിരാശ തുടങ്ങിയ ചിത്തക്ഷതങ്ങൾ രൂപപ്പെടുന്നു. ഇതെല്ലാം കുടുംബകലഹത്തിലേക്കുള്ള 'ക്ലിക്ക്' ബട്ടണുകളാണെ ന്നോർക്കണം,

പിൻമാറ്റത്തിനു പല കാരണങ്ങൾ ഇരുപക്ഷത്തും നിര ത്താം. ഒരുമിച്ചായിരുന്നു എന്നത് വിവാഹം ചെയ്തുകൊ ള്ളാമെന്നുള്ള വാഗ്ദാനമൊന്നുമല്ല. അങ്ങനെ ധരിച്ചാൽ അത് തന്റെ കുറ്റവുമല്ല - ചിലർ പറയും. വേറേ ചിലരാ



കട്ടെ സാമൂഹിക-സാമുദായിക-സാമ്പത്തിക പൊരുത്ത ക്കേടുകളാണ് തുടർജീവിതത്തിനു തടസ്സമായി കാണുക. അവരുടെ ഉപദേശം 'റിയലിസ്റ്റിക്' ആകണമെന്നായി രിക്കും. ഇനിയുള്ള നീചമായൊരു നടപടിയാണ് 'മുങ്ങൽ' ഇവിടെ ഒരാൾ എന്നേക്കുമായി തിരോധാനം ചെയ്യുന്നു. ഫോണില്ല. അഡ്രസ്സില്ല. ആശയവിനിമയത്തിന് ഒരു മാർഗ്ഗ വുമില്ല. സംസാരിച്ചു പിരിയാനുള്ള മൗലികാവ കാശംപോലും ഇരയ്ക്കു നഷ്ടമാകുന്നു.

ഇവിടെയെല്ലാം താത്കാലികമായ ചില ഉദ്ദേശ്യലക്ഷ്യ ങ്ങളാണ് വില്ലനെയോ വില്ലത്തിയെയോ സൃഷ്ടിക്കുന്ന ത്. സുരക്ഷിതത്വം നൽകാൻ പോന്ന കേവലം കൈയാ ളായി ഇരയായ പുരുഷൻ ഗണിക്കപ്പെട്ടിട്ടുണ്ടാകാം. സംഭോഗശൃംഗാരത്തിനുള്ള ഉപാധിയായി സ്ത്രീയും. രണ്ടു കൂട്ടർക്കും ഇരയാകാനാണു വിധി!

ചിത്തക്ഷതങ്ങൾ അർബുദംപോലെ, കബളിപ്പിക്കപ്പെട്ട വ്യക്തിയെ കാർന്നുതുടങ്ങുന്നു. ഇവിടെ കുടുംബം നര കമായി അധഃപതിക്കുകയായി.

രണ്ടാം ജീവിതക്കാരൻ (വഞ്ചിക്കപ്പെട്ട വ്യക്തി) നിർമ്മ ലമനസാക്ഷിയുള്ള പങ്കാളിയെ വിശ്വാസത്തിലെടുക്കാൻ കഴിയണമെന്നില്ല. ജോലിസ്ഥലത്തും യാത്രയിലും മറ്റു മായിരിക്കുന്ന പങ്കാളിയെച്ചൊല്ലി ആശങ്കപ്പെട്ടേക്കാം. ഒരു പക്ഷേ, സംശയരോഗത്തിന്റെ ആരംഭമായിരിക്കാമത്.

ക്ഷമിക്കാനാവാത്ത അവസ്ഥ പ്രതികാരചിന്ത ഉണ്ടാക്കു കൂടുന്നിടത്തുണ്ടാകുന്നു. പങ്കാളിയോടെന്നല്ല, മക്ക ളോടുപോലും കരുണയില്ലാതെ പെരുമാറാം. 'വീഴ്ചക ളുടെ ഡയറി' സൂക്ഷിക്കുകയും അവസരമൊത്തുവരു മ്പോൾ പുരാവൃത്തം നിരത്തി ഇണയെ ദ്രോഹിക്കുകയും ചെയ്യുന്നവർ അപൂർവ്വമല്ല.

പങ്കാളിക്കൊപ്പം, തുറക്കാത്ത ഉള്ളറകളുമായി ഒളിച്ചു ജീവിതം നയിക്കേണ്ടിവരുന്നത് മറ്റൊരു പരിണതിയാണ്. ഇത് കുറ്റബോധത്തിലേക്കുകൂടി നയിച്ചേക്കാം. ഇണ യുടെ നിഷ്കപടവും ആത്മാർത്ഥവുമായ സമീപനം കൂടി യാകുമ്പോൾ ചിതയാളിക്കത്താം.

വിരോധാഭാസത്തിന്റേതുപോലുള്ള ഒരു മേഖലകൂടി യുണ്ട്. ഇടയ്ക്കൊക്കെ സ്മരണകളുടെ ചിങ്ങക്കാറ്റ് വീശു ന്നു.... കാല്പനികതയുടെ ചിറ്റോളങ്ങൾ അലതല്ലുകയും ഗൃഹാതുരത്വം പീലിവിടർത്തുകയും ചെയ്യുന്നു. ഒരുതരം ഹർഷോന്മാദം. അതിന്റെ പരിണാമം ദുഃഖപര്യവസായി യാണെന്നറിയുമെങ്കിൽക്കൂടി! പ്രണയത്തിന്റെ ശിലാലിഖി തങ്ങൾ അങ്ങനെയാണല്ലോ.

ചിത്തക്ഷതങ്ങൾ കാട്ടുതീ കണക്കെയാണ്. സ്വയം നശിച്ച്, എല്ലാറ്റിനെയും ചാമ്പലാക്കുന്നതാണ് വാസന. അതുകൊണ്ട് വിവേകം വഴിവിളക്കാകണം. ഹാനികരമായ സംഗതി, എത്ര ആനന്ദപ്രദമാണെങ്കിലും വേണ്ട എന്നു വയ്ക്കാനുള്ള ആർജ്ജവമല്ലേ വിവേകം? □

# മാധ്യമങ്ങളിൽ നിറയുന്ന മാലിന്യം



ഫാ. റ്റോമി കാരംവേലി സി.എം.ഐ.



രാഷ്ട്രീയം മതത്തെ ഉപയോഗിക്കുന്നതുപോലെ മാധ്യമങ്ങളും മതത്തെ ഉപയോഗിക്കാൻ തുടങ്ങിയിരിക്കുന്നു. കടമകളെ മറന്ന് സ്വാധീനങ്ങളെ സ്വാർത്ഥവത്കരിക്കുന്നതും മാധ്യമങ്ങളുടെ പ്രവണതയായിരിക്കുന്നു. ഇത് സാമൂഹികപരമായ അന്തച്ഛിദ്രങ്ങൾക്കിടവരുത്തും. ജനാധിപത്യത്തിനു തുരങ്കം വയ്ക്കുന്ന തരത്തിലുള്ളതാണ് ഇന്നത്തെ മാധ്യമപ്രവർത്തനം. അസത്യത്തെ സത്യത്തിന്റെ ആടയാഭരണങ്ങൾ അണിയിച്ച് അവതരിപ്പിക്കുമ്പോൾ, സാധാരണക്കാരന്റെ സത്യമിഥ്യാബോധത്തെ വിലയ്ക്കെടുക്കുകയാണു ചെയ്യുന്നത്. ജനാധിപത്യത്തിന്റെ നാലു തൂണുകളായിട്ടാണ് നിയമനിർമാണം, നിയമനിർവഹണം, നീതിന്യായം, മാധ്യമങ്ങൾ എന്നിവയെ കണക്കാക്കുന്നത്. മാധ്യമങ്ങളുടെ പിന്നാമ്പുറ 'അസത്യങ്ങൾ' സമൂഹത്തിന് അപകടങ്ങൾ വരുത്തിവയ്ക്കുന്നു.

നന്മതിന്മകളുടെ ആത്മാംശങ്ങളെ പകർന്നുനൽകി കാലഘട്ടങ്ങളെ അടയാളപ്പെടുത്തുകയും നാളെയുടെ മേന്മകൾക്കായി പണിയെടുക്കുകയുമാണ് മാധ്യമധർമ്മം.

മാധ്യമധർമ്മത്തിനു വ്യക്തിമൂല്യങ്ങളുമായി ബന്ധമുണ്ട്. കലുഷിതമായതോ മൂല്യശോഷണം സംഭവിച്ചതോ ആയ

**വാർത്തകളുടെ നിജസ്ഥിതി വ്യവഹരിക്കപ്പെടാതെ ഊഹാപോഹങ്ങളിൽ നിന്നുകൊണ്ട് സംവാദങ്ങൾ സൃഷ്ടിക്കുമ്പോൾ സത്യം ഒരു കല്ലേറ് ദൂരത്തായിരിക്കും. മാധ്യമധർമ്മം കുറ്റമറ്റതാകുമ്പോഴാണ് വരുംതലമുറയും സമൂഹവും ഭദ്രമാകുക.**

കുടുംബസാഹചര്യത്തിൽനിന്നു വരുന്ന മാധ്യമ 'പണിക്കാരുടെ' വാർത്തകളിൽ കടന്നുകയറുന്ന അധാർമികത സമൂഹത്തിന്റെ മുഴുവൻ മൂല്യങ്ങളെ സ്വാധീനിക്കും. 'പത്രങ്ങൾ ഏതു പക്ഷത്ത്?' തെറ്റിന്റെ അഥവാ തെറ്റിദ്ധരിക്കപ്പെടലിന്റെ പക്ഷത്ത് എന്നു വേണം കരുതാൻ. അഴീക്കോടിന്റെ സംശയങ്ങൾക്കടിസ്ഥാനമുണ്ട്: "വർത്തമാനപത്രങ്ങളുടെ കൃത്യമിതെന്നും അകൃത്യമിതെന്നും ഗ്രഹിക്കുന്നതിനു നമ്മുടെ ഇടയിൽ പല ആളുകളും ഇതേവരെ പ്രാപ്തരായിട്ടില്ലെന്നു കാണാവുന്നതാണ്. ഈ പ്രാപ്തിക്കുറവാണ് 'മതേതരത്വസ്വഭാവമുള്ള' പത്രങ്ങൾ പോലും മതത്തെ കൂട്ടുപിടിക്കാൻ ശ്രമിക്കുന്നതും സാമ്പത്തികസ്ഥിതി ഊട്ടിയുറപ്പിക്കുന്നതും." ജനാധിപത്യസ്വഭാവത്തെ ത്വരിതപ്പെടുത്തുകയും അതിനെ കാത്തുസൂക്ഷിക്കാൻ രാജ്യത്തോടു ചേർന്നുനിൽക്കുകയുമാണ് പത്ര, ദൃശ്യ, നവമാധ്യമങ്ങളുടെ ധർമ്മം. എന്നാൽ, അതിനു വിരുദ്ധമായി ധാർമികതയ്ക്കു നിരക്കാത്തവിധം നീതിന്യായത്തിന്റെ വേഷംകെട്ടലാണ് നാം കണ്ടുവരുന്നത്. അന്തിച്ചർച്ചയിലെ വിധിന്യായത്തിൽ, അവതാരകന്റെ രാഷ്ട്രീയവും ചിന്തകളും ആഭിമുഖ്യങ്ങളും സാധാരണ ജനത്തിന്റെ മനോവ്യാപാരങ്ങളിൽ കയറിക്കൂടി അവരെ തങ്ങളുടേതാക്കി മാറ്റുന്നു. എന്നുമാത്രമല്ല, വികലമായ ചിന്താരീതികൾക്ക് ഇത്തരം ചർച്ചകളും സംവാദങ്ങളും അഭിപ്രായങ്ങളും തുടക്കമിടുന്നു. സംഭവങ്ങളെ / വാർത്തകളെ പൊടിപ്പും തൊങ്ങലുംവച്ച് കഥകളാക്കി മനുഷ്യന്റെ വൈകാരികതൃഷ്ണയെ ഉദ്ദീപിപ്പിക്കുന്ന തരത്തിൽ ആകാംക്ഷാഭരിതമായി അവതരിപ്പിക്കുന്നത് 'കളക്ഷൻ' മാത്രം ആഗ്രഹിക്കുന്ന മൂന്നാംകിടസിനിമകൾപോലെ മാധ്യമങ്ങളെ തരംതാഴ്ത്തിക്കളയുന്നു.

വാർത്തകൾ മനുഷ്യനുവേണ്ടിയാണ്, മനുഷ്യനാണ് അതിന്റെ ഉപജ്ഞാതാവും. അവിടെ മനുഷ്യനുതന്നെ സ്ഥാനമില്ലാതാകുമ്പോൾ വാർത്തകൾ വാർത്തകളല്ലാതാകുന്നു. അവിടെ മാധ്യമപ്രവർത്തനത്തിന് എന്തു സ്ഥാനം? മനുഷ്യക്കുഞ്ഞുങ്ങളെ ചിന്തിക്കാനും ചിരിക്കാനും കഴിവുള്ള മൃഗത്തിന്റെ കുഞ്ഞുങ്ങളായിട്ടെങ്കിലും കാണുന്നവനെമാത്രമേ മനുഷ്യമൃഗമെന്നു വിളിക്കാനാകൂ. അല്ലെങ്കിൽ അവയ്ക്കുപോലും നാണക്കേടാകും. അന്തിച്ചർച്ചകൾ മൃഗങ്ങൾക്കുവേണ്ടി മൃഗങ്ങൾ നടത്തുന്ന വിധിന്യായങ്ങളാകരുത്. വ്യക്തവും ശക്തവുമായ നിലപാടുകളോടുകൂടി, സംഭവങ്ങളെ പുനരവതരിപ്പിക്കുന്നതാകണം. വാർത്തകളുടെ നിജസ്ഥിതി വ്യവഹരിക്കപ്പെടാതെ ഊഹാപോഹങ്ങളിൽ നിന്നുകൊണ്ട് സംവാദങ്ങൾ സൃഷ്ടിക്കുമ്പോൾ സത്യം ഒരു കല്ലേറ് ദൂരത്തായിരിക്കും. മാധ്യമധർമ്മം കുറ്റമറ്റതാകുമ്പോഴാണ് വരുംതലമുറയും സമൂഹവും ഭദ്രമാകുക. ജനങ്ങൾക്കറിവുണ്ടാക്കിക്കൊടുക്കുകയാണ് പത്രങ്ങളുടെ പ്രധാന ചുമതലയെന്നും ആ ചുമതല യഥാവിധി നിർവഹിക്കുന്നില്ലെങ്കിൽ പത്രപ്രവർത്തനത്തിന് അർത്ഥമില്ലെന്നും സ്വദേശാഭിമാനി രാമകൃഷ്ണപിള്ള പറഞ്ഞുവയ്ക്കുന്നതു കൃതകൃത്യതയോടെയാണ്.

വളരെ അപകടകരമായ മറ്റൊരു പ്രവണതകൂടി നാം ശ്രദ്ധിക്കേണ്ടതുണ്ട്. സംഘടിതമതശക്തികളുടെ തീവ്രവാദസ്വഭവത്തെ പത്രം / മാധ്യമങ്ങൾ ഭയക്കുന്നു. വാർത്താശേഖരണം, അതിന്റെ അവതരണം എന്നിവയിലുള്ള സൂക്ഷ്മത ഈ സ്വഭാവത്തെ കുറിക്കുന്നു. എന്നാൽ, ഇതേ തൂലികതന്നെയാണ് തീവ്രവാദസ്വഭാവമില്ലാത്ത മതന്യൂനപക്ഷസമൂഹങ്ങളെ കടന്നാക്രമിക്കുന്നതിനു മാധ്യമങ്ങൾ ഉപയോഗിക്കുന്നത്. അടുത്തകാലത്ത്, പാരലൽ കോളജിൽ പഠിച്ച ഒരു വിദ്യാർത്ഥിനി, പരീക്ഷ എഴുതാൻ പ്രശസ്തമായ ഒരു കോളജിൽ എത്തി. കലാലയത്തിന്റെ ചിട്ടകളും നിയമങ്ങളും ഭംഗിയായും വിശുദ്ധമായും ഉത്തരവാദിത്വത്തോടെയും പാലിച്ച ആ കോളജിലെ അധ്യാപർ തങ്ങളുടെ കടമ നിർവഹിച്ചു. കുട്ടിയുടെ പക്കൽനിന്ന് കോപ്പി പിടിച്ചു. ആവർത്തിക്കരുതെന്നുപദേശിക്കുന്നതിനൊപ്പം സാമൂഹികപ്രതിബദ്ധതയെക്കരുതി ആ ദിവസത്തെ പരീക്ഷ എഴുതേണ്ട എന്നും ആവശ്യപ്പെട്ടു. മാനുഷികതയെയും കുട്ടിയുടെ ഭാവിയെയും കരുതി തുടർന്നുള്ള പരീക്ഷകൾ എഴുതിക്കൊള്ളാൻ പറയുകയും ചെയ്തു. എന്നിട്ടും ആ കുട്ടി ആത്മഹത്യ ചെയ്യുകയാണുണ്ടായത്. പ്രസ്തുത കോളജ്, നിയമപരമായും മനുഷ്യത്വപരമായും ഇതു കൈകാര്യം ചെയ്തുവെന്ന് അന്വേഷണത്തിൽ വ്യക്തമാണ്. എന്നിരുന്നാലും ഈ സ്ഥാപനം ഒരു പ്രത്യേക മതവിഭാഗത്തിന്റേതായതുകൊണ്ട് എതിരാളികൾക്ക് വീറും വാശിയുമായി. ഇതിനു പിന്തുണയുമായി, മോഹഭംഗംവന്ന ചില മതദ്വേഷികളും രംഗത്തുവന്നു. ഇതിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടത് ഇതൊന്നുമല്ല, ഒരു പത്രം കുട്ടിയുടെ ആത്മഹത്യയെക്കുറിച്ചു നാലു ദിനങ്ങളിലായി റിപ്പോർട്ട് അവതരിപ്പിച്ചുകൊണ്ടിരുന്നു. സ്വസമുദായത്തിന്റെ വികാരങ്ങൾ കെട്ടടങ്ങാതെ അതിനെ കത്തിച്ചുനിറുത്താൻ കാട്ടിയ വ്യഗ്രത കുട്ടിയോടോ അവരുടെ കുടുംബത്തോടോ ഉള്ള സ്നേഹംകൊണ്ടാണെന്നു എന്നു പറയാനാകുമോ?

ആ നാളുകളിൽത്തന്നെയാണ് ഒരു വിദേശവനിതയുടെ ആത്മഹത്യ നടന്നത്. അതു നടന്നത് ഒരു പ്രത്യേകമതവിഭാഗത്തിന്റെ മഠത്തിലാണ്. അതിനെ സംബന്ധിച്ച് പ്രസ്തുത പത്രം ഒരു ചെറിയ വാർത്തപോലും റിപ്പോർട്ട് ചെയ്തിരുന്നില്ല. പണവും ഗുണ്ടായിസവും ഉള്ളതുകൊണ്ടാണോ എന്നറിയില്ല മറ്റു പല പത്രങ്ങളും ഈ വാർത്തകൾക്കെതിരേ കണ്ണടച്ചു. ഒരുപക്ഷേ, ആ വാർത്ത റിപ്പോർട്ട് ചെയ്യാൻ പറ്റിയ 'പണിക്കാർ' അവർക്കുണ്ടായിരുന്നില്ല എന്നുവേണം കരുതാൻ.

ആ ദിനങ്ങളിൽത്തന്നെയാണ് മലബാറിലെ ഒരു അനാഥമന്ദിരത്തിലെ നാലു പെൺകുട്ടികളെ ദുരുപയോഗിച്ചയാളുടെ അറസ്റ്റു രേഖപ്പെടുത്തിയത്. മുഖ്യധാരാപത്രങ്ങളും ചാനലുകളും ആ വാർത്തയെ തമസ്കരിക്കുകയാണുണ്ടായത്. മൈക്രോഫിനാൻസുതട്ടിപ്പുമായി ബന്ധപ്പെട്ട് ആരോപണവിധേയനായ ഒരു വ്യക്തി ആത്മഹത്യചെയ്തപ്പോഴും പത്രപ്പണിക്കാർ ഒരു ദിനംപോലും റിപ്പോർട്ട് തയ്യാറാക്കിക്കണ്ടില്ല.

നമ്മുടെ സമൂഹത്തെ മത, ജാതി, വർണ്ണ വ്യത്യാസത്തിന്റെ അടിസ്ഥാനത്തിൽ ഛിന്നഭിന്നമാക്കാൻ മാധ്യമങ്ങൾ ശ്രമിച്ചാൽ അതുണ്ടാക്കുന്ന ഭവിഷ്യത്തിനെ നേരിടാൻ ഈ ജനാധിപത്യരാജ്യത്തിനു വളരെ വിയർക്കേണ്ടിവരും. ■

# യേശുവിൽ ഞാൻ വിശ്വസിക്കുന്നു

## വിരമിക്കൽ ചടങ്ങിൽ സുപ്രീംകോടതി ജസ്റ്റീസ് ഭാനുമതി



ന്യൂഡൽഹി: യേശുക്രിസ്തുവിലുള്ള തന്റെ ആഴമായ വിശ്വാസം പരസ്യമായി തുറന്നുപറഞ്ഞ് സുപ്രീം കോടതി ജസ്റ്റീസ് ഭാനുമതിയുടെ വിരമിക്കൽ ചടങ്ങിലെ പ്രസംഗം. ഇന്ത്യൻ പരമോന്നത കോടതിയിലെ ആറാമത്തെ വനിതാ ജസ്റ്റീസും തമിഴ്നാട്ടിൽനിന്ന് സുപ്രീം കോടതി ജസ്റ്റീസാകുന്ന ആദ്യത്തെ വനിതയുമായ ആർ. ഭാനുമതി യാത്രയയപ്പുയോഗത്തിലാണ് യേശുവിലുള്ള തന്റെ വിശ്വാസം പരസ്യമായി പ്രഖ്യാപിച്ചത്. താൻ ഒരു ഹിന്ദുവാണെങ്കിലും യേശുവിന്റെ സുവിശേഷത്തിൽ വിശ്വസിക്കുന്നുവെന്ന് ജസ്റ്റീസ് ഭാനുമതി പറഞ്ഞു.

ജസ്റ്റീസ് ഭാനുമതി യേശുവിലുള്ള വിശ്വാസം പരസ്യമാക്കിയ വാക്കുകൾ ഇങ്ങനെ: "ഞാൻ ഒരു ഹിന്ദുവാണെങ്കിലും യേശുവിന്റെ സുവിശേഷത്തിൽ ഞാൻ വിശ്വസിക്കുന്നു. ക്രിസ്തുവിന്റെ കൃപയാൽ, ഞാൻ വിദ്യാഭ്യാസം നേടി ജീവിതത്തിൽ വളർന്നു. 1988 ൽ മുപ്പത്തിമൂന്നാം വയസ്സിൽ ഞാൻ തമിഴ്നാട്ടിലെ ഉന്നത ജുഡീഷ്യൽ സേവനങ്ങളിൽ പ്രവേശിക്കുകയും മൂന്നു പതിറ്റാണ്ടിലേറെ സേവനമനുഷ്ഠിക്കുകയും ചെയ്തു. എന്റെ നീതിന്യായ സേവനത്തിനിടയിൽ, തടസ്സങ്ങളുടെ പർവതനിര തന്നെയുണ്ടായിരുന്നു. എന്നിട്ടും എന്റെ ജീവിതത്തിൽ യേശുക്രിസ്തു എനിക്കായി നിശ്ചയിച്ചിട്ടുള്ളത് തടയാൻ ഒരു മനുഷ്യകരത്തിനും കഴിഞ്ഞില്ല.

1988 ലാണ് ജസ്റ്റീസ് ഭാനുമതി തമിഴ്നാട്ടിൽ ജില്ലാ ജഡ്ജിയായി നിയമിതയായത്. 2003-ൽ മദ്രാസ് ഹൈക്കോടതി ജഡ്ജിയായി. 2013-ൽ ജാർഖണ്ഡ് ഹൈക്കോടതി ജഡ്ജിയായി നിയമിതയായി. 2014 ഓഗസ്റ്റിലാണ് സുപ്രീം കോടതി ജഡ്ജിയായി ഉയർത്തപ്പെട്ടത്.

മതാചാരങ്ങൾ ജുഡീഷ്യൽ പരിശോധനയ്ക്കു വിധേയമാക്കാൻ കഴിയുമോ എന്നതുൾപ്പെടെയുള്ള സുപ്രധാനവിഷയങ്ങൾ പരിഗണിക്കുന്ന സുപ്രീം കോടതിയുടെ ഒൻപതംഗബെഞ്ചിലെ ഏക വനിത അംഗം കൂടിയായിരുന്നു ജസ്റ്റീസ് ആർ ഭാനുമതി.

Deepanalam Weekly
RNI No : 16998/68
Vol. 53 No. 13 Date of Publication 23 July 2020
Annual Subscription Rate ₹ 300 (For Abroad ₹ 3000)
Registered No. KL/KTM/12/2018-2020
License No.KL/CR/KTM/WPP-04/2018-2020
Licensed to post without pre-payment


# MAR AUGUSTHINOSE COLLEGE RAMAPURAM

**RAMAPURAM BAZAR P.O. Kottayam Dist. - 686576 Ph: 04822 261440, 8281257911**

*Estd: 1995 : Affiliated to M.G. University, Kottayam*




## programmes

1. BBA (2 Batches)
2. BCA (2 Batches)
3. B.Sc. Electronics
4. B.Sc. Biotechnology
5. B.Com Model-I (Co-operation 2 Batches)
6. B.Com Model -I (Finance & Taxation)
7. B.A. English Literature & Communication Studies (Model - III, Double Main)
8. M.Sc Computer Science
9. M.Sc Electronics
10. M.Sc. Biotechnology
11. MSW (Medical & Psychiatry&Community Development)
12. MHRM
13. M.Com Finance
14. M.A. English

*80 University Ranks in 25 years | 317 Campus placements in 2020*

**Separate Hostel facilities for Men & Women**

*website: www.mac.edu.in Email: principalmacrpm@gmail.com*

എല്ലാവിധ ആയുർവ്വേദഔഷധങ്ങൾക്കും ചികിത്സയ്ക്കും

# കുറിച്ചിത്താനം ആയുർവ്വേദ വൈദ്യശാല

**കുരിശുപള്ളിക്കവല, പാലാ Ph: 04822-211679, 944757165O**

**വെരിക്കോസ് വെയിൻ, വെരിക്കോസ് അൾസർ എന്നിവയ്ക്ക് ചികിത്സ ലഭ്യമാണ്**

Dr. K. ദേവരാജൻ D.A.M. എല്ലാ ശനിയാഴ്ചയും 11.00 am to 4.45 pm വരെ രോഗികളെ പരിശോധിക്കുന്നു

**ധന്വന്തരി വൈദ്യശാല (തൊടുപുഴ)യുടെ പാലായിലെ അംഗീകൃതഏജൻസി**

# കൊറ്റത്തിൽ ആയുർവ്വേദ ഹോസ്പിറ്റൽ

**അയർക്കുന്നം, കോട്ടയം**

Phone: 0481-2545588, 9447054461
E-mail : mail@kottathilayurveda.com
Website: www.kottathilayurveda.com



മസ്തിഷ്കരോഗങ്ങൾ · നട്ടെല്ല് രോഗങ്ങൾ · അസ്ഥിരോഗങ്ങൾ · സന്ധിരോഗങ്ങൾ · ശിശുരോഗങ്ങൾ

സ്ത്രീരോഗങ്ങൾ (ആനോ-റെക്റ്റൽ രോഗങ്ങൾ) · ത്വക്‌രോഗങ്ങൾ · വാർദ്ധക്യരോഗങ്ങൾ

വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.

# S.J. ആയുർവേദ ഫാർമസി



പുതിയ കാവ് ടെമ്പിൾ റോഡ്
ചെത്തിമറ്റം - പാലാ
ബ്രാഞ്ചുകൾ: കോട്ടയം & ആലപ്പുഴ

## മദ്യപാനരോഗചികിത്സ ആയുർവേദത്തിലൂടെ...

നിരാശയിലാണ്ടുപോയ ആയിരക്കണക്കിനു കുടുംബങ്ങളെ സ്വസ്ഥതയിലേക്കു തിരിച്ചുകൊണ്ടുവരാൻ കഴിഞ്ഞ ദിവ്യൗഷധം

**Please Contact:**
**Dr. K.V. Joseph DAM**
**Mob: 9447421216, 04822-214167**


Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
. Ph: 04822-212842 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.com